പുസ്തകം 78
ലക്കം 10
ഒക്ടോബർ 2006
ഇഖാഅ് 1385
റമദാൻ - ശവ്വാൽ 1427



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 5520733
ഫാക്സ് : **0495 - 2721609**
e-mail: sathyadoothan@ahmadiyya.com


**സ്ഥാപിതം**
**1925**

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**


4 *യുഗശബ്ദം*

5 *മുഖക്കുറിപ്പ്*

**ലേഖനം**

6 *കലിമ: ഖുർആന്റെ സംക്ഷേപം*
ഹദ്റത്ത് അഹ്മദ് *(അ)*

7 *പോപ്പിന്റെ ഇസ് ലാം വിമർശനത്തിലെ അനൗചിത്യങ്ങൾ*
ഖലീഫത്തുൽ മസീഹ് V

10 *വ്രതാനുഷ്ഠാനം*
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

12 *അവികലമായ സൃഷ്ടിപ്പും ദൈവത്തിന്റെ പരിശുദ്ധിയും*
മഹ്മുദ് കൽക്കുളം

15 *ഗൾഫ് യുദ്ധത്തിന്റെ നിദാനം*
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

19 *പോപ്പ് ബെനഡിക്റ്റിന്റെ ആരോപണം*
ആരിഫ് മുഹമ്മദ് ബി.യം.

21 *ജിഹാദും ഖിതാലും - ഒരു വിശകലനം*
മുഹമ്മദ് ഉമർ എച്ച്.എ.

24 *ബൈബിൾ ഇസ്രായേലീ ചരിത്രത്തെ വഴിതെറ്റിക്കുന്നു*
ഏ. എം. മുഹമ്മദ് സലിം

28 *സൂറ: ഫാത്തിഹായും പ്രവാചകാവതാരവും*
ഏ.പി. കുഞ്ഞാമു

31 *പോപ്പും ഇസ്‌ലാം സംവാദവും*
ഹസൻ സുറൂർ

**കവിത**

23 *തിരുനബി മുഹമ്മദ് മുസ്തഫാ*
ബശീർ അഹ്മദ് സിദ്ധീഖ്, മൊഗ്രാൽ

**കുറിപ്പുകൾ**

34 *മാപ്പ് നയതന്ത്രമല്ല, നിർവ്യാജമായ പശ്ചാത്താപമാണ്*

*അനുസ്മരണം, വാർത്തകൾ.*


*മുഖചിത്രം :* **സുൽത്താൻ അഹ്മദ് മോസ്ക്** (17-ാം നൂറ്റാണ്ടിൽ പണികഴിപ്പിച്ചത്.)
**ഇസ്തംബൂൾ, തുർക്കി**


Printed & Published by A. P. Kunhamoo, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

'അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമായ പശ്ചാതാപം അജ്ഞത നിമിത്തം തിന്മ ചെയ്യുകയും എന്നിട്ട് താമസിയാതെ പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നവരുടേത് മാത്രമാണ്. അല്ലാഹു അക്കൂട്ടരുടെ മേൽ കാരുണ്യത്തോടെ തിരിയുന്നതാണ്. അല്ലാഹു സർവ്വജ്ഞനുമാകുന്നു." (4:15)

## നബിവചനം


മുആദുബ്നു അനസിന്റെ (റ) നിവേദനം: ഗുണങ്ങളിൽ വെച്ച് ഉൽകൃഷ്ടമായവ, നീയുമായി ബന്ധം വിച്ഛേദിക്കുന്നവരോടു നീ ബന്ധം സ്ഥാപിക്കുക, നിന്നോടു പിശുക്കു കാണിക്കുന്നവനോട് നീ ഔദാര്യം കാണിക്കുക, നിന്നെ ശകാരിക്കുന്നവർക്ക് നീ മാപ്പു കൊടുക്കുക എന്നിവയാണ്.

(മുസ്നദ് അഹ്മദ്)

**യുഗശബ്ദം**

# പശ്ചാത്താപം

**വാഗ്ദത്ത മസീഹ്**



പശ്ചാത്താപം, അതായത് ജീവജലം വലിച്ചെടുക്കുന്നതിന് വേണ്ടി എളിമയോടെ ദൈവത്തിലേക്ക് മടങ്ങുകയും അവനിലേക്ക് സ്വയം അടുപ്പിക്കുകയും പാപകർമ്മങ്ങളെ പൊതിയുന്ന കെട്ടുപാടുകളിൽ നിന്ന് സൽകൃത്യങ്ങൾ വഴി സ്വയം പുറത്തുവരികയും ചെയ്ക. വെറും വാക്കുകളിൽ എന്തെങ്കിലും ഉരുവിട്ടത് കൊണ്ട് മാത്രം പശ്ചാത്താപം അഥവാ തൗബയാകുന്നില്ല. സൽക്കർമ്മങ്ങളുടെ സഹായത്താൽ മാത്രമേ അത് പൂർണമാകുകയുള്ളൂ. എല്ലാതരം നന്മകളും സൽക്കർമ്മങ്ങളും 'തൗബ' അഥവാ പശ്ചാത്താപത്തിന്റെ പൂർണത ലക്ഷ്യമാക്കിയിട്ടുള്ളതാകുന്നു.

(സിറാജുദ്ദീൻ ഈസായി
കെ ചാർ സവാലോം കാ ജവാബ്)

മുഖക്കുറിപ്പ്

# ക്രിസ്തുമതത്തോടുള്ള ഇസ്‌ലാമിന്റെ സമീപനം

വിശുദ്ധ ഖുർആന്റെ സംബോധനയും ആഹ്വാനവും മനുഷ്യവംശത്തോടാണ്. ഖുർആൻ പറയുന്നു: *“നിശ്ചയമായും നിങ്ങളുടെ ഈ സമുദായം ഒരേയൊരു സമുദായമാകുന്നു. ഞാൻ നിങ്ങളുടെ നാഥനാകുന്നു. അതിനാൽ നിങ്ങൾ എന്നെ മാത്രം രക്ഷാ കേന്ദ്രമാക്കുവിൻ” (23:53). ഖുർആൻ വീണ്ടും പറയുന്നു: “അല്ലയോ ജനങ്ങളേ, ഈ ദൈവദൂതൻ നിങ്ങളുടെ നാഥനിൽ നിന്നുള്ള സത്യവുമായി നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ വിശ്വസിക്കുക; അത് നിങ്ങൾക്ക് ഗുണകരമായിരിക്കും” (4:171)*

മനുഷ്യസമൂഹത്തിന്റെ വലിയൊരു ഭാഗമായിക്കഴിഞ്ഞ ക്രിസ്ത്യാനികൾ ദൈവപുത്രനായി കരുതുന്ന ഹദ്റത്ത് ഈസാനബി(അ)യെ ആദരണീയനും ദൈവസാമീപ്യം സിദ്ധിച്ചവരിൽപ്പെട്ടവനുമാണെന്നും (3:46) *‘അല്ലാഹുവിന്റെ വചനമെന്നും’ ‘അല്ലാഹുവിൽ നിന്നുള്ള കാരുണ്യമെന്നും’ (4:172) ഖുർആൻ വിശേഷിപ്പിക്കുന്നു. ക്രിസ്ത്യാനികളുടെ സദ്ഗുണങ്ങളെ ഖുർആൻ വാഴ്ത്തുന്നത് കാണുക. “സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സ്നേഹമുള്ളവരായി ‘ഞങ്ങൾ ക്രിസ്ത്യാനികളാണ്’ എന്നു പറഞ്ഞവരെയും നീ കണ്ടെത്തുന്നതാണ്. അതിനുകാരണം അവരിൽ പണ്ഡിതന്മാരും പുരോഹിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹങ്കരിക്കുന്നില്ലായെന്നതുമാണ്. ഈ ദൈവദൂതന് അവതീർണ്ണമായത് (ഖുർആൻ) അവർ കേൾക്കുമ്പോൾ അവർ സത്യം ഗ്രഹിച്ച കാരണത്താൽ അവരുടെ നയനങ്ങൾ കണ്ണീർ പൊഴിക്കുന്നതായി നിനക്ക് കാണാം.” (5:83,84)*

ക്രിസ്തീയ വിശ്വാസങ്ങളിലെ പിഴവുകളെയും ഖുർആൻ ചൂണ്ടിക്കാട്ടുന്നു. “അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നുവെന്നവർ പറയുന്നു. എന്നാൽ അവനെത്രയും പരിശുദ്ധനാണ്” (2:117). അല്ലാഹു മൂന്നാമനാണ് എന്ന് പറയുന്നവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. *“വാസ്തവത്തിൽ അദ്ദേഹത്തെ (യേശുവിനെ) അവർ വധിച്ചിട്ടില്ല, ക്രൂശിച്ചു കൊന്നിട്ടുമില്ല” (4:158). ക്രിസ്ത്യാനികളിൽ തെറ്റായ സിദ്ധാന്തങ്ങൾ വെച്ചുപുലർത്തുന്നവരെപ്പറ്റി ഖുർആൻ പറയുന്നു: “അവരുടെ വായകളിൽ നിന്ന് പുറപ്പെടുന്ന വാക്ക് ഗുരുതരമായതാണ്. വ്യാജമല്ലാതെ അവർ പറയുന്നില്ല.” (18:6)*

അഹ്‌ലുകിത്താബ് (ഗ്രന്ഥാനുസാരികൾ) എന്ന നിലക്ക് ക്രിസ്ത്യാനികളോട് ഇസ്‌ലാമിനുള്ള സ്നേഹാഭിമുഖ്യവും അനുരക്തിയും അദ്വിതീയവും അന്യാദൃശവുമാണ്. ക്രിസ്തുമതത്തിന്റെ ദൈവശാസ്ത്രത്തിലും ക്രിസ്തുവിന്റെ ജീവിതത്തെ സംബന്ധിച്ചും ഖുർആൻ ചൂണ്ടിക്കാട്ടിയ പിഴവുകളെക്കുറിച്ച് ക്രിസ്ത്യാനികൾ ആത്മാർത്ഥമായി ചിന്തിക്കുകയും സൂക്ഷ്മമായ ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്യേണ്ടതുണ്ട്. ആദം മുതൽക്കുള്ള എല്ലാ പ്രവാചകന്മാരെയും അറിയാനും അവരെ വിശ്വസിക്കാനും ആദരിക്കാനും അതുമുഖേന മാനവസമൂഹം ഐക്യപ്പെടാനുമുള്ള ഖുർആന്റെ അദമ്യമായ ആഗ്രഹം എത്ര ഉദാത്തമാണ്!

വാസ്തവത്തിൽ, യേശുവിന്റെ ദൈവപ്രേഷിത പ്രവർത്തനങ്ങളുടെ പൂർത്തീകരണമാണ് ഇസ്‌ലാം. ഈ വസ്തുത അവരെ അറിയിക്കാനും ക്രിസ്ത്യാനികൾ സത്യമാർഗ്ഗത്തിൽ ആയിത്തീരാനും കാരുണ്യമൂർത്തിയായ മുഹമ്മദ് നബി(സ) പ്രകടിപ്പിച്ച അത്യുൽക്കടമായ ആഗ്രഹത്തെപ്പറ്റി ഖുർആൻ പറഞ്ഞത് ക്രിസ്ത്യാനികൾ ശ്രദ്ധിച്ചിരുന്നുവെങ്കിൽ. *“അവർ (ക്രിസ്ത്യാനികൾ) ഈ സന്ദേശത്തിൽ വിശ്വസിക്കാത്ത പക്ഷം അവർ ഹേതുവായി ദുഃഖം നിമിത്തം നിന്റെ ജീവനെ നീ നശിപ്പിച്ചേക്കുമോ?’ (18;7)* ●

# കലിമ ഖുർആന്റെ സംക്ഷേപം

## ഹദ്റത്ത് അഹ്മദ് (അ)

നമ്മൾ മുസ്‌ലിംകളാണെന്ന് പറയപ്പെടുകയും ലാഇലാഹ ഇല്ലല്ലായിൽ വിശ്വസിക്കുകയും ചെയ്യുന്നു എന്നതിൽമാത്രം സന്തോഷിക്കരുതെന്ന് ഞാൻ പലപ്രാവശ്യം വെളിപ്പെടുത്തിക്കഴിഞ്ഞിട്ടുള്ളതാണ്. അല്ലാഹുതആല വാക്കുകളിൽ മാത്രം തൃപ്തനാകുകയില്ലെന്ന കാര്യം വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നവർക്ക് നല്ലവണ്ണം അറിയാം. വിശുദ്ധ ഖുർആനിൽ യഹൂദികളുടെ സംഭവകഥകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യം അവരുടെമേൽ അല്ലാഹുവിന്റെ വലിയ വലിയ അനുഗ്രഹങ്ങളായിരുന്നു. എന്നാൽ അവരുടെ കാര്യങ്ങൾ വെറും വാക്കുകളിൽ ചുരുങ്ങുകയും അവരുടെ ഹൃദയം ചതിയും വിശ്വാസവഞ്ചനയും ദുഷ്ചിന്തകളുംകൊണ്ട് നിറയുകയും ചെ യ്ത കാലം വന്നപ്പോൾ അല്ലാഹുതആല പലതരത്തിലുള്ള ശിക്ഷയും അവരുടെമേൽ വരുത്തി. എത്രത്തോളമെന്നാൽ, അവരിൽ ചിലർ കുരങ്ങുകളെന്നും പന്നികളെന്നും എഴുതപ്പെട്ടു. വാസ്തവത്തിൽ അവരുടെ പക്കൽ തൗറാത്തും സബൂറും ഉണ്ടായിരുന്നു. അവർ അതിൽ തങ്ങളുടെ വിശ്വാസം പ്രകടിപ്പിക്കുകയും എല്ലാ നബിമാരേയും വിശ്വസിക്കുകയും ചെയ്തിരുന്നു. പക്ഷേ, അല്ലാഹു അവരെ ഇഷ്ടപ്പെട്ടില്ല. കാരണം അവരുടെ കാര്യങ്ങൾ നാവിൻ തുമ്പിൽ മാത്രമായിരുന്നു. അവരുടെ ഹൃദയങ്ങളിൽ അതുണ്ടായിരുന്നില്ല.

കലിമയുടെ അർത്ഥത്തിലേക്ക് ചിന്തിക്കുക. ലാഇലാഹ ഇല്ലല്ലാഹ് എന്ന് മനുഷ്യൻ നാവുകൊണ്ട് ഏറ്റു പറയുന്നു. എന്റെ ആരാധ്യൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്ന് ഹൃദയം കൊണ്ട് സാക്ഷ്യപ്പെടുത്തുന്നു. ഇലാഹ് ഒരറബി പദമാണ്. അതിന്നർത്ഥം ആരാധിക്കപ്പെടേണ്ടവൻ, പ്രിയപ്പെട്ടവൻ, സാക്ഷാൽ ലക്ഷ്യം എന്നൊക്കെയാണ്. മുസ്‌ലിംകൾക്ക് പഠിപ്പിക്കപ്പെട്ട ഈ കലിമ അഥവാ അടിസ്ഥാനവചനം വിശുദ്ധഖുർആന്റെ സംക്ഷേപമാണ്. സുദീർഘമായ മിക്ക ഗ്രന്ഥങ്ങളും ഓർമ്മിക്കുക എന്നത് ഓരോരുത്തർക്കും ബുദ്ധിമുട്ടാണ്. അല്ലാഹു യുക്തിയുക്തം പ്രവർത്തിക്കുന്നവനാണ്. അവൻ ഈ ഹ്രസ്വവാക്യം കേൾപ്പിച്ചുതന്നു. ഇതിന്റെ അർത്ഥമിതാണ്, അല്ലാഹുവിനെ മുന്തിക്കാത്തിടത്തോളം കാലം അല്ലാഹുവിനെ ആരാധ്യനാക്കാത്തിടത്തോളം കാലം അല്ലാഹുവിനെ യഥാർത്ഥ ലക്ഷ്യമാക്കാത്തിടത്തോളം കാലം മനുഷ്യന് മോക്ഷം ലഭിക്കുക സാധ്യമല്ല. വിശുദ്ധഹദീസിൽ വന്നിരിക്കുന്നു, മൻഖാല ലാഇലാഹ ഇല്ലല്ലാഹു ഫ ദഖലൽ ജന്നത്ത. ആരാണോ ലാഇലാഹഇല്ലല്ലാഹ് പറഞ്ഞത് അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു എന്ന്. ഈ ഹദീസിന്റെ പൊരുൾ മനസ്സിലാക്കുന്നതിൽ ജനങ്ങൾക്ക് ചതി പറ്റിയിരിക്കുന്നു. ഈ വാക്യം പറഞ്ഞാൽ മാത്രം മതി, സ്വർഗ്ഗത്തിൽ പോകാം എന്നാണ് അവർ കരുതിയിരിക്കുന്നത്. അല്ലാഹു വാക്കുകളുമായി ബന്ധം വയ്ക്കുന്നില്ല. അവന്റെ ബന്ധം ഹൃദയങ്ങളുമായിട്ടാണ്. ഇതിന്റെ ഉദ്ദേശ്യം, ആരാണോ യഥാർത്ഥത്തിൽ കലിമയുടെ പൊരുൾ തന്റെ ഹൃദയത്തിൽ പ്രവേശിപ്പിക്കുന്നത്, അല്ലാഹുവിന്റെ മഹത്വം പൂർണ്ണമായ നിലയിൽ തന്റെ ഹൃദയത്തിൽ പ്രവേശിപ്പിക്കുന്നത്, അല്ലാഹുവിന്റെ മഹത്വം പൂർണ്ണമായ നിലയിൽ തന്റെ ഹൃദയത്തിൽ കുടിയിരുത്തുന്നത് അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നു എന്നതാണ്. സത്യസന്ധമായ നിലയിൽ ഒരാൾ കലിമയിൽ വിശ്വസിക്കുമ്പോൾ അല്ലാഹുവല്ലാതെ മറ്റാരും അവന് പ്രിയങ്കരമായിരിക്കുകയില്ല. അല്ലാഹുവല്ലാതെ മറ്റാരും അവന് ആരാധ്യനായിട്ടും ഉണ്ടായിരിക്കുകയില്ല. അല്ലാഹു അല്ലാതെ മറ്റൊന്നും അവന്റെ ലക്ഷ്യവുമായിരിക്കുകയില്ല. ആ സ്ഥാനം അബ്ദാലിന്റെ സ്ഥാനമാണ്. അത് ഖുത്ബിന്റെ സ്ഥാനമാണ്. അത് ഗൗസിന്റെ സ്ഥാനമാണ്. അത് ലാഇലാഹ ഇല്ലല്ലാഹ് എന്ന കലിമയിൽ ഹൃദയാത്മനായുള്ള വിശ്വാസമാണ്.

ഈ വിശുദ്ധകലിമ ഏക അല്ലാഹുവിനെക്കൂടാതെയുള്ള എല്ലാ ദൈവങ്ങളേയും നിരാകരിക്കുന്നു. ശരീരേച്ഛപരവും ഭൗതികപരവുമായ എല്ലാ ദൈവങ്ങളേയും വെളിയിലാക്കി സ്വന്തം ഹൃദയത്തെ ഏക അല്ലാഹുവിനുവേണ്ടി പരിശുദ്ധവും പവിത്രവുമാക്കേണ്ടതാണ്. ചില ബിംബങ്ങൾ പ്രകടമാണ്. ചിലത് വളരെ സൂക്ഷ്മമാണ്. ഉദാഹരണ

*(ശേഷം 11-ാം പേജിൽ)*

## ലേഖനം

# പോപ്പിന്റെ ഇസ്‌ലാം വിമർശനത്തിലെ അനൗചിത്യങ്ങൾ


**ഖലീഫത്തുൽ മസീഹ് V**


**പോപ് ബനഡിക്റ്റ് പതിനാറാമൻ സെപ്തംബർ 12ന് ജർമ്മനിയിൽ വെച്ച് നടത്തിയ പ്രസംഗത്തിൽ ഇസ്‌ലാമിനെതിരെ അടിസ്ഥാന രഹിതവും പ്രകോപനപരവുമായ ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അതിനോടുള്ള ഖലീഫത്തുൽ മസീഹിന്റെ പ്രതികരണമാണ് സെപ്തംബർ 15 – ാം തീയതിയിലെ ഈ ഖുത്വ്ബ .**

ജർമ്മനിയിലെ സർവ്വകലാശാലയിൽ പോപ്പ്* നടത്തിയ ഒരു പ്രഭാഷണത്തിനിടയിൽ ചില ഇസ്‌ലാമിക അദ്ധ്യാപനങ്ങളെക്കുറിച്ച് പറഞ്ഞതായി ഇന്നലെ വാർത്തയുണ്ടായിരുന്നു. വിശുദ്ധ ഖുർആനേയും നബി(സ) തിരുമേനിയേയും കുറിച്ച്, മറ്റാരോ എഴുതി എന്നു പറഞ്ഞുകൊണ്ട് ഇസ്‌ലാമുമായി വിദൂരബന്ധം പോലുമില്ലാത്ത കാര്യങ്ങൾ പറയുകയും ചെയ്തു. മറ്റുള്ളവർ പറഞ്ഞുവെന്ന് പറഞ്ഞുകൊണ്ട് വളരെ സമർത്ഥമായ നിലയിൽ തെറ്റായ ധാരണ പരത്താൻ ശ്രമിക്കുക എന്നത് ഇവരുടെ ഒരു രീതിയാണ്. പോപ്പ് സാഹിബ് ചില കാര്യങ്ങൾ പറഞ്ഞുകൊണ്ട് വിശുദ്ധ ഖുർആനേയും ഇസ്‌ലാമിനേയും ഇസ്‌ലാം മതസ്ഥാപകരേയും (സ) കുറിച്ച് തെറ്റായ ധാരണ ജനിപ്പിക്കാനുള്ള ശ്രമമാണ് നടത്തിയത്. അതുമുഖേന മുസ്‌ലിംകളിൽ ഒരു അസ്വസ്ഥത ഉണ്ടായിട്ടുണ്ടാകും. ഇസ്‌ലാമിന്നെതിരിലുള്ള അവരുടെ മനോഗതി ഇതിൽ നിന്ന് വ്യക്തമാകുന്നുണ്ട്. ഏതൊരു ഉദ്ധരണിയായാലും ഇത്തരം കാര്യങ്ങൾ പരാമർശിക്കുക എന്നത് അദ്ദേഹത്തിന്റെ സ്ഥാനത്തിന് നിരക്കുന്നതല്ല. ഇക്കാലത്ത് പാശ്ചാത്യലോകത്ത് ആരെങ്കിലും എന്തൊക്കെയോ പറഞ്ഞുവെന്ന് പ്രചരിപ്പിച്ചുകൊണ്ട് മുസ്‌ലിംകൾക്കിടയിൽ വിദ്വേഷം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഈ അവസരത്തിൽ പോപ്പിന്റെ ഈ വിളംബരം എരിതീയിൽ എണ്ണയൊഴിച്ചതുപോലെയായി. ഇതിനുപകരം, ഇന്ന് ചില ഇസ്‌ലാമിക ഭീകരവാദ സംഘടനകൾ ഭീകരപ്രവർത്തനം നടത്തുന്നുണ്ടെങ്കിലും ഇസ് ലാമികാദ്ധ്യാപനം അതിനെതിരാണെന്ന് താൻ കാണുന്നതായും അതുകൊണ്ട് നിരപരാധികളായ ജനങ്ങളെ നാശത്തിൽ നിന്ന് രക്ഷിക്കുന്നതിനും ലോകത്ത് സമാധാനം നിലനിറുത്തുന്നതിന്നും വേണ്ടി നാം ഒന്നിച്ച് പ്രവർത്തിക്കണമെന്നുമായിരുന്നു അദ്ദേഹം പറയേണ്ടിയിരുന്നത്. എന്നാൽ, ശരിയായ ഇസ്‌ലാമിന്റെ അദ്ധ്യാപനം താൻ പറയുന്നതുതന്നെയാണെന്ന് തന്റെ അനുയായികളെ ബോധ്യപ്പെടുത്താനാണ് അദ്ദേഹം ശ്രമിച്ചത്. പോപ്പ്, പ്രശ്നം പരിഹരിക്കാൻ പറ്റിയ ആളും പണ്ഡിതനും ഇസ്‌ലാമിനെക്കുറിച്ച് കുറച്ചെങ്കിലും അറിയുന്നയാളുമാണെന്നാണ് ഞാൻ കരുതിയത്. പക്ഷേ, ഇക്കാര്യം പറഞ്ഞുകൊണ്ട് തന്റെ അജ്ഞതയാണ് അദ്ദേഹം പ്രകടിപ്പിച്ചിരിക്കുന്നത്. ഏതൊരു മസീഹിന്റെ പ്രതിനിധിയാണെന്നാണോ അദ്ദേഹം വാദിക്കുന്നത്, ആ മഹാത്മാവിന്റെ അദ്ധ്യാപനമനുസരിച്ച് അദ്ദേഹം ലോകത്ത് സമാധാനം സ്ഥാപിക്കാൻ ശ്രമിക്കണമായിരുന്നു. ആ മഹാത്മാവ് ശത്രുക്കളോടും നല്ല രീതിയിൽ പെരുമാറാനാണ് പഠിപ്പിച്ചിട്ടുള്ളത്. ഞാൻ പറഞ്ഞതുപോലെ നബി(സ) തിരുമേനിയേയും വിശുദ്ധ ഖുർആനേയും കുറിച്ച് തെറ്റായ കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഒരുവശത്ത് മുസ്‌ലിംകളുടെ വികാരത്തെ തൊട്ടാണ് അദ്ദേഹം കളിച്ചിരിക്കുന്നത്. വികാരത്തിനുമേൽ നിയന്ത്രണമില്ലാത്ത അവർ തെറ്റായ രീതിയിൽ പ്രതികരിക്കുന്നതിലൂടെ ഇക്കൂട്ടർക്ക് കൂടുതൽ ദുഷ്പ്രചാരണം നടത്താൻ അവസരം കിട്ടുകയും ചെയ്യും. മറുവശത്ത്, ഇസ്‌ലാമിനെ ഭീകരമതമെന്ന് മനസ്സിലാക്കുന്ന പാശ്ചാത്യരായ പോപ്പിന്റെ അനുയായികളുടെ ഉള്ളിൽ മുസ്‌ലിംകൾക്കെതിരിൽ കൂടുതൽ വൈരാഗ്യവും വെറുപ്പും പരക്കുന്നതുമാണ്.

അല്ലാഹു കരുണ ചൊരിയുമാറാകട്ടെ. കുഴപ്പങ്ങളിൽ നിന്നും കലഹങ്ങളിൽ നിന്നും ലോകത്തെ രക്ഷിക്കുമാറാകട്ടെ. അഹ്മദികൾ എപ്പോഴും ഇങ്ങനെ പ്രാർത്ഥിക്കേണ്ടതാണ്. പ്രാർത്ഥനയോടൊപ്പം ഓരോ രാജ്യത്തും അദ്ദേഹത്തിന്റെ ആക്ഷേപത്തിന് മറുപടി നൽകേണ്ടതുമാണ്. നമുക്ക് ഈ രണ്ട് ആയുധമേയുള്ളൂ. ഇതുകൊണ്ടാണ് പ്രവർത്തിക്കേണ്ടത്. മറ്റൊരു പ്രതികരണവും അഹ്മദികളിൽ നിന്ന് ഒരിക്കലും ഉണ്ടായിട്ടില്ല. ഇൻശാ അല്ലാഹ്, ഉണ്ടാകുകയുമില്ല.

വിശുദ്ധഖുർആനും, നബി(സ) തിരുമേനിയ്ക്കുമെതിരിൽ പോപ്പ് ഉന്നയിച്ച ആക്ഷേപത്തിന്റെ ചുരുക്കം ഞാൻ വായിച്ചുകേൾപ്പിക്കാം. അദ്ദേഹം പറയുന്നു: ഞാനൊരു സംവാദം വായിച്ചിരുന്നു. ഒരു യൂണിവേഴ്സിറ്റി പ്രൊഫസറാണ് അതിന്റെ മൂലഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഈ പുരാതന സംവാദം, മാനുവൽ ചക്രവർത്തി യും ഒരു ഫാർസി പണ്ഡിതനുമായിട്ട് 1391-ൽ നടന്നതാണ്. പിന്നീട് ഈ സംവാദം ഒരു ക്രിസ്തീയ പണ്ഡിതനാണ് പ്രസിദ്ധീകരിച്ചത്. അതുകൊണ്ട് അദ്ദേഹം തന്റെ കാര്യങ്ങളാണ് കൂടുതൽ ഊന്നി പറഞ്ഞിട്ടുള്ളതെന്ന് അംഗീകരിച്ചിട്ടുമുണ്ട്. ഇതിൽ നിന്നുതന്നെ അദ്ദേഹത്തിന്റെ വിശ്വസ്തത മനസ്സിലാക്കാവുന്നതാണ്. മുസ്‌ലിം പണ്ഡിതൻ പറഞ്ഞ കാര്യങ്ങൾ വളരെ കുറച്ചുമാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. എന്നാൽ, തന്റേതായ കാര്യങ്ങൾ വിശദീകരിച്ചിട്ടുമുണ്ട്. എന്തായാലും, തന്റെ പ്രസംഗത്തിൽ ഒരു കാര്യത്തെക്കുറിച്ച് പറയുമെന്ന് പറഞ്ഞുകൊണ്ട് പോപ്പ് പറയുന്നു: ബൈസന്റയിൻ ചക്രവർത്തി ജിഹാദിനെക്കുറിച്ച് പറയുന്നുണ്ട്. അദ്ദേഹത്തിന് സൂറഃബഖറയിൽ 256-ാമത്തെ വചനത്തെക്കുറിച്ച് അറിവുണ്ടായിരുന്നു. അതായത്, ഇസ്‌ലാമിൽ മതവിശ്വാസകാര്യത്തിൽ ബലാൽക്കാരമില്ല. എന്നാൽ ജിഹാദിനെ സംബന്ധിച്ച ഖുർആനിലെ മറ്റു പ്രതിപാദ്യങ്ങളെ സംബന്ധിച്ചും മാനുവൽ ചക്രവർത്തിക്കറിയാമായിരുന്നു. ഖുർആനിൽ ഇക്കാര്യം വിശദീകരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് അഹ്‌ലെ കിതാബിനോടും - ഗ്രന്ഥാനുസാരികളോടും സത്യനിഷേധികളോടും വിവിധ രീതിയിൽ പെരുമാറണമെന്ന് പറഞ്ഞതുതന്നെ. മാനുവൽ രാജാവ് കൊടുത്ത ഉദ്ധരണി എടുത്തുകൊണ്ട് പറയുന്നു. അദ്ദേഹം ശക്തമായ വാക്കുകളിൽ അടിസ്ഥാനപരമായ ചോദ്യം സംസാരമധ്യേ ചോദിക്കുന്നുണ്ട്. മതവും ബലാൽക്കാരവും തമ്മിൽ എന്താണ് ബന്ധം? പിന്നീട് പറയുന്നു: മുഹമ്മദ് (സ) പുതിയതായി എന്തുകാര്യമാണ് കൊണ്ടുവന്നതെന്ന് എനിക്കൊന്നു കാണിച്ചുതരിക. ദുഷിച്ചതും മനുഷ്യത്വരഹിതവുമായ പാഠങ്ങൾ മാത്രമാണ് നിങ്ങൾക്ക് കിട്ടിയിട്ടുള്ളത്. ഇതിനുശേഷം മുഹമ്മദ് (സ) പഠിപ്പിച്ചത്, അദ്ദേഹം കൊണ്ടുവന്ന അദ്ധ്യാപനം വാളിന്റെ ശക്തിയാൽ പ്രചരിപ്പിക്കാനാണ്, ഇന്നാലില്ലാഹ്. അദ്ദേഹം പറയുന്നു: കരബലം കൊണ്ട് മതം പ്രചരിപ്പിക്കുകയെന്നത് എന്തുകൊണ്ടാണ് ബുദ്ധിക്ക് വിരുദ്ധമായിട്ടുള്ളതെന്ന് മാനുവൽ രാജാവ് തുടർന്ന് വിശദീകരിക്കുന്നുണ്ട്. ഈ അദ്ധ്യാപനം ദൈവത്തിന്റെ സത്തയോടും ആത്മാവിന്റെ സത്തിനോടും യോജിക്കാത്തതാണ്. ദൈവത്തിന് യുദ്ധം ഇഷ്ടമല്ല. യുക്തിവിരുദ്ധമായ കർമ്മം ദൈവത്തിന്റെ സത്തയുമായി ഇടഞ്ഞുനില്ക്കുന്നതാണ്. വിശ്വാസമെന്നത് ആത്മാവിന്റെ കനിയാണ്. ശരീരത്തിന്റേതല്ല. തുടർന്ന് പറയുന്നു: ബൈസന്റയിൻ രാജാവ് വളർന്നത് ഗ്രീക്ക് തത്ത്വശാസ്ത്രശിക്ഷണത്തിന് വിധേയനായിക്കൊണ്ടാണ്. മുകളിൽ പറഞ്ഞത് വ്യക്തമായ ഒരു പരമാർത്ഥമാണ്. ഇസ് ലാമികാദ്ധ്യാപനമനുസരിച്ച് ദൈവം നിരുപാധികം എല്ലാം വഹിച്ചുകൊണ്ടിരിക്കുന്ന അസ്തിത്വമാണ്. ഏതെങ്കിലും താൽക്കാലികമായ കാര്യത്തിന് വിധേയനല്ല. ബുദ്ധിശക്തിക്കും വിധേയനല്ല.

പിന്നീട് ഇബ്നു ഹസമിന്റെതെന്ന് പറഞ്ഞ് ഒരു ഉദ്ധരണി എടുത്തുദ്ധരിക്കുന്നു. ദൈവത്തെക്കൊണ്ട് നിർബന്ധിച്ച് സത്യത്തെ വെളിപ്പെടുത്താൻ ഒരു വസ്തുവിനും സാധ്യമല്ല. അവനിച്ഛിക്കുക്കയാണെങ്കിൽ മനുഷ്യന് ബിംബാരാധനയും നടത്തേണ്ടിവരും. ഇബ്നു ഹസം ഇങ്ങനെ പറഞ്ഞിട്ടുണ്ടോ ഇല്ലേ എന്നറിയില്ല. അതെവിടെനിന്നെടുത്തു എന്നു സൂചന നൽകിയിട്ടുമില്ല. പിന്നീടദ്ദേഹം എഴുതുന്നു. ദൈവത്തിന് യുക്തിവിരുദ്ധമായ പ്രവൃത്തി ചെയ്യാൻ സാധിക്കുകയില്ലെന്നത് ഒരു ഗ്രീക്ക് വിശ്വാസമാണോ? അതല്ലെങ്കിൽ ശാശ്വതവും അതിന്റെ സത്താപരമായ നിലയിലും ഒരു യാഥാർത്ഥ്യമാണോ? എന്റെ അഭിപ്രായത്തിൽ ബൈബിളിലധിഷ്ഠിതമായ ദൈവവിശ്വാസവും ഗ്രീക്കുകാരുടെ ചിന്താഗതിയും തമ്മിൽ ആഴത്തിലുള്ള സാദൃശ്യം കാണുന്നുണ്ട്.

ഫാർസി പണ്ഡിതന്റെ മറുപടിക്കെതിരിലെ മാനുവൽ രാജാവ് ദീർഘമായ വിശദീകരണം നല്കിയിരിക്കുന്നുവെന്ന് ആദ്യമെ സമ്മതിച്ച കാര്യമാണ്. ഏതൊരു ക്രിസ്ത്യാനിയാണോ ഇക്കഥ എഴുതിയിട്ടുള്ളത്, അയാൾ തന്റെ പൊങ്ങച്ചം പ്രകടിപ്പിക്കുന്നതിനായി തന്റെ തെളിവ് ശക്തമാക്കുമെന്നത് വ്യക്തമാണ്. മറുപക്ഷത്തെ തെളിവുകൾ കൊടുക്കുകയുമില്ല. തീർച്ചയായും ഇതിൽ നീതി പ്രവർത്തിച്ചിട്ടുണ്ടാകുകയില്ല.

എന്തുമായിക്കൊള്ളട്ടെ. നമ്മൾ അഹ്മദികൾ എന്താണ് മനസ്സിലാക്കുന്നത്? വിശുദ്ധ ഖുർആന്റേയും നബി(സ) തിരുമേനിയുടെ ജീവിതമാതൃകയുടേയും അടിസ്ഥാനത്തിൽ ഞാനിതിനെക്കുറിച്ച് സംക്ഷിപ്തമായി പറയാം. പോപ്പിന്റെ ചോദ്യത്തിനുള്ള മറുപടി ഇൻശാഅല്ലാഹ് തയ്യാറാക്കുന്നതാണ്. അതദ്ദേഹത്തിനെത്തിക്കാൻ പരിശ്രമിക്കുന്നതുമായിരിക്കും; ഇതുവരെ ഇസ്‌ലാമിന്റെ ശരിയായ അദ്ധ്യാപനം അദ്ദേഹത്തിനറിയില്ലെങ്കിൽ അദ്ദേഹം കുറച്ച് മനസ്സിലാക്കാൻ വേണ്ടി തന്റെ സ്ഥാനം മനസ്സിലാക്കി

ക്കൊണ്ട് നീതിപൂർവ്വം അത് വായിക്കുകയും ചിന്തിക്കുകയും വേണമെന്ന് മാത്രം.

നമ്മുടെ മനസ്സിൽ ഹദ്റത്ത് യേശു(അ)വിന് വളരെ ബഹുമാനമാണുള്ളത്. ഞങ്ങൾ അദ്ദേഹത്തെ അല്ലാഹുവിന്റെ നബിയായിട്ട് വിശ്വസിക്കുന്നു. എന്നല്ല, ഓരോ ജനതയിലും എത്രയെത്ര നബിമാർ വന്നിട്ടുണ്ടോ അവരെയെല്ലാം വിശ്വസിക്കുകയും ആദരിക്കുകയും ചെയ്യുന്നു. മുസ്‌ലിംകളുടെ വികാരങ്ങളെ മാനിച്ചുകൊണ്ട് ക്രിസ്ത്യാനികളും നബി (സ) തിരുമേനിയെ ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യേണ്ടതാണ്. മാനുവൽ രാജാവിന്റെ വാക്കുകൾ എടുത്തുദ്ധരിച്ചുകൊണ്ട് പോപ്പ് സാഹിബ് പറയുന്നത്, ബഖറ എന്ന അദ്ധ്യായത്തിന്റെ 256-ാമത്തെ വചനത്തെ സംബന്ധിച്ച് രാജാവിന് തീർച്ചയായും അറിവുണ്ടായിരുന്നു എന്നാണ്. ആ വചനമാണ് ലാ ഇക്റാഹഫിദ്ദീൻ. മതകാര്യത്തിൽ ഒരുവിധത്തിലുള്ള ബലപ്രയോഗവുമില്ല.

അദ്ദേഹം പറയുന്നു: ഈ അദ്ധ്യായം ആദ്യകാലത്തിറങ്ങിയ അദ്ധ്യായങ്ങളിൽ പ്പെട്ടതാണ്. (എന്നാൽ, മദീനയിൽ വന്നതിനുശേഷം ഒന്നാമത്തെ വർ ഷമോ രണ്ടാമത്തോ വർഷമോ ഇറങ്ങിയതാണെന്ന് അദ്ദേഹം അറിയാതെപോയി). പക്ഷേ, ക്രിസ്ത്യൻ രാജാവിന് മറ്റ് അദ്ധ്യായങ്ങളെക്കുറിച്ചും ജിഹാദിനെ സംബന്ധിച്ചുള്ള മറ്റു അദ്ധ്യാപനങ്ങളെ കുറിച്ചുമറിയാമായിരുന്നു. (അറിവുണ്ടായിരുന്നോ ഇല്ലേ എന്ന് നമുക്കറിയില്ല. പക്ഷേ, മതപരമായ ഏകപക്ഷീയത അദ്ദേഹത്തിനു ണ്ടായിരുന്നുവെന്നതാണ് വാസ്തവം). പറയുന്നു. മതത്തിൽ ബലപ്രയോഗ സങ്കല്പം ഇല്ലെങ്കിലും ഗ്രന്ഥാനുസാരികളോടും സത്യനിഷേധികളോടും വിവിധരീതിയിൽ പെരുമാറണമെന്നുള്ള നിർദ്ദേശം ഖുർആനിലുണ്ട്. നഊദുബില്ലാഹ്, നബി(സ) തിരുമേനിയുടെ അദ്ധ്യാപനങ്ങളിൽ ദുഷിച്ചതും മനുഷ്യത്വരഹിതവുമായ അദ്ധ്യാപനങ്ങളല്ലാതെ മറ്റൊന്നും ലഭിക്കുന്നില്ല. ഇസ്‌ലാമിനെ വാളിന്റെ ശക്തികൊണ്ട് പരത്താൻ നബി(സ) പറഞ്ഞതായി അദ്ദേഹം ആരോപിക്കുന്നു. ഇസ്‌ലാമിന്റെ അദ്ധ്യാപനവുമായി വിദൂരബന്ധംപോലുമില്ലാത്ത ഒരു കാര്യം തെറ്റായ നിലയിൽ സ്വയം ഉന്നയിച്ചുകൊണ്ട്, ഇത് യുക്തിവിരുദ്ധമായ കാര്യമാണെന്ന് തന്നത്താൻ വിധിക്കുകയാണ് അദ്ദേഹം ചെയ്യുന്നത്. അത് ദൈവികനീതിയ്ക്ക് നിരക്കാത്തതാണെന്നും അദ്ദേഹം പറയുന്നു. ബുദ്ധിമാനായ ഒരു മനുഷ്യന് ശക്തിയുടെയും ബലപ്രയോഗത്തിന്റേയും ആയുധത്തിന്റേയും ആവശ്യമില്ല. എന്നല്ല, ഒരു ബുദ്ധിമാന് ആയുധത്തിന്റേയും ബലപ്രയോഗത്തിന്റേയും ആവശ്യമില്ലെന്നതാണ് ശരിയായ കാര്യം. (തികച്ചും ശരിയായിട്ടുള്ള കാര്യമാണ് ഇദ്ദേഹം പറഞ്ഞത്. അതിന്റെ ആവശ്യം ഒട്ടും തന്നെയില്ല) എന്നാൽ, ഇക്കാലത്തെ ഇവരുടെ വമ്പിച്ച ശക്തികൾ, ആയിരക്കണക്കിനു മൈൽ ദൂരത്തുള്ള ജനതകളുടെ പ്രശ്നങ്ങളിൽ കടന്നുകയറി എന്തിനാണ് തങ്ങളുടെ ശക്തി പ്രയോഗിക്കുന്നത്? ഇതിനു മറുപടി അദ്ദേഹം പറയുന്നില്ല. എന്താണ് ശരിയായിട്ട് ചെയ്യുന്നതെന്നും എന്താണ് തെറ്റായിട്ട് ചെയ്യുന്നതെന്നുമുള്ള കാര്യം ആദ്യം ഇക്കൂട്ടർ തങ്ങളുടെ ആളുകൾക്കാണ് മനസ്സിലാക്കിക്കൊടുക്കേണ്ടത്. ക്രിസ്തുമതത്തിന്റെ ചരിത്രത്തിലും അവർ പരസ്പരം ചെയ്ത യുദ്ധങ്ങളുണ്ട്. അതവർക്ക് കാണാൻ കഴിയുന്നില്ല. അത് ഏത് കോളത്തിലാണ് വരവ് വെയ്ക്കുന്നത്. സ്പെയിനിൽ ഉണ്ടായതൊക്കെ ഏതു കണക്കിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്? അവിടെ വിപ്ലവവും കലാപവും ഉണ്ടായി. അതിവിടെ ഞാൻ വിശദീകരിച്ചു പറയുന്നില്ല. എല്ലാവർക്കും അതറിയാം.

മറ്റു അദ്ധ്യാപനങ്ങളെക്കുറിച്ചും രാജാവിന്നറിയാമായിരുന്നുവെന്നാണല്ലോ ഇദ്ദേഹം പറയുന്നത്. മതം പ്രചരിപ്പിക്കുന്നതിനുള്ള ഇസ്‌ലാമികാദ്ധ്യാപനം എന്താണ്? നബി (സ) തിരുമേനിയുടെ പ്രവൃത്തി എന്തായിരുന്നെന്ന് അറിയാമായിരുന്നു എന്ന് പറയപ്പെടുന്ന വ്യക്തിക്ക് അതിനെക്കുറിച്ച് ഒന്നുമറിയില്ല. അതെന്തായിരുന്നുവെന്ന് ഞാൻ പറയാം.

ഇസ്‌ലാം പ്രകൃതിമതമാണ്. നിങ്ങളുടെ ഒരു കരണത്തടിച്ചാൽ മറ്റേതും കാണിച്ചുകൊടുക്കുക എന്ന പാഠം തീർച്ചയായും അത് നല്കിയിട്ടില്ല. ആർക്കാണോ ഈ അദ്ധ്യാപനം നല്കപ്പെട്ടിട്ടുള്ളത്, എത്രത്തോളം അത് പ്രായോഗികമാക്കുന്നുണ്ടന്ന് അവർ പറയട്ടെ. അവരുടെ അദ്ധ്യാപനത്തിന്റെ ഈ കല്പന തന്നെയാണ് ഇക്കാലഘട്ടത്തിൽ ക്രിസ്ത്യാനികളെ ക്രിസ്തുമതത്തിൽ നിന്നകറ്റിയത്. ഞായറാഴ്ച ഇവർ പള്ളിയിൽ പോകണം. ഇപ്പോൾ വൃദ്ധരും വൃദ്ധകളുമല്ലാതെ ആ ദിവസവും ആരും പോകാറില്ല. ചർച്ചുകൾ, മറ്റാവശ്യങ്ങൾക്കായി അവർ വാടകയ്ക്കു കൊടുക്കാൻ തുടങ്ങിയിരിക്കുന്നു. പാശ്ചാത്യലോകത്ത് നിരവധി സ്ഥലങ്ങളിൽ ചർച്ചുകളുടെ മുമ്പിൽ 'ഫോർ സെയിൽ' എന്ന ബോർഡ് സ്ഥാപിച്ചിരിക്കുന്നു. അമേരിക്കയിലെ ഒരു പ്രൊഫസറായ അഡ്വന്റ് നീവസ് എഴുതിയിരിക്കുന്നു: "20-ാം നൂറ്റാണ്ടിലെ ആളുകൾ മസീഹിനെ ദൈവമായി അംഗീകരിക്കാൻ തയ്യാറല്ല." "യൂറോപ്പിലേയും അമേരിക്കയിലേയും പുരുഷന്മാരുടേയും സ്ത്രീകളുടേയും വലിയൊരു വിഭാഗം ഇപ്പോൾ ക്രിസ്ത്യാനികളല്ല" എന്ന് സെന്റ് ജോൺസ് കോളേജ് ഓക്സ്ഫോർഡിന്റെ പ്രസിഡന്റ് സർ സൈറൻ എഴുതിയിരിക്കുന്നു. ആഫ്രിക്കയിലെ ക്രിസ്ത്യാനികളെക്കുറിച്ചും ഒരുപാട് കാര്യങ്ങൾ പറയുന്നുണ്ട്. ക്രിസ്തുമതത്തിന്റെ അദ്ധ്യാപനങ്ങളെല്ലാം അവസാനിച്ചുകൊണ്ടിരിക്കുന്നുവെന്ന് അവർ സ്വയം അംഗീകരിക്കുന്നു. അതുകൊണ്ടാണ് ഇസ്‌ലാമിന്നെതിരിൽ ഇത്തരം വിലങ്ങുകൾ ഉപയോഗിക്കാൻ ഇവർ മുതിരുന്നത്.

**(വിവ: മുഹമ്മദ് ഇസ്മായിൽ)**

(തുടരും) ●

ലേഖനം

# വ്രതാനുഷ്ഠാനം

ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)

## വ്രതാനുഷ്ഠാനത്തിന്റെ ആത്മീയവും സാമൂഹ്യവുമായ ഗുണങ്ങളെപ്പറ്റി രണ്ടാം ഖലീഫ എഴുതുന്നു.

ഇസ്‌ലാമിൽ നിർദ്ദിഷ്ടമായ മൂന്നാമത്തെ ആരാധന വ്രതാനുഷ്ഠാനം ആകുന്നു. ഈ ആരാധനാ രീതിയും മിക്കവാറും എല്ലാ മതങ്ങളിലും പൊതുവായിട്ടുള്ളതാണ്. എന്നാൽ, അതിന്റെ രൂപം മറ്റു മതങ്ങളിൽ നിർദ്ദേശിക്കപ്പെട്ടതിൽ നിന്നും വ്യത്യസ്തമായിട്ടുള്ളതത്രെ. പ്രായപൂർത്തി വന്ന ഓരോ മുസ്‌ലിമും ആണ്ടുതോറും ഒരു മാസക്കാലം വ്രതമനുഷ്ഠിക്കണമെന്നു ഇസ്‌ലാം അനുശാസിക്കുന്നു. രോഗഗ്രസ്തരായിട്ടുള്ളവരോ യാത്രക്കാരായിട്ടുള്ളവരോ നോമ്പുനോൽക്കണമെന്നില്ല. അവർ വിട്ടുപോയ അത്രയും നാൾ കൊല്ലത്തിൽ മറ്റൊരവസരത്തിൽ നോറ്റുവീട്ടിയാൽ മതിയാകും. നിത്യരോഗികളും പ്രായാധിക്യമുള്ളവരും വ്രതാനുഷ്ഠാനത്തിന്ന് തീരെ കഴിയാത്തവണ്ണം ശക്തിഹീനരായിട്ടുള്ളവരും ഈ കല്പനയിൽ നിന്ന് തീരെ ഒഴിവാക്കപ്പെട്ടിരിക്കുന്നു. നോമ്പനുഷ്ഠിക്കുന്നവർ പ്രഭാതം മുതൽ പ്രദോഷം വരെ എല്ലാതരം ആഹാരപാനീയങ്ങളിൽ നിന്നും ലൈംഗിക ബന്ധങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കേണ്ടതാണ്. ശരീരത്തിന്നു അനാവശ്യമായ പീഡകളേൽക്കാതിരിക്കാൻ പുലർച്ചയ്ക്ക് മുമ്പായി വല്ലതും ആഹരിക്കുന്നതു ആശാസ്യമാണ്. പ്രഭാതത്തിന്നു മുമ്പ് ഭക്ഷണമൊന്നും കഴിക്കാതെ ഇരുപത്തിനാലു മണിക്കൂർ നേരം തുടർച്ചയായി വ്രതമനുഷ്ഠിക്കുന്നതിനെ ഇസ്‌ലാം അംഗീകരിക്കുന്നില്ല.

വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യത്തെ വിശുദ്ധ ഖുർആൻ വിവരിച്ചിരിക്കുന്നത് ഇപ്രകാരമാണ്:

"അല്ലാഹു നിങ്ങളെ സന്മാർഗത്തിലാക്കിയതിന്ന് നിങ്ങൾ അവനെ മഹത്വപ്പെടുത്തുന്നതിന്നും നിങ്ങൾ കൃതജ്ഞത കാണിക്കുന്നതിനും വേണ്ടിത്തന്നെ" (2:186).

അപ്പോൾ വ്രതാനുഷ്ഠാനത്തിന്റെ ഒരു ഉദ്ദേശ്യം ഇതാണ്: നോമ്പുകാലത്ത് പകൽ സമയം ഭക്ഷണപദാർത്ഥങ്ങൾ പാകം ചെയ്ക, ആഹാരം കഴിക്കുക തുടങ്ങിയ കൃത്യങ്ങളിൽ നിന്ന് വിശ്രമം ലഭിക്കുകയും അങ്ങനെ കൂടുതൽ ഒഴിവവസരങ്ങൾ കൈവരുകയും ചെയ്യുന്നതുകൊണ്ട് മനുഷ്യൻ ആദ്ധ്യാത്മിക കാര്യങ്ങളിൽ അധികം ശ്രദ്ധ പതിപ്പിക്കുകയും അധികമായും ദൈവത്തെ സ്മരിച്ചുകൊണ്ടിരിക്കുകയും ചെയ്യണമെന്നു തന്നെ. മറ്റൊരു ഉദ്ദേശ്യം പൈദാഹങ്ങളിൽ നിന്നുള്ള ക്ലേശം മൂലം മനുഷ്യൻ തങ്ങളനുഭവിച്ചുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ കാരുണ്യാനുഗ്രഹങ്ങളുടെ വില അറിയുന്നതിന്നും ദൈവത്തോട് കൃതജ്ഞരായിരിക്കുന്നതിന്നും പ്രാപ്തരായി ഭവിക്കുന്നു എന്നതാണ്. മനുഷ്യൻ തന്റെ കൈവശമിരിക്കുന്ന വസ്തുവിനെ അത്ര സാരമാക്കാറില്ല. എന്നാൽ, അതു തനിയ്ക്ക് നഷ്ടമാകുമ്പോഴാണ് അവൻ അതിന്റെ വില അറിയുന്നത്. കണ്ണുകൾ ദൈവത്തിന്റെ ഒരു മഹാ അനുഗ്രഹമാണെന്ന കാര്യം അധികമാളുകളും ഓർക്കാറില്ല. എന്നാൽ, അവ തങ്ങൾക്ക് നഷ്ടപ്പെടുമ്പോൾ അവർ അതിന്റെ വില മനസ്സിലാക്കുന്നു. അപ്രകാരം തന്നെ ഒരാൾ നോമ്പുകാലത്ത് എല്ലാവിധ ഭോജ്യവസ്തുക്കളും വർജിക്കുകയും വിശപ്പിന്റെ ക്ലേശാനുഭവങ്ങൾ നല്ലവണ്ണം അറിയുകയും ചെയ്യുമ്പോൾ ദൈവം തനിയ്ക്ക് അനുഗ്രഹിച്ചരുളിയിട്ടുള്ള സുഖസൗകര്യങ്ങളെക്കുറിച്ച് അവൻ ചിന്തിച്ചു തുടങ്ങുകയും അത്തരം സുഖജീവിതത്തെ നിസ്സാരവും അനാവശ്യവുമായ കാര്യങ്ങളിൽ പാഴാക്കാതെ ഉത്തമവും ഉപകാരപ്രദവുമായ കാര്യങ്ങൾക്കായി വിനിയോഗിക്കേണ്ടതാണെന്നു മനസ്സിലാക്കുകയും ചെയ്തു തുടങ്ങുന്നു.

വ്രതാനുഷ്ഠാനത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചു വീണ്ടും ദൈവം പറയുന്നത്, "നിങ്ങൾ 'തഖ്‌വാ'യുള്ളവരായിരിക്കാൻ വേണ്ടിത്തന്നെ" (2:183) എന്നാണ്. എന്നാൽ 'തഖ്‌വാ' എന്ന പദം ദുഃഖമോചനം, പാപമോചനം, ആത്മീയോൽക്കർഷം എന്നീ മൂന്നു അർത്ഥങ്ങളിലാണ് വിശുദ്ധ ഖുർആനിൽ ഉപയോഗിച്ചിരിക്കുന്നത്. വ്രതം ഈ മൂന്നുവിധ ഫലങ്ങളെയും ഉളവാക്കുന്നതാകുന്നു. വ്രതം മനുഷ്യന്റെ മേൽ കുറേയൊക്കെ ക്ലേശഭാരം ചുമത്തുന്നതാകകൊണ്ട്, അതു മനു

ഷ്യനെ ക്ലേശങ്ങളിൽ നിന്നു മോചിപ്പിക്കുന്നതാണെന്നു പറയുന്നത് പ്രഥമശ്രവണത്തിൽ വിരോധാഭാസമായി ത്തോന്നാം. എന്നാൽ, കുറച്ചൊന്നു ചിന്തിക്കുന്നപക്ഷം വ്രതം മനുഷ്യർക്ക് സമുദായക്ഷേമം നിലനിറുത്തുന്നതിന് വേണ്ട ഗുണപാഠങ്ങൾ നൽകുന്നതായിട്ടു കാണാം. അത് നൽകുന്ന ഒന്നാമത്തെ പാഠം, ഒരിക്കലും വിശപ്പോ പട്ടിണിയോ അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു ധനികനു പലപ്പോഴും പട്ടിണിയിൽ കഴിഞ്ഞുകൂടുന്ന തന്റെ ദരിദ്രസഹോദരരുടെ ക്ലേശങ്ങളെക്കുറിച്ച് അറിവാൻ സാധ്യമല്ലെങ്കിലും അവൻ വ്രതമനുഷ്ഠിക്കുന്നതോടൊപ്പം വിശപ്പിന്റെ വേദന അനുഭവപ്പെടുകയും, അങ്ങനെ ദരിദ്രജനം അനുഭവിക്കുന്ന കഷ്ടതകളെക്കുറിച്ച് ബോധവാനാകയും ചെയ്യുമെന്നതാണ്. ഈ ബോധം അവന്റെ മനസ്സിൽ പാവങ്ങളുടെ നേർക്ക് ആർദ്രത ജനിപ്പിക്കുകയും അതു അവരുടെ സ്ഥിതി നന്നാക്കിത്തീർക്കുന്നതിനു വേണ്ടി നടപടികളെടുക്കുവാൻ അവനു പ്രേരകമാകുകയും ചെയ്യുന്നതാണ്. ഇതിന്റെ സ്വാഭാവികഫലം സമുദായത്തിന്റെ ക്ഷേമവും രക്ഷയും വർദ്ധിക്കുക തന്നെയാണ്. സമുദായത്തിന്റെ ക്ഷേമവും വ്യക്തികളുടെ ക്ഷേമമാണെന്നത് സുവ്യക്തമാണല്ലോ. വ്രതം കൊണ്ടു ലഭ്യമാകുന്ന മറ്റൊരു പാഠം ഇതാണ്: ഇസ്‌ലാം തദനുയായികൾ അലസരും ഉദാസീനരും ക്ലേശാനുഭവത്തിൽ അധോമുഖരും ആയിരിക്കുവാൻ ഇഷ്ടപ്പെടുന്നില്ല; മറിച്ച്, അതുദ്ദേശിക്കുന്നത്, ആവശ്യം നേരിടുമ്പോൾ എല്ലാത്തരം ബുദ്ധിമുട്ടും കഷ്ടപ്പാടും കൈക്കൊള്ളുവാൻ അവൻ തയ്യാറായിരിക്കണമെന്നാണ്. വ്രതം മുസ്‌ലിംകളെ പൈദാഹങ്ങൾ സഹിക്കാനും എല്ലാ ഇച്ഛകളെയും വികാരങ്ങളെയും നിയന്ത്രിക്കുവാനും ശീലിപ്പിക്കുന്നു. ഇസ്‌ലാമിന്റെ ഈ ശാസന ആത്മാർത്ഥമായി അനുസരിച്ചുപോരുന്നവർ ഒരിക്കലും അലസരും സുഖലോലുപരും ആയിരിക്കുകയില്ല.

വ്രതാനുഷ്ഠാനത്തിന്റെ മറ്റൊരു ഗുണഫലം, അതു മനുഷ്യനെ പാപങ്ങളിൽ നിന്നു രക്ഷിച്ചകറ്റുന്നു എന്നുള്ളതാണ്. പാപം ശാരീരികമായ ആസക്തിയിൽ നിന്ന് ഉല്പന്നമാകുന്ന ഒന്നത്രെ. മനുഷ്യൻ ഒരു കാര്യം ശീലിച്ചാൽ പിന്നെ അവനതു ഉപേക്ഷിക്കാൻ വളരെ പ്രയാസമായിരിക്കും. എന്നാൽ, ഒരാൾ തന്റെ ശീലമോ സമ്പ്രദായമോ ഇഷ്ടാനുസരണം വിട്ടൊഴിയാൻ കഴിവുള്ളവനായിത്തീരുന്നുവെങ്കിൽ അവൻ ഒരിക്കലും അതിനു അടിമപ്പെട്ടുപോകയില്ല. തന്നെ ചിലപ്പോഴെല്ലാം പാപത്തിലേയ്ക്ക് പ്രേരിപ്പിച്ചേയ്ക്കാവുന്ന ലൗകികമായ സുഖഭോഗങ്ങളെയെല്ലാം ദൈവപ്രീതിയ്ക്കായി ഒരു മാസക്കാലം മുഴുവൻ വർജിക്കുകയും അങ്ങനെ ഇച്ഛാനിരോധവും ആത്മനിയന്ത്രണവും ശീലിക്കുകയും ചെയ്യുന്ന ഒരുവനു പാപകരമായ പ്രേരണകളെ എളുപ്പത്തിൽ ജയിച്ചടക്കുവാൻ സാധിക്കുന്നതാണ്.

വ്രതാനുഷ്ഠാനം കൊണ്ടുണ്ടാകുന്ന വേറൊരു ഫലം ഇതാണ്: നോമ്പുമാസത്തിൽ ഒരു മനുഷ്യൻ രാത്രിയുടെ അപരാംശത്തിൽ അത്താഴം കഴിക്കുന്നതിനു എഴുന്നേൽക്കേണ്ടി വരുന്നതിനാൽ അവന് ആത്മീയോൽക്കർഷത്തിൽ ശീഘ്രത കൂട്ടുന്ന അധികതരമായ പ്രാർത്ഥനകളും ആരാധനകളും അനുഷ്ഠിക്കാനുള്ള കൂടുതൽ അവസരങ്ങൾ ലഭിക്കുമാറാകുന്നു. ദൈവത്തിനു വേണ്ടി തന്റെ സുഖസൗകര്യങ്ങളും ആശ്വാസങ്ങളുമെല്ലാം ബലികഴിക്കാൻ ഒരാൾ തയ്യാറാകുമ്പോൾ ദൈവം അവന്റെ ആത്മാവിനെ ശക്തിപ്പെടുത്തുകയും തന്നിലേയ്ക്ക് അവനെ ആകർഷിച്ചടുപ്പിക്കുകയും ചെയ്യുന്നു.

*(അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം എന്ന ഗ്രന്ഥത്തിൽ നിന്ന്. മലയാള പരിഭാഷ മർഹൂം ജ: എൻ. അബ്ദുറഹീം സാഹിബ്)* ●

---

*(6 -ാം പേജിൽ നിന്ന് തുടർച്ച)*

ത്തിന് അല്ലാഹുവിനെ ഒഴിച്ചുനിർത്തി കാര്യകാരണങ്ങളുടെമേൽ ഭരമേൽപിക്കുന്നതും ഒരു ബിംബമാണ്. ഇത് അതിസൂക്ഷ്മമായതാണ്. ആ ബിംബങ്ങളെ ആളുകൾ തങ്ങളുടെ കക്ഷങ്ങളിൽ ഇറുക്കിപ്പിടിച്ചു നടക്കുന്നു. അതിനെ പുറത്തെടുത്തുനീക്കുക എന്നത് ദുഷ്ക്കരമായൊരു കാര്യമാണ്. വലിയ വലിയ തത്ത്വശാസ്ത്രജ്ഞർക്കും തത്ത്വജ്ഞാനികൾക്കും പോലും അവയെ തങ്ങളുടെ ഉള്ളിൽ നിന്ന് പുറത്തെടുത്തുമാറ്റാൻ സാധ്യമല്ല. അത് അങ്ങേയറ്റം സൂക്ഷ്മമായ കീടങ്ങളാണ്. അല്ലാഹുവിന്റെ അനുഗൃഹീതരായ ദീർഘവീക്ഷണമുള്ളവർക്ക് മാത്രമേ അതിനെ കാണാൻ പറ്റുകയുള്ളൂ. അത് മനുഷ്യന് വലിയ ദോഷം ചെയ്യുന്നതാണ്. ആ ബിംബം ശരീരേച്ഛയുടേതാണ്. അല്ലാഹുവിനോടും തന്റെ സമസൃഷ്ടികളോടുള്ളമുള്ള കടമകൾ നിറവേറ്റുന്നതിൽ നിന്ന് അത് മനുഷ്യനെ പുറത്തേക്കു കൊണ്ടുപോകുന്നു. ആലിമെന്നും ഫാസിലെന്നും മൗലവിയെന്നും പറയപ്പെടുന്നവരും ഹദീസുകൾ വായിക്കുന്നവരുമായ ഒരുപാട് വിദ്യാസമ്പന്നരായ ആളുകൾ തങ്ങളിലുള്ള ഈ ബിംബങ്ങളെ തിരിച്ചറിയാൻ കഴിവില്ലാത്തവരാണ്. അവർ അവയെ പൂജിക്കുന്നു. ഈ ബിംബങ്ങളിൽ നിന്ന് രക്ഷപ്പെടുക എന്നത് വലിയ ധീരരായ ആളുകളുടെ പ്രവൃത്തിയാണ്. ആരാണോ ഈ ബിംബങ്ങളുടെ പിന്നാലെ പോകുന്നത്, അവർ പരസ്പരം കപടതവെച്ചു പുലർത്തുന്നവരാണ്. പരസ്പരമുള്ള അവകാശങ്ങൾ ധ്വംസിക്കുന്നവരാണ്. തങ്ങൾ ഒരു ഇരയെ കൊന്നുവെന്ന് അവർ മനസ്സിലാക്കുന്നു. കാര്യകാരണങ്ങളുടെമേൽ പരിധിവിട്ട് സമ്മർദ്ദം ചെലുത്തുന്നു. അവരുടെ വിശ്വാസമെല്ലാം ആ കാര്യകാരണങ്ങളുടെ മേലായിരിക്കും. ഇക്കാര്യങ്ങളെ ചവുട്ടിമെതിക്കാത്തിടത്തോളം കാലം ഏകദൈവ വിശ്വാസം നിലനിൽക്കുകയില്ല. (1906, ജൽസാ സാലാനാ പ്രഭാഷണം)

**(വിവ: മുഹമ്മദ് ഇസ്മായിൽ)** ●

ലേഖനം

# അവികലമായ സൃഷ്ടിപ്പും ദൈവത്തിന്റെ പരിശുദ്ധിയും

**മഹ്മൂദ് കൽക്കുളം**

### ദൈവത്തിന്റെ സൃഷ്ടിപ്പിലെ യുക്തി തത്വങ്ങൾ മനുഷ്യന്റെ പ്രണാമങ്ങളേറ്റു വാങ്ങുന്ന ദൈവികഗുണങ്ങളുടെ പ്രകടനമാണ്.

**അ**ത്യന്തം കണിശതയുടെയും അതീവയുക്തിയുടെയും അനന്തശക്തിക്കുമെല്ലാം നിദർശനമാണ് ഈ അണ്ഡകടാഹം. സൃഷ്ടികർത്താവിന്റെ തേജോവിലാസം വെളിപ്പെടുത്തുന്ന വിവിധയിനം അത്ഭുതപ്രതിഭാസങ്ങളുടെ സമുച്ചയമാണിത്. അടുക്കിലും ചിട്ടയിലും സജ്ജീകരിച്ച അനന്തകോടി താരാപഥങ്ങളും ക്രമീകമായ അവയുടെ ചലനങ്ങളും സൃഷ്ടിവൈദഗ്ദ്ധ്യത്തിന്റെ അത്യുദാത്ത ദൃഷ്ടാന്തങ്ങളാകുന്നു. പൊരുത്തക്കേടുകളോ പോരായ്മകളോ ദർശിക്കാനാവാത്ത വിധം തീർത്തും അപാകതാരഹിതവുമാണ് ദൈവത്തിന്റെ സൃഷ്ടികർമ്മങ്ങൾ. വിശുദ്ധഖുർആൻ പറയുന്നു: *"പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരു ക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വിടവും കാണുന്നുണ്ടോ? ഇനിയും രണ്ടുപ്രാവശ്യം കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചുകൊണ്ട് നിന്നിലേക്ക് തിരിച്ചുവരും. "* (67:45) ദൈവത്തെയും അവന്റെ സൃഷ്ടിവൈഭവത്തെയും വിലയിരുത്തുന്നതിന്, ജീവജാലങ്ങളുടെ നിലനിൽപിന്നനുരോധമായി, അവർക്ക് നൽകപ്പെട്ടിരിക്കുന്ന വിസ്മയജന്യമായ പ്രകൃതിയെ പറ്റി ചിന്തിക്കാനും വിശുദ്ധഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്. *"ഞങ്ങളുടെ റബ്ബ് എല്ലാ വസ്തുവിനും അതതിന്റെ പ്രകൃതിക്കനുയോജ്യമായ സൃഷ്ടിയെ പ്രദാനം ചെയ്യുകയും അനന്തരം അതിന് നിശ്ചിതമായ പരിപൂർണ്ണതയിലേക്ക് എത്തിച്ചേരുവാൻ ഉപദർശനം നൽകുകയും ചെയ്തവനത്രെ"* (20:51). 'ഇസ്‌ലാം മതതത്ത്വജ്ഞാനം' എന്ന പുസ്തകത്തിന് വിശദീകരണം നൽകിക്കൊണ്ട് വാഗ്ദത്ത മസീഹ് (അ) പറയുകയാണ്: "മനുഷ്യൻ തുടങ്ങി കരയിലും കടലിലും വായുമണ്ഡലത്തിലുമുള്ള എല്ലാ ജീവികളുടെയും ശരീരഘടന പരിശോധിക്കുകയും അവയുടെ പ്രകൃതിയെക്കുറിച്ച് ചിന്തിക്കുകയും ചെയ്യുന്നതായാൽ എല്ലാം അവയുടെ പ്രകൃതിക്ക് യോജിച്ചവിധം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതായി കാണാം. ഈ വിഷയം ഓരോരുത്തർക്കും വേണ്ടത്ര ചിന്തിച്ചുനോക്കുവാൻ മാത്രം വിപുലതരമായിട്ടുള്ളതാണ്." (ഇസ്‌ലാം മതതത്വജ്ഞാനം)

### സ്രഷ്ടാവിന്റെ പരമാധികാരം

സൃഷ്ടികൾക്കിടയിലെ അവസ്ഥാന്തരങ്ങളെയും ഏറ്റക്കുറച്ചിലുകളെയും ഒരു വൈകല്യമെന്നോണം ചിലർ എടുത്തുകാണിക്കാറുണ്ട്. അഥവാ, സൃഷ്ടിപ്പിന്റെ ഒരു ന്യൂനതയാണ് ഏറ്റക്കുറച്ചിലുകളെന്ന ആരോപണം അവർ ഉന്നയിക്കുന്നു. വാസ്തവത്തിൽ, ഈ ആക്ഷേപം സൃഷ്ടികർത്താവിന്റെ പരമാധികാരത്തിലുള്ള കൈ കടത്തലാകുന്നു. തുല്യവും ഏകാത്മകവുമായ പദവികളിലും കഴിവുകളിലും നിലയിലും സൃഷ്ടികളെയല്ലാമാക്കിത്തീർക്കുക എന്നത് സ്വതന്ത്രാധികാരമുള്ള സ്രഷ്ടാവിന്റെ മേൽ ബാധ്യതയല്ല. സൃഷ്ടികളുടെ ആവശ്യങ്ങളൊക്കെ അംഗീകരിച്ചുകൊടുക്കുന്നവൻ മാത്രമാണ് ദൈവമെങ്കിൽ, ഓരോ സൃഷ്ടിയുടെയും ആവശ്യങ്ങളുടെ പരമ്പരയും അവസാനിക്കുന്നതല്ല. അതിനാൽ, സൃഷ്ടികളുടെ എല്ലാ ഇച്ഛകളും നിറവേറ്റുന്ന ഭൃത്യനാണ് സ്രഷ്ടാവ് എന്ന വിചാരം പോലും സംജാതമാകാനിടയാകാത്തത്രയും സമുന്നതവും പവിത്രവുമാണ് ദൈവത്തിന്റെ സ്ഥാനം. അഥവാ സൃഷ്ടികളുടെ സങ്കൽപങ്ങളിൽ നിന്നുമെത്രയോ അകലെയും ഉന്നതിയിലും നിലകൊള്ളുന്നവനാണ് ദൈവമെന്ന് വിശുദ്ധഖുർആൻ പ്രഖ്യാപിക്കുന്നു. *"അല്ലാഹുവിനെ ബഹുമാനിക്കേണ്ട മുറപ്രകാരം അവർ ബഹുമാനിച്ചില്ല. പുനരുത്ഥാന നാളിൽ ഭൂമി മുഴുവനും അവന്റെ കൈപ്പിടിയിൽ അമർന്നിരിക്കും. ആകാശങ്ങൾ അവന്റെ വലതു കൈയിൽ ചുരുളുകളായി ഒതുങ്ങിയിരിക്കും. അവൻ പരിശുദ്ധനാണ്.*

*അവർ പങ്കുകാരെ സങ്കല്പിക്കുന്നതിൽ നിന്ന് അവൻ ഉന്നതനാകുന്നു."* (വി ഖു. 33:68). *"ആകാശങ്ങളുടെയും ഭൂമിയുടെയും അവ രണ്ടിനുമിടയിലുള്ളതിന്റെയും ആധിപത്യം അല്ലാഹുവിന്റേത് തന്നെയാണ്. താൻ ഉദ്ദേശിക്കുന്നത് അവൻ സൃഷ്ടിക്കുന്നു. അല്ലാഹു എല്ലാ കാര്യത്തിനും പൂർണ്ണമായും കഴിവുള്ളനാകുന്നു."* (5:18). *"പറയുക, എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവ് അല്ലാഹു തന്നെയാണ്. അവൻ ഏകനും എല്ലാറ്റിനേയും അടക്കിഭരിക്കുന്നവനുമാകുന്നു."* (13:17). *"അല്ലാഹു ആകാശങ്ങളെയും ഭൂമിയെയും ന്യായ യുക്തമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നത് നീ കാണുന്നില്ലേ? അവനുദ്ദേശിക്കുന്നതായാൽ നിങ്ങളെ അവൻ നശിപ്പിക്കുകയും തൽസ്ഥാനത്ത് ഒരു പുതിയ സൃഷ്ടിയെ കൊണ്ടുവരുകയും ചെയ്യുന്നതാണ്."* (14:20). ചുരുക്കത്തിൽ ദൈവം ഇച്ഛിക്കുന്നത് ചെയ്യുന്നവനാകുന്നു. ഉദാഹരണത്തിന്, മനുഷ്യന് അവൻ വിവേകബുദ്ധി നൽകി. മൃഗങ്ങൾക്ക് പക്ഷേ, വിവേകബുദ്ധി പ്രദാനം ചെയ്തില്ല. മനുഷ്യരെത്തന്നെ വ്യത്യസ്ത പ്രകൃതികളും താല്പര്യങ്ങളുമുള്ളവരായി സൃഷ്ടിച്ചു. ദൈവത്തിന്റെ അറിവും യുക്തിയും അനന്തവും സർവ്വ തിനെയും അതിജയിക്കുന്നതുമാകുന്നു. അതിനാൽ അവന്റെ സൃഷ്ടികർമ്മങ്ങളും പരമമായ യുക്തിജ്ഞാനങ്ങളുടെ അടിസ്ഥാനത്തിലാണ് വെളിപ്പെട്ടിരിക്കുന്നത്.

## പ്രതിഫലത്തിന്റെ മാനദണ്ഡം

ഈ ലോകം ഒരു താൽക്കാലിക ഗേഹം മാത്രമാണെന്നും യഥാർത്ഥ സങ്കേതം പരലോകമാണെഎന്നും വിശുദ്ധഖുർആൻ നിരന്തരം ഉണർത്തുന്നുണ്ട്. അതിനാൽ അവസ്ഥാന്തരങ്ങളെപ്പറ്റിയുള്ള ആകുലതക്ക് യാതൊരു പ്രസക്തിയുമില്ല. എന്നാൽ ആത്മീയാഭിവൃദ്ധിക്കുള്ള മാർഗ്ഗം എല്ലാവർക്കും ഒരുപോലെയാണ് തുറന്നിടപ്പെട്ടിരിക്കുന്നത്. മനുഷ്യന്റെ കർമ്മഫലം വിലയിരുത്തുന്നതിന്, നിശ്ചയിക്കപ്പെട്ടിരിക്കുന്ന മാനദണ്ഡങ്ങൾ, ദൈവത്തിന്റെ നീതി നിഷ്ഠയുടെ നിസ്തുലമായ വിളംബരം കൂടിയാകുന്നു. ഓരോരുത്തരുടെയും അവസ്ഥകളും സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ടാണ് ദൈവം കർമ്മഫലങ്ങൾ വിലയിരുത്തുന്നത്. അഥവാ ശാരീരികമോ പ്രകൃതിപരമോ ആയ കാരണങ്ങളാൽ ധർമ്മസമരത്തിൽ ഭാഗഭാക്കാക്കാൻ കഴിയാതെ വരികയും അതേസമയം ഹൃദയം അതിന്നായി അഭിലഷിക്കുകയും ചെയ്യുന്ന ഒരാൾ കർമ്മം സഫലമാക്കിയവരുടെ കൂട്ടത്തിൽ തന്നെ ഗണിക്കപ്പെടുന്നതാണ്. ഇതുസംബന്ധമായി വിശുദ്ധഖുർആൻ പറയുകയാണ്: *"വിശ്വാസികളിൽ നിന്ന് ബുദ്ധിമുട്ടുള്ളവരൊഴിച്ച് ജിഹാദിന് പോകാതെ സ്വന്തം വീടുകളിൽ ഇരിക്കുന്നവരും അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം കൊണ്ടും ജീവൻകൊണ്ടും ജിഹാദ് ചെയ്യുന്നവരും ഒരുപോലെയാവില്ല."* (4:96). *"ബലഹീനർക്കും രോഗികൾക്കും ചെലവഴിക്കാൻ വക കണ്ടെത്താത്തവർക്കും അവർ അല്ലാഹുവിനോടും അവന്റെ ദൂതനോടും ആത്മാർത്ഥ പുലർത്തുന്ന പക്ഷം - അവർക്ക് (യുദ്ധത്തിന് പോകാതിരിക്കുന്നതിൽ) കുറ്റമില്ല. സദ്വൃത്തന്മാർക്കെതിരിൽ കുറ്റാരോപണത്തിന് യാതൊരു വഴിയുമില്ല. അല്ലാഹു സർവ്വഥാ പൊറുക്കുന്നവനും കരുണാമയനുമത്രെ."* (9:91). ഓരോ മനുഷ്യന്റെയും കർമ്മഫലങ്ങൾ വിലയിരുത്തുമ്പോൾ, സ്വന്തം കുറ്റംകൊണ്ടല്ലാതെയുള്ള കഴിവുകേടുകളും ദൗർബ്ബല്യങ്ങളും സമർഹമായ നിലയിൽ പരിഗണിക്കുക തന്നെ ചെയ്യുമെന്ന് മേൽ സൂക്തങ്ങൾ വ്യക്തമാക്കുന്നു.

## വൈവിധ്യങ്ങളിലെ യുക്തിഭദ്രത

മക്കയിലെയും ത്വായിഫിലെയും വലിയ വലിയ കുബേരന്മാരും നേതാക്കന്മാരും ഉണ്ടായിരിക്കുമ്പോൾ, എന്തുകൊണ്ട് അവരിലാർക്കും ഈ ഖുർആൻ ഇറങ്ങിയില്ല? എങ്കിൽ, അവരുടെ സ്വാധീനശക്തിയും സാമ്പത്തിക വിനിയോഗവും മൂലം അത് വേഗത്തിൽ പ്രചരിക്കുമായിരുന്നു. എന്നാൽ പേരും പ്രശസ്തിയുമില്ലാത്ത ഒരു അനാഥ വ്യക്തിക്കാണ് ഇത് ഇറക്കപ്പെട്ടിരിക്കുന്നത് എന്നിരിക്കെ, ഖുർആൻ എങ്ങനെയാണ് ദൈവികമാകുക? വിശുദ്ധഖുർആനെ കളവാക്കുന്നതിന്, എതിരാളികളുന്നയിച്ചിരുന്ന ഒരാരോപണമാണിത്. ഇതിന് മറുപടി നൽകികൊണ്ട് വിശുദ്ധഖുർആൻ പറയുന്നു: *"ഈ രണ്ട് പട്ടണങ്ങളിൽ നിന്നുള്ള ഏതെങ്കിലുമൊരു മഹാപുരുഷന് എന്തുകൊണ്ട് ഈ ഖുർആൻ അവതരിപ്പിക്കപ്പെട്ടില്ല എന്നും അവർ പറയുന്നു. നിന്റെ നാഥന്റെ കാരുണ്യത്തെ ഭാഗിച്ചുകൊടുക്കുന്നത് അവരാണോ? ഐഹിക ജീവിതത്തിൽ അവരുടെ ജീവിതമാർഗ്ഗം ഭാഗിച്ചു കൊടുത്തത് നാമാണ്. അവരിൽ ചിലരെ മറ്റു ചിലരെക്കാൾ പദവികളിൽ നാം ഉയർത്തുകയും ചെയ്തിരിക്കുന്നു. തൽഫലമായി അവരിൽ ചിലർ മറ്റുചിലരെ നിന്ദ്യരായി ഗണിക്കുന്നു. നിന്റെ നാഥന്റെ കാരുണ്യം, അവർ ശേഖരിച്ചുവെക്കുന്നതിനേക്കാൾ ഏറ്റവും ഉത്തമമാകുന്നു."* (43:32,33). മേൽ വചനങ്ങളിലുൾക്കൊണ്ടസാരമിതാണ്. അതീവ യുക്തിജ്ഞനായ ദൈവത്തിന്റെ അനുഗ്രഹങ്ങൾ വിഭജിക്കാൻ ആർക്കും സാധ്യമല്ല. അതിലിടപെടാനാർക്കും അർഹതയുമില്ല. മനുഷ്യരിൽ ചിലർ ഭൗമികതയുടെ ലഹരിയിൽ ആണ്ടുപോയവരാകുന്നു. അവർ പൊതുവെ സമ്പന്നരും നേതാക്കളുമാണ്. യഥാർത്ഥ ലക്ഷ്യം വിസ്മരിച്ചവരും അവരാണ്. എന്നാൽ ആത്മീയശക്തി കൈവരിക്കുന്നതിലും പരിശുദ്ധിയുടെ പൂർണ്ണതയിലെത്തുന്നതിലും സൗഭാഗ്യം സിദ്ധിച്ചവരാണ് വേറെ ചിലർ. അവർ യഥാർത്ഥ രക്ഷിതാവിന്റെ അനുരാഗത്തിൽ വിലയനം പ്രാപിച്ചവരാണ്. തന്മൂലം അവരെയാണ്, ദൈവത്തിന്റെ ദൗത്യം നടപ്പിലാക്കാൻ ചുമതലപ്പെടുത്തുന്നത്. അല്ലാഹു പറയുന്നു: 'അവരുടെ ജീവിതമാർഗ്ഗം ഭാഗിച്ചുകൊടുത്തത് നാമാണ്.' അതായത്, വിവിധ കാര്യങ്ങളിൽ അഭിരുചിയും താല്പര്യമുള്ളവരായി മനുഷ്യരെ വാർത്തെടുത്തിരിക്കുന്നത്, അന്യോന്യം

സൗകര്യപ്പെടുന്നതിനുമാകുന്നു. മനുഷ്യസമൂഹത്തിന്റെ പ്രവർത്തനങ്ങൾ ഒരു ശൃംഖലപോലെ ചലിച്ചുകൊണ്ടിരിക്കുന്നതിന്ന് വൈജാത്യ പ്രകൃതിയിലുള്ളവരും, അവരുടെ പരസ്പരമുള്ള സഹകരണവും അനുപേക്ഷണീയമാണ്. വാഗ്ദത്തമസീഹ് (അ) വിവരിക്കുന്നു: "പരസ്പര സഹായം കൂടാതെ ഒരു കാര്യവും ശുഭസമാപ്തിയിലെത്തിക്കാൻ മനുഷ്യന് കഴിയുകയില്ല. ഉദാഹരണമായി മനുഷ്യന്റെ ജീവിതാശ്രയം നിലകൊള്ളുന്ന റൊട്ടി തന്നെ നോക്കുക. അത് തയ്യാറാകുവാൻ എത്രത്തോളം പരസ്പര സഹായ സഹകരണങ്ങൾ ആവശ്യമുണ്ട്. കൃഷി ചെയ്യുന്നതു തുടങ്ങി റൊട്ടിയായിത്തീരുന്നതുവരെ അനേകശതം പ്രവർത്തകരുടെ സഹകരണം അതിന്നാവശ്യമുണ്ട്. പൊതുവായ എല്ലാ കാര്യങ്ങളിലും പരസ്പര സഹകരണം അനിവാര്യമാണ്. ഇതിന് സൗകര്യപ്രദമായ വിധത്തിലാണ് യുക്തിജ്ഞനായ ദൈവം മനുഷ്യന് പ്രകൃതിയെ അന്തരങ്ങളോടുകൂടി സൃഷ്ടിച്ചിരിക്കുന്നത്. ഓരോ വ്യക്തിയും അവന്റെ കഴിവും വാസനയുമനുസരിച്ച് പ്രവർത്തിക്കുന്നു. ചിലർ കൃഷി ചെയ്യുന്നു. മറ്റു ചിലർ കാർഷികോപകരണങ്ങൾ ഉണ്ടാക്കുന്നു ചിലർ ധാന്യം പൊടിക്കുന്നു. ചിലർ റൊട്ടിയുണ്ടാക്കുന്നു. ചിലർ കച്ചവടം ചെയ്യുന്നു. ചിലർ കൂലി വേല ചെയ്യുന്നു. ഇപ്രകാരം ഓരോരുത്തരും മറ്റുള്ളവരെ സഹായിച്ചും സഹകരിച്ചും കൊണ്ടിരിക്കുന്നു. ചിലർ ചിലരെ സഹായിക്കുന്നു. അങ്ങനെ ഓരോരുത്തർക്കും ഇതരന്മാരുടെ സഹായസഹകരണം അനുപേക്ഷണീയമായിത്തീർന്നു." (ബറാഹീനെ അഹ്മദിയ്യ) ചുരുക്കത്തിൽ മനുഷ്യൻ സാമൂഹ്യജീവിയാണ്. വ്യത്യസ്ത ഇടപഴകലുകളിലൂടെയും അന്യോന്യം ബന്ധം പുലർത്തുന്നതിലൂടെയുമാണ് മഹത്തായ സാമൂഹ്യക്ഷേമം നിലനിൽക്കുന്നത്. മനുഷ്യർ തമ്മിലുള്ള ഈ ബന്ധങ്ങളിൽ, അരാജകത്വവും അനീതിയും പ്രശ്നങ്ങളും സംജാതമാകാതിരിക്കാൻ, സർവ്വശക്തനും സർവ്വജ്ഞനുമായ രക്ഷിതാവിൽനിന്നുള്ള മാർഗ്ഗദർശനവും അത്യന്താപേക്ഷിതാണ്. ദൈവം തന്റെ വരിഷ്ഠദൂതനായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) മുഖേന ലോകത്തിന് നൽകിയിരിക്കുന്ന അന്തിമ ശരീഅത്ത്-നീതിശാസ്ത്ര സംഹിത - എല്ലാ കാലത്തേക്കുമുള്ള തികവാർന്ന നിയമ വ്യവസ്ഥിതിയും മാർഗദർശനവുമാകുന്നു.

## ഭൗതികലോകം കൃഷിയിടം

നന്മ വെളിപ്പെടുവാനും ആത്മീയാഭിവൃദ്ധി പ്രാപിക്കുവാനും മനുഷ്യൻ മത്സരങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും കടന്നുപോകേണ്ടത് അനിവാര്യമാണ്. വിശുദ്ധഖുർആൻ പറയുന്നു: *"തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളെയും നാം അതിന് ഒരു അലങ്കാരമാക്കിവെച്ചിരിക്കുന്നു. (മനുഷ്യരിൽ) ഏറ്റവും നന്നായി പ്രവർത്തിക്കുന്നവർ ആരെന്ന് അവരെ പരീക്ഷിക്കുന്നതിനുവേണ്ടി. (ഒരു നാൾ) അതിന്മേലുള്ളതെല്ലാം നാം തരിശുനിലമാക്കിമാറ്റുന്നതാണ്."* (18:8,9). ഈ ഭൗതികലോകത്തിന്റെ അലങ്കാരങ്ങൾക്കിടയിൽ നിന്നുകൊണ്ട് അതിന്റെ പ്രലോഭനങ്ങളിൽപ്പെടാതെ നല്ല നിലയിൽ ജീവിതം നയിക്കുന്നവരാരാണെന്ന് ദൈവം പരീക്ഷിക്കുന്നു. പരീക്ഷണങ്ങളെ അതിജയിക്കുന്നവരാണ് അവന്റെ പ്രതിഫലത്തിനർഹതപ്പെട്ടവർ. തനിക്ക് നൽകപ്പെട്ടിരിക്കുന്ന സമ്പത്ത്, ദൈവം കല്പിച്ചതു പ്രകാരം വളരെ സൂക്ഷ്മമായി വിനിയോഗിച്ചുകൊണ്ട് സമ്പത്ത് തന്റെ ഗുണത്തിനും നന്മക്കുള്ള നിമിത്തമാക്കി മാറ്റാൻ ഒരു സമ്പന്നന് സാധിക്കും. എന്നാൽ ദൈവത്തെ വിസ്മരിച്ച് ഭൗതികസുഖലോലുപതയിൽ കഴിഞ്ഞുകൂടുന്നതിനാണ് പ്രസ്തുത സമ്പത്ത് അയാൾ ഉപയോഗപ്പെടുത്തുന്നതെങ്കിൽ അതയാളുടെ നാശത്തിനും ശിക്ഷക്കും കാരണമായിത്തീരുന്നു. അതേ പ്രകാരം ഒരു ദരിദ്രൻ, ഉള്ള അവസ്ഥയിൽ തൃപ്തിപ്പെട്ട് സഹനത്തോടെ ജീവിക്കുകയാണെങ്കിൽ, ദാരിദ്ര്യാവസ്ഥ നന്മക്കും ആത്മീയാഭിവൃദ്ധിക്കുമുള്ള നിമിത്തമാക്കുവാൻ അയാൾക്ക് കഴിയുന്നതാണ്. ചുരുക്കത്തിൽ ഈ ലോകം നന്മകൾ സമ്പാദിക്കുന്നതിനുള്ള ഒരു താവളം മാത്രമാകുന്നു.

## ദൈവത്തിന്റെ ഭാവപ്രകടനങ്ങൾ

വിവിധയിനം സൃഷ്ടികളും വിവിധതരം അവസ്ഥകളും, സ്രഷ്ടാവിന്റെ വ്യത്യസ്തങ്ങളായ മഹത്വങ്ങളിലേക്കും പ്രഭാവ ശക്തികളിലേക്കുമാണ് വിരൽചൂണ്ടുന്നത്. ഇതുമൂലം പലതരത്തിൽ അവന്റെ മഹത്വങ്ങൾ വെളിപ്പെടുമാറാകുന്നു. വിശുദ്ധഖുർആൻ പറയുകയാണ് *"നിങ്ങൾക്ക് എന്തുപറ്റി? അല്ലാഹുവിന്റെ മഹത്വം വകവെച്ചുകൊടുക്കാൻ നിങ്ങളാഗ്രഹിക്കുന്നില്ല. വാസ്തവത്തിൽ അവൻ നിങ്ങളെ പല ദശകളായി സൃഷ്ടിച്ചിരിക്കുന്നു."* (71:14,15) ദൈവം തന്റെ മഹത്വം പ്രകടമാക്കുന്നതിന് വിവിധ രൂപങ്ങളും ഭാവങ്ങളും നൽകി സൃഷ്ടിച്ചിരിക്കുന്നു. വീണ്ടും പറയുന്നു: *''ചരിക്കുന്ന എല്ലാ ജീവികളെയും അല്ലാഹു വെള്ളത്തിൽ നിന്ന് സൃഷ്ടിച്ചിരിക്കുന്നു. അപ്പോൾ അവയിൽ ചിലത് അവയുടെ വയറിൻമേൽ ഇഴഞ്ഞു നടക്കുന്നു. അവയിൽ ചിലത് രണ്ട് കാലിന്മേൽ നടക്കുന്നു. അവയിൽ ചിലത് നാലുകാലുകളിന്മേൽ നടക്കുന്നു. താനിച്ഛിക്കുന്നത് അല്ലാഹു സൃഷ്ടിക്കുന്നു. തീർച്ചയായും അല്ലാഹു എല്ലാ കാര്യത്തിനും പൂർണ്ണമായും കഴിവുള്ളവനാകുന്നു. "* (24:46). ഈ രൂപത്തിൽ പലയിനം വസ്തുക്കളെ സൃഷ്ടിച്ചുകൊണ്ട് തന്റെ ഖുദ്റത്തുകൾ- (പ്രഭാവ ശക്തികൾ) ദൈവം വെളിപ്പെടുത്തിയിരിക്കുകയാണ്. പ്രകൃതിപരമായ വൈവിധ്യങ്ങൾ സൃഷ്ടികളുടെ പ്രകൃതിയിലും നിലകൊള്ളുന്നു. ദൈവികശക്തി മഹത്വങ്ങളെ സംബന്ധിച്ച് വാഗ്ദത്ത മസീഹി (അ) ന്റെ ചില വരികൾ ചേർത്തുകൊണ്ട് ഈ ലേഖനത്തിന് വിരാമമിടുന്നു. "ദൈവത്തിന്റെ സൗന്ദര്യമഹിമ അവന്റെ ഏകത്വത്തിലും പ്രഭാവത്തിലും

*(ശേഷം 18-ാം പേജിൽ)*

ലേഖനം

# ഗൾഫ് യുദ്ധത്തിന്റെ നിദാനം

**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റ)**

## 1990ലെ ഗൾഫ് യുദ്ധവേളയിൽ ഖലീഫത്തുൽ മസീഹ് നാലാമൻ ആഹ്വാനം ചെയ്ത ചരിത്ര പ്രസിദ്ധമായ ഖുത്വ്ബയുടെ തുടർച്ച

കാരണങ്ങളെക്കുറിച്ചു വിശകലനം ചെയ്യുമ്പോൾ ഈ യുദ്ധത്തിന്റെ ലക്ഷ്യമെന്താണെന്ന പ്രശ്നം ഉയരുന്നു. എന്തിനാണ് ഈ യുദ്ധം തുടരുന്നത്? 'സോഷ്യലിസ്റ്റ് സ്റ്റാൻഡേർഡ്' (Socialist Standard) എന്ന പത്രം പറയുന്നത് ലക്ഷ്യങ്ങൾ തികച്ചും സ്വാർത്ഥപരമാണെന്നത്രെ:

The Reason why we will shortly have to go to war with Iraq is not to free Kuwait.

"കുവൈത്തിനെ മോചിപ്പിക്കാൻ വേണ്ടിയാണ് നാം യുദ്ധത്തിനു ഇറങ്ങിത്തിരിച്ചിരിക്കുന്നതെന്നു പറയുന്ന ഈ തട്ടിപ്പ് മാത്രമാണ്. കുവൈത്തിനെ സ്വതന്ത്രമാക്കാൻ നാം മരിക്കുവാൻ തയ്യാറാകുന്നു എന്നു പറയുന്നതും ശുദ്ധഭോഷ്കാണ്. Though that is to be desired അതെ, അതിനു കഴിഞ്ഞെങ്കിൽ കൊള്ളാം എന്നു മാത്രം. Though that is to be desired or to defend Saudi Arabia though that is important സൗദി അറേബ്യയെ രക്ഷിക്കാനുമല്ല, നമ്മൾ പൊരുതുന്നത്. അതു പക്ഷെ പ്രധാനം തന്നെ.'

It is because President Saddam is a menace to vital Western interests in the Gulf, above all the free flow of oil at market prices, which is essential to the West's prosperity (Socialist Standard, Lond, November1990)

'ഗൾഫിൽ പാശ്ചാത്യരുടെ അതിപ്രധാന താൽപര്യങ്ങൾ സംരക്ഷിക്കാനായിട്ടാണ്, പാശ്ചാത്യരാജ്യങ്ങളുടെ ക്ഷേമാഭിവൃദ്ധികൾക്ക് അത്യാവശ്യമായിട്ടുള്ള എണ്ണ മാർക്കറ്റ് വിലക്ക് തടസ്സമെന്യേ ലഭിച്ചു കൊണ്ടിരക്കുമെന്നു ഉറപ്പുവരുത്താനായിട്ടാണ് യഥാർത്ഥത്തിൽ ഞങ്ങൾ പോകുന്നത്. പ്രസിഡന്റ് സദ്ദാം ഹുസൈൻ ഇക്കാര്യത്തിൽ വലിയൊരു ഭീഷണിയായിരിക്കുന്നു."

എന്നാൽ, ഇതു പൂർണ്ണമായ ഒരു ഏറ്റുപറച്ചിൽ അല്ല. ഈ ലക്ഷ്യങ്ങളിൽ ഇസ്രായേലിനെ ഇറാഖിന്റെ ഭീഷണിയിൽ നിന്നു എന്നന്നേക്കുമായി രക്ഷിക്കുകയും ഒരൊറ്റ മുസ്‌ലിം രാഷ്ട്രവും ഇസ്രായേലിനെ വെല്ലുവിളിക്കാനുണ്ടാകരുതെന്നു ഉറപ്പുവരുത്തുകയും ചെയ്കയാണ് ഏറ്റവും വലിയ ലക്ഷ്യം എന്നതത്രെ മർമ്മപ്രധാനമായ സത്യം. എന്നാൽ, ഈ ലക്ഷ്യത്തിന് എണ്ണയുമായി ആഴമേറിയ ബന്ധമുണ്ട്. മുസ്‌ലിം രാജ്യങ്ങളുടെമേൽ, എക്കാലത്തേയ്ക്കും ഒരു കാവൽക്കാരൻആയിരിക്കുകയെന്നതുമാണ് ഇസ്രായീലിനെ മദ്ധ്യപൗരസ്ത്യദേശത്ത് പടച്ചുവച്ചതിന്റെ മറ്റൊരു പ്രധാന ഉന്നം. ആവശ്യമായ ഘട്ടത്തിൽ ഇസ്രായീലിനെ കൂട്ടിനു വിളിക്കാമല്ലോ. മുസ്‌ലിം രാഷ്ട്രങ്ങളെ പാഠം പഠിപ്പിക്കാൻ അവർക്ക് അവിടെയൊരു പ്രതിനിധി വേണം!

### യുദ്ധത്തിന്റെ ലാഭനഷ്ടം

ഇപ്പോൾ യുദ്ധത്തിന്റെ ലാഭനഷ്ടങ്ങൾ നിങ്ങൾക്ക് വിവരിച്ചുതരാം. 89.5 ബില്യൺ ഡോളർ ആണ് ഇതുവരെ യുദ്ധത്തിനു ചെലവായത്. യുദ്ധം തുടങ്ങിയശേഷം 30 ബില്യൺ ഡോളർ അതായത് ദിവസേന ഒരു ബില്യൺ ഡോളർ ചെലവാണ്. ഇന്നേയക്ക് 30 ദിവസമായി യുദ്ധം തുടങ്ങിയിട്ട്. യുദ്ധത്തിന് മുമ്പ് 9 ബില്യൺ അമേരിക്കയ്ക്ക് ചെലവായിരുന്നു. 2 ബില്യൺ യുദ്ധത്തിനു മുമ്പ് ബ്രിട്ടനും ചെലവായിട്ടുണ്ട്. അവരുടെ ദിവസേനയുള്ള ചെലവിന്റെ വ്യക്തമായ വിവരം അറിയാൻ കഴിഞ്ഞിട്ടില്ല. അതു ഇതിനു പുറമെയാണ്.

ഇതുകൂടാതെ, മറ്റു രാഷ്ട്രങ്ങളെ വിലയ്ക്ക് വാങ്ങുന്നതിനുവേണ്ടി അവർക്കുണ്ടായ ചെലവും യുദ്ധത്തിന്റെ ചെലവിൽ കൂട്ടണം. ഈജിപ്തിന് 21 ബില്യൻ കടബാദ്ധ്യത ഒഴിവാക്കിക്കൊടുത്തിട്ടുണ്ട്. ഇസ്‌ലാമിന്റെ താൽപര്യം തീറെഴുതി കൊടുത്തതിന് എത്രവലിയ വിലയാണ് അവർ അടിച്ചെടുത്തതെന്ന് നിങ്ങൾക്കിപ്പോൾ കണക്കാക്കാം. ഇസ്രായീലിനു അവർ അസാധാരണമായ സഹനം കൈകൊണ്ടതിന് പ്രതിഫലോപഹാരമായി ഇതേ വരെ കിട്ടിയത് 13 ബില്യൺ ഡോളർ! സ്കഡ് മിസൈൽ ആക്രമണത്തിൽ പ്രതികാര നടപടിക്കൊരുങ്ങാതെ സഹനം

കാണിച്ചതിനുള്ള പാരിതോഷികം! എല്ലാം നേടിക്കഴിഞ്ഞാൽ ഇറാഖിനെ തകർത്തു തരിപ്പണമാക്കുന്നതിന് എന്തും ചെയ്തുകൊള്ളാവുന്നതാണെന്നും അന്നാളിൽ യഥേഷ്ടം പ്രതികാരം ചെയ്യാമെന്നുമുള്ള വ്യവസ്ഥയിൽ കുറെയേറെ ആയുധങ്ങളും 13 ബില്യൺ ഡോളർ സഹായധനവും ഇസ്റായീലിന്ന് അമേരിക്ക നൽകിയിരിക്കുന്നു.!

റഷ്യയെപ്പറ്റി ഇംഗ്ലണ്ടിൽ നിന്നു പുറപ്പെടുന്ന 'അൽ അറബ്' എന്നോ 'അൽ അറബിയ' എന്നോ പേരുള്ള ഒരു പത്രം എഴുതി, റഷ്യക്ക് 3 ബില്യൺ ഡോളർ സൗഊദി അറേബ്യയും 1 ബില്യൺ ഡോളർ കുവൈത്തും കൊടുത്തിരിക്കുന്നു എന്നും തുർക്കിക്കും സിറിയയ്ക്കും വേണ്ടിയും ചെലവായിട്ടുണ്ട്. യുദ്ധം കഴിഞ്ഞാൽ വേറെയും നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ട്. അതിനെപ്പറ്റി വിവരം കിട്ടിയിട്ടില്ല.

ഈ ചെലവുകൾക്ക് പുറമെ, വൻനാശങ്ങൾ ഉണ്ടായി. കുവൈത്തിലും ഇറാഖിലും സ്വത്തുക്കൾ അപ്പടി നശിപ്പിച്ചു. ഇതിന്റെ കണക്കെടുത്ത നിരീക്ഷകന്മാർ (ഖുത്ബ-യിൽ നിന്ന്) വിവരിച്ചത് 50 ബില്യൺ ഡോളർ കുവൈത്തിന്റെ പുനഃസംവിധാനത്തിനു വേണ്ടി ചെലവാകും എന്നാണ്. ഇതു അഞ്ചാറുദിവസം മുമ്പെടുത്ത കണക്കാണ്. ഇറാഖിൽ ഇതിന്റെ പത്തിരട്ടി ചെലവാക്കേണ്ടിവരും എന്നും കണക്കാക്കപ്പെടുന്നു. 500 ബില്യൺ ഡോളർ ഇറാഖിനു എല്ലാം നേരെയാക്കാൻ ചെലവാക്കേണ്ടിവരും. യുദ്ധത്തിനുവേണ്ടിയുള്ള ചെലവുകൾക്കെല്ലാം പുറമെയുള്ള ഈ ചെലവുകൾ അസാധാരണമാംവിധം ഭീമമായിട്ടുള്ളതത്രെ.

കൂടാതെ ജീവനാശവും മനുഷ്യസമൂഹത്തിനു നേരിടേണ്ടിവന്നിട്ടുള്ള വിഷമങ്ങൾ വേറെയും. മൂന്നാം ലോകത്തിനു ഉണ്ടായിട്ടുള്ള സാമ്പത്തിക നഷ്ടം ഏതാണ്ട് 200 ബില്യൺ ഡോളർ ആണെന്നു കണക്കാക്കിയിട്ടുണ്ട്. നിരീക്ഷകന്മാർ പറയുന്നത് ഇതിലും കൂടുമെന്നാണ്. ഏതായാലും ദരിദ്രരാജ്യങ്ങൾക്കും 250 ബില്യൺ ഡോളർ നഷ്ടം നേരിട്ടു.

ഇനിയുള്ളതു അന്തരീക്ഷമലിനീകരണത്താലുള്ള നഷ്ടകഷ്ടങ്ങളാണ്. സമുദ്രത്തിലെ മലിനീകരണവും ഉണ്ട്. സമുദ്രത്തിലെ മലിനീകരണം ആരംഭിച്ചപ്പോൾ ഒരു അമേരിക്കൻ ജനറൽ അഭിമാനപൂർവ്വം പറഞ്ഞു. തങ്ങൾ എണ്ണയുടെ ഉറവിടങ്ങളിൽ വിജയകരമായി ബോംബ് വർഷം നടത്തിയിരിക്കുന്നുവെന്നും പൈപ്പുകൾ പൊട്ടി എണ്ണ ഒഴുകിത്തുടങ്ങിയിരിക്കുന്നുവെന്നും! എന്നാൽ, പിറ്റെന്നാൾ തന്നെ ആ മുഴുവൻ കഥയും മാറ്റിപ്പറഞ്ഞു. പിന്നീടാകട്ടെ, കുറ്റം ഇറാക്കിന്റെ മേൽ ആരോപിക്കുകയാണ് ചെയ്തത്. സമുദ്രത്തിലെ പക്ഷികളെയും ജലജീവികളെയും (Coots and Cormorants) മത്സ്യങ്ങളെയും കൂടി ആക്രമണത്തിനിരയാക്കിയ മഹാദ്രോഹികളാണ് ഇറാക്കികളെന്നായി പ്രചാരവേല. ജലജീവികൾ ചത്തു മലച്ചിരിക്കുന്നു. ശ്വാസം മുട്ടിപ്പിടക്കുന്നു എന്ന് ലോകം മുഴവൻ കൊട്ടിഘോഷിക്കുയും പക്ഷികൾ ശ്വാസം മുട്ടിപ്പിടക്കുന്ന ചിത്രങ്ങൾ ലോകമെങ്ങും പ്രക്ഷേപണം ചെയ്കയും ചെയ്തുകൊണ്ടിരുന്നു. ഇറാക്കികളുടെ പൈശാചികത്വത്തെ പറ്റിയായി പ്രചാരണം. സദ്ദാംഹുസൈൻ എന്തൊരു മഹാ ദുഷ്ടനാണ്. പക്ഷികളെയും പാറ്റകളെയും കൂടി ജീവിക്കാൻ അനുവദിക്കുന്നില്ല. ഈ നഷ്ടകഷ്ടങ്ങൾക്കിടയിൽ മനുഷ്യസ്നേഹവും സഹാനുഭൂതിയും കാട്ടുന്നതായി ഭാവിക്കുന്ന ഇക്കൂട്ടരുടെ യഥാർത്ഥമായ ഭാവരൂപങ്ങൾ എങ്ങനെയുള്ളതാണെന്ന് ഞാൻ വ്യക്തമാക്കാം. ഇതൊക്കെയും മഹാവഞ്ചനയാണ്. കൊടും ചതിയാണ്. മുഹമ്മദ് മുസ്തഫാ (സ) തിരുമേനി ഈ കാലഘട്ടത്തിന്റെ കൊടും വഞ്ചനയുടെ (ദജൽ) മുഴുവൻ ചിത്രവും തന്നെ 'ദജ്ജാൽ' എന്ന പദത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.!

### ആഫ്രിക്കയുടെ രോദനം

ആഫ്രിക്ക കൊല്ലങ്ങളായി പട്ടിണിയുടെയും വിശപ്പിന്റെയും കരാളമായ ഭ്രംഷ്ടങ്ങളിൽപ്പെട്ടു പിടഞ്ഞുകൊണ്ടിരിക്കുകയാണെന്നും ലക്ഷക്കണക്കിൽ ശിശുക്കളും സ്ത്രീകളും വൃദ്ധരും പുരുഷന്മാരും യുവാക്കളും കുട്ടികളുമെല്ലാം എല്ലിൻകൂടുകളായി മാറിയിരിക്കുകയാണെന്നും പരക്കെ അറിയാം. അവരുടെ നേരെ അല്പം പോലും മനുഷ്യസ്നേഹത്തിന്റെ അനുകമ്പയുടെ കൈ നീട്ടാൻ ഇവർ ക്ക് കഴിയുന്നില്ല. ശ്രദ്ധിക്കാൻ തയ്യാറില്ല.

ഈ യുദ്ധത്തിന്റെ ചെലവ് നിങ്ങൾ കേട്ടറിഞ്ഞു. 550 ബില്യൺ ഡോളർ ആണ് ചെലവ്. അതിനു മുമ്പ് 100 ബില്യൺ മറ്റു ചെലവുകൾ, 200 ബില്യൺ നഷ്ടം ഇതെല്ലാം കൂടിയാൽ ആയിരത്തോളം ബില്യൺ ഡോളർ അവർ ചെലവാക്കി. ഇതിന്നെതിരായി 25 മില്യൺ ആഫ്രിക്കക്കാർ പട്ടിണിയും വിശപ്പും മൂലം മരിച്ചുവീഴുകയാണ്. ഐക്യരാഷ്ട്രസഭയുടെ കണക്കാണ് ഇത്. ഒരു ആഫ്രിക്കക്കാരനു വിശപ്പടക്കാൻ ഒരു ദിവസം രണ്ടു ഡോളർ ചെലവ് കണക്കാക്കിയാൽ 25 മില്യൺ ആഫ്രിക്കക്കാർക്ക് ഒരു കൊല്ലത്തേക്ക് വിശപ്പടക്കാൻ 2.5 ബില്യൺ 66 ലക്ഷം ഡോളർ വേണ്ടിവരും. 25 ലക്ഷം ആളുകളുടെ നേരെ തരിമ്പോളം അനുകമ്പയില്ലാത്തവർ, ഇറാക്കിലെ 16 ലക്ഷം ജനങ്ങൾക്കെതിരിൽ സമ്പത്തിന്റെ കുന്നുകൾ ചെലവാക്കി മരണം വിതറിയവർ കുറെ താറാവുകൾ ചത്തൊടുങ്ങിയതിൽ അനുകമ്പ കാണിക്കുന്നു. സമുദ്രത്തിലെ എണ്ണമലിനീകരണത്തിൽ പക്ഷികൾ ശ്വാസം മുട്ടിച്ചാകുന്നതിൽ മനം നോവുന്നവരാണ് പോലും! കൊടും കള്ളം! മനുഷ്യസ്നേഹമുള്ളവരും അനുകമ്പയുള്ളവരുമാണെങ്കിൽ മനുഷ്യജന്തുക്കളുടെ നേരെ ഇവരത് കാണിക്കേണ്ടതായിരുന്നു. വിശപ്പുകൊണ്ട് പിടഞ്ഞുമരിക്കുന്ന ആഫ്രിക്കക്കാരുടെയും മരുജനതകളുടെയും നേരെ ഇവർ അതു കാണിക്കണമായിരുന്നു. സാമ്പത്തികമായ തുലനമില്ലായ്മ ദുരീകരിക്കാൻ ശ്രമിക്കണമായിരുന്നു. ഒരു ബില്യൺ എന്നു

വെച്ചാൽ എത്രയാണ്? 25 മില്യൺ, എന്നുവെച്ചാൽ 2.5 കോടി ജനങ്ങൾക്ക് ഒരു കൊല്ലം വരെ ആഹാരം കഴിക്കാൻ അതുകൊണ്ടാവാം. ദിവസേനയും മരണം വിതറാൻ ഇവർ ഒരു ബില്യൺ ചെലവാക്കുന്നു. ഒരു മാസംവരെ ജീവൻ നൽകാൻ ഒരു ബില്യൺ മതിയെങ്കിൽ അതിവർ ചെലവാക്കാൻ തയ്യാറില്ല. അതും 25 ലക്ഷം ജനങ്ങളുടെ ജീവൻ നിലനിർത്താൻ!

## മൂല്യച്യുതി

എനിയ്ക്കപ്പോൾ ഒരുസംഭവകഥ ഓർമ്മവരികയാണ്. ഒരിക്കൽ വിൻസ്റ്റൺ ചർച്ചിൽ ലോയിഡ് ജോർജിന്റെ അടുക്കൽ ചെന്നു എഡ്വേർഡ് ഗ്രേയ്ക്ക് വേണ്ടി ശുപാർശ നടത്തി. ഗ്രേയുടെ നേരെ അതൃപ്തിയുള്ള ജോർജ് വളരെ കോപാകുലനായിരുന്നു. ചർച്ചിൽ പറഞ്ഞു: ഏതായും, ഗ്രേ ജർമൻകാരുടെ മുമ്പിൽ മുട്ടുകുത്തിപ്പോകുന്ന ആളൊന്നുമല്ല. ജർമൻകാർ ഇവിടെ വന്നു ഗ്രേയോടു ഈ ഉടമ്പടിയിൽ ഒപ്പ് വെക്കുന്നില്ലെങ്കിൽ ഞങ്ങൾ നിങ്ങളെ കൊല്ലും എന്നു പറഞ്ഞാൽ അദ്ദേഹം പറയും: "അത്തരം ഭീഷണിയ്ക്ക് വഴങ്ങാൻ ഒരു ബ്രിട്ടീഷ് മന്ത്രിയെ കിട്ടില്ല. അങ്ങനെയൊന്നും സംഭവിക്കില്ല." എന്നാൽ ലോയിഡ് ജോർജ് ഉടൻ ഉത്തരം നൽകിയത് ഇപ്രകാരമായിരുന്നു: "ജർമൻകാർ അദ്ദേഹത്തോടു പറയുന്നതു അങ്ങനെയാവില്ല. അവർ അദ്ദേഹത്തോടു പറയും: "നോക്കൂ, ഇതിൽ ഒപ്പിടാൻ തയ്യാറില്ലെങ്കിൽ, ഫള്ളോഡണിലെ നിങ്ങളുടെ മുഴുവൻ അണ്ണാൻമാരെയും ഞങ്ങൾ തരക്കിക്കളയും! അതുപറഞ്ഞാൽ അദ്ദേഹം ആകപ്പാടെ കുഴഞ്ഞുവീഴും!"

അപ്പോൾ, മൂല്യങ്ങൾക്ക് തകർച്ച പറ്റിയിരിക്കുകയാണ്. നായ്ക്കൾക്ക് വേണ്ടി മനഷ്യർ നിന്ദിയ്ക്കപ്പെടുന്നു. മനുഷ്യർക്ക് വേണ്ടി സ്വന്തം താൽപര്യങ്ങൾ ബലിയാക്കാൻ തയ്യാറില്ല.

ചുരുക്കിപ്പറഞ്ഞാൽ , ഈ ഉത്തരവാദിത്തത്തിൽ എല്ലാ കുറ്റങ്ങളും ഉൾക്കൊള്ളുന്നു. ഇന്നു കണക്ക് പറയാനാകുന്നില്ലെങ്കിൽ നാളെ എന്തായാലും കണക്ക് ചോദിക്കപ്പെടും.

## നേട്ടങ്ങൾ

എന്തു നേട്ടങ്ങളുണ്ടായി? എന്തു നഷ്ടങ്ങളുണ്ടായി? നഷ്ടം ഞാൻ വിവരിച്ചുതന്നു. വേറെയും നഷ്ടങ്ങളുണ്ടായിട്ടുണ്ട്. കുറച്ചുനേട്ടവും ഇല്ലാതല്ല.

ഒരു വൻശക്തിയുടെ അഹന്ത തകർക്കാൻ ഇറാക്കിനുകഴിഞ്ഞു എന്നത് ഇറാക്കിനുണ്ടായ ഒരു നേട്ടം തന്നെ. അമേരിക്കക്കും പ്രസിഡണ്ട് ബുഷിനും 'വിയറ്റ്നാം കോംപ്ലക്സ്' പിടിപെട്ടിരിക്കുന്നതായി യുദ്ധം തുടങ്ങുന്നതിനു മുമ്പേ ചില നിരീക്ഷകന്മാർ ചൂണ്ടിക്കാണിച്ചിരുന്നു. അതും യുദ്ധം നടത്താൻ കാരണമായിരുന്നു എന്നു! വിയറ്റ്നാമിൽ അമേരിക്കയ്ക്ക് ഇതേ അനുഭവമുണ്ടായി. ഇറാക്കിൽ നടത്തിയ ബോംബാക്രമണത്തിന് മുമ്പ് വിയറ്റ്നാമിലെന്നപോലെ അത്രയും ഭയനാകമായ ബോംബു വർഷം എവിടെയും ഉണ്ടായിട്ടില്ലായിരുന്നു. വിയറ്റ്നാമിലെ സകല ഗ്രാമങ്ങളും അവർ തകർത്തു. ജീവിതം താറുമാറാക്കുകയും സമ്പത്ത് മുഴുവൻ നശിപ്പിച്ചുകളയുകയും ചെയ്തു. അത്തരം അക്രമങ്ങൾ മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ എവിടെയും കാണാനാകുമായിരുന്നില്ല. ഇത്ര വലിയ ആക്രമണങ്ങൾ ഉണ്ടായിട്ടും ആ ജനതയുടെ വീറും വീര്യവും തകർക്കാനായില്ല. ആ രാഷ്ട്രത്തിന്റെ തല കുനിപ്പിക്കാൻ കഴിഞ്ഞില്ല. രാഷ്ട്രം മരിച്ചുകൊണ്ടിരിക്കെ അവർ പൊരുതിക്കൊണ്ടേ പോന്നു. എന്നാൽ, അമേരിക്കയുടെ ദൈവഭാവത്തിന്റെ മുന്നിൽ അവർ സാഷ്ടാംഗം ചെയ്യാൻ ഒരുങ്ങിയില്ല.!

ഒടുവിൽ അവരുടെ മനോവീര്യം തകർന്നു. അഹങ്കാരം തകർന്നു. തങ്ങളുടെ ലക്ഷ്യം സാധിക്കാതെ ഇച്ഛാഭംഗത്തോടെ അവർക്ക് വിയറ്റ്നാമിൽ നിന്നും കെട്ടുകെട്ടേണ്ടി വന്നു. വിയറ്റ്നാമിന്റെ കാര്യങ്ങൾ പറയുമ്പോൾ, അമേരിക്കൻ പൊതുജനാഭിപ്രായം മാനുഷികമായ അനുകമ്പ കാരണം സർക്കാറിനെ യുദ്ധം നിർത്താൻ നിർബന്ധിച്ചതായ ഒരു തെറ്റിദ്ധാരണ പലർക്കും ഉണ്ടായിട്ടുണ്ട്. ഇത്രയേറെ ജനം മരിച്ചല്ലോ ഇനി മതിയാക്കൂ എന്നു അമേരിക്കക്കാർ സമ്മർദ്ദം ചെലുത്തിയതല്ല. വിയറ്റ്നാമിൽ ഒരു കോടി ആളുകൾ മരിച്ചു വീണാലും അമേരിക്കൻ പൊതുജനാഭിപ്രായത്തിന്ന് ഒരു നഷ്ടബോധവും ഉണ്ടാകയില്ല. കുറച്ചു താറാവുകൾ ചത്തൊടുങ്ങിയാലുള്ളത്രപോലും ഖേദം തോന്നുകയില്ല. എന്നാൽ, അമേരിക്കക്കാരന്റെ ജീവൻ അപകടത്തിലാകുന്നതും അമേരിക്കയുടെ വലിമത്തരത്തിന് ക്ഷതമേൽക്കുന്നതും അവർക്ക് ഒരിക്കലും സഹിക്കാനാവാത്തതാണ്.

ഈ യുദ്ധത്തിനു മനശ്ശാസ്ത്രപരമായ ഈ പശ്ചാത്തലവും ഉണ്ട്. അമേരിക്കയ്ക്കു തങ്ങളുടെ അഹങ്കാരത്തിന്നു അടിയേറ്റതായി അനുഭവപ്പെടുന്നു: ആ വ്രണം പച്ചയായിത്തന്നെയുണ്ട്. മനസ്സിൽ ആ പ്രതികാരത്തിന്റെ അഗ്നിയുമായി അവർ കഴിഞ്ഞു പോന്നു. വിയറ്റ്നാമിനോടുള്ള പ്രതികാരം ഇറാക്കിനോടു തീർക്കാമെന്നു അവർക്ക് തോന്നി. അതു തങ്ങളുടെ മനസ്സിൽ കുളിരിടുമെന്നു അവർ കരുതി. ഒരു മാസക്കാലമായിട്ടും ഇറാഖിന്റെ വീര്യം തകർക്കാൻ കഴിഞ്ഞില്ല. സദ്ദാം പറഞ്ഞതെല്ലാം സത്യമെന്നു തെളിഞ്ഞു. അമേരിക്കയുടെ അഹങ്കാരം നിറഞ്ഞ വാക്കുകൾ ഇറാഖിനെ തളർത്തിയില്ല.

പ്രസിഡണ്ട് ബുഷ് അഥവാ അദ്ദേഹത്തിന്റെ കൂട്ടുകാരിൽ പെട്ട മറ്റാരോ പറഞ്ഞതായി ഞാൻ ഓർക്കുന്ന, ഇറാഖ് മറ്റൊരു വിയറ്റ്നാം ആയി മാറുകയില്ല എന്നു.

It will not be years, it will not be months, it will not be weeks, it will be days.

ഈ യുദ്ധം കൊല്ലങ്ങളോളം നീണ്ടു നിൽക്കില്ല. മാസങ്ങളോളവും ആവില്ല. ആഴ്ചകളോളവും അല്ല, ഏതാനും ദിവസങ്ങൾ മാത്രം!

അതിനുശേഷം അൽപ ദിവസം മുമ്പ് പ്രസിഡണ്ട് ബുഷ്,

It will not be days. It will be weeks running into months.

ദിവസങ്ങൾ അല്ല, മാസങ്ങളിലേയ്ക്ക് കുതിച്ചു നീങ്ങുന്ന ആഴ്ചകൾ എന്നു പറഞ്ഞതായി കേൾക്കാനിടയായി....

ഇറാഖ് മുഴുവനും തന്നെ നശിച്ചുപോയാലും അമേരിക്കൻ പൊതുജനാഭിപ്രായത്തിനുമേൽ യാതൊരു പ്രതികരണവും ഉണ്ടാവുകയില്ല. എന്നാൽ, ഒരായിരം അമേരിക്കക്കാർ മരിക്കാനിടവന്നെങ്കിൽ അതു അവിടെ കൊടുങ്കാറ്റിളക്കിവിടും. സദ്ദാമിന്റെ തന്ത്രങ്ങൾ വളരെ ആഴമേറിയതാണെന്ന് മനസ്സിലാകുന്നു. ഏതായാലും, ദൈവദാസന്മാരുടെ മേൽ കള്ള ദൈവങ്ങളുടെ ഭരണം ഇല്ലാതിരിക്കാൻ നാം പ്രർത്ഥിച്ചുകൊണ്ടിരിക്കണം.

### തൗഹീദിന്നു ഭീഷണി

തൌഹീദിന്ന് പരിക്കേൽക്കുന്നതാണ് ലോകത്ത് ഏറ്റവും വലിയ ദുഃഖസംഭവം. കള്ളദൈവങ്ങളുടെ മേൽക്കോയ്മ അനുവദിച്ചാൽ ഏക ദൈവത്തെ ആരാധിക്കാൻ ആരുണ്ടാവും? ഈ ദുനിയാവിൽ പിന്നെ ജീവിക്കാനാവില്ല.

ഏറ്റവും വലിയ അപകടം തൌഹീദിന്റെ നേരെയുള്ള ഭീഷണിയാണ്; കഅബയ്ക്കുള്ള ഭീഷണിയാണ്; കഅബയുടെ ഔദാര്യത്തിനു നേരെയുള്ള ഭീഷണിയാണ്. ദൈവത്തിന്റെ ഏകത്വത്തിന്നും തൌഹീദിന്നും നേരെ ഉയർത്തിയ ഭീഷണിയാണ്. എന്നുവച്ചാൽ അവയുടെയെല്ലാം പേരിൽ ഉയർത്തപ്പെട്ട വിപത്തുകൾ! തൗഹീദിന്നൊരിക്കലും അപകടം പറ്റുകയില്ല. എന്നാൽ, ദൈവത്തിന്റെ അഭിമാനം തിളച്ചുപൊങ്ങുമാറാകുന്നതിന്നുതന്നെ നബി(സ) ഇതുപോലുള്ള പ്രാർത്ഥനകൾ നടത്തിയിട്ടുണ്ട്. 'ഓ ദൈവമേ, ഇന്നു ഈ ബദ്ർ മൈതാനിയിൽ ഒരുമിച്ചുകൂടീട്ടുള്ള എന്റെയും നിന്റെയും പ്രേമികളായിട്ടുള്ള ആരാധകർ ഒന്നടങ്കം മരിച്ചുവീഴുകയാണെങ്കിൽ നിന്നെ ആരാധിക്കുന്നതിന്ന് ഈ ഭൂമുഖത്ത് ആരും ഉണ്ടാകയില്ല."

"എന്റെ നാഥാ, ഇതു തൌഹീദിന്റെ മഹത്വത്തിന്റെയും അന്തസ്സിന്റെയും പ്രശ്നമാണ്." അഹ്മദികൾ ഈ രംഗത്ത് മുൻപന്തിയിലുണ്ടാകും എന്നെനിക്ക് പൂർണ്ണവിശ്വാസമുണ്ട്. ലോകത്തെങ്ങുമുള്ള അഹ്മദികൾ ഒരൊറ്റ അണിയായി ഒരൊറ്റ ശരീരം കണക്കെ അന്യോന്യം കോർത്തിണങ്ങി തൗഹീദിന്നു വേണ്ടി സകലതും സന്ത്യജിക്കാൻ തയ്യാറാകുമെന്ന കാര്യത്തിലും എനിക്കു ഉറച്ച വിശ്വാസമുണ്ട്. ഇന്നും അവരതിന് തയ്യാറാണ്. നാളെയും തയ്യാറായിരിക്കും.

അടുത്ത നൂറ്റാണ്ട് തൌഹീദിന്റെ വിജയനൂറ്റാണ്ടായിരിക്കുമെന്ന് ഖലീഫത്തുൽ മസീഹ് സാലിസ് പറഞ്ഞത് നിങ്ങൾ ഓർക്കുന്നുണ്ടാവും. അതു തികച്ചും ശരിയാണ്. ഇന്നു തൗഹീദിന്റെ നേരെയുള്ള ഈ ഭീഷണി ഒതുങ്ങിനിൽക്കാനുള്ള മുന്നറിയിപ്പാണ്. വളരെ വളരെ ഉയർന്ന ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന്നു വേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവരത്രെ നിങ്ങൾ.

(തുടരും)

* സൗദി അറേബ്യയിലുള്ള അമേരിക്കൻ സേനയോടു നേരിട്ടു പ്രസംഗിക്കവെ പ്രസിഡണ്ട് ജോർജ് ബുഷ് 1990 നവംബർ 22-ാംനു വെട്ടിത്തുറന്നു ഇപ്രകാരം പറഞ്ഞതായി റിപ്പോർട്ട് ഉണ്ടായിരുന്നു:

"He told that oil was a strategic commodity and any danger to oil source threatened American Security. So, they are here not for restoring the rule of the Sabah family over Kuwait, but to eliminate the threat on the main source of oil supply" (സത്യദൂതൻ, 1991 ജനുവരിയിലെ കുറിപ്പു നോക്കുക) സ. പ.

ഒരു ബില്ല്യൺ=നൂറുകോടി.

---

*(14 -ാം പേജിൽ നിന്ന് തുടർച്ച)*

പാവനത്വത്തിലും സ്ഥിതി ചെയ്യുന്നു. ഈ വിഷയത്തിലേക്ക് വിശുദ്ധ ഖുർആൻ നമ്മുടെ ശ്രദ്ധയാകർഷിക്കുന്നതു നോക്കുക. "ദൈവം തത്വത്തിലും ഗുണത്തിലും മഹാത്മ്യത്തിലും ഏകമാത്രനാകുന്നു. അവനു ഒരു പങ്കാളിയുമില്ല. സർവ്വവും ആരുടെ സഹായത്തെ ആശ്രയിച്ചു വർത്തിക്കുന്നുവോ, ആർ ഒന്നിൽ നിന്നും സഹായം സ്വീകരിക്കേണ്ടാത്തവനായി സകലത്തിനും ആശ്രയസ്ഥാനമായിരിക്കുന്നുവോ ആ സർവ്വാധിനാഥനത്രെ ദൈവം. അവൻ ആരുടെയും പിതാവല്ല; ആരുടെയും പുത്രനുമല്ല. എന്തെന്നാൽ അവന് സദൃശനായി ആരുമില്ല." വിശുദ്ധഖുർആൻ ഇങ്ങനെയുള്ള വാക്യങ്ങളാൽ ദൈവത്തിന്റെ പരിപൂർണ്ണമായ സൗന്ദര്യമഹിമയെയും പ്രഭാവത്തെയും വർണ്ണിച്ചുകൊണ്ട് മനുഷ്യരുടെ ശ്രദ്ധ സർവ്വശക്തിമാനായ ഏകദൈവത്തിലേക്ക് തിരിക്കുകയും മൃതപ്രായനും ദുർബ്ബലനും നിർദ്ദയനും ശക്തിഹീനമായ സങ്കല്പ ദൈവങ്ങളെയെല്ലാം ബഹിഷ്കരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. " (ഇസ്ലാം മതതത്വജ്ഞാനം)

## സാർവ്വത്രിക സാമ്പത്തിക സമത്വം

നിങ്ങളിൽ ചിലരെ മറ്റു ചിലരേക്കാൾ അല്ലാഹു ജീവിത വിഭവങ്ങളിൽ ശ്രേഷ്ഠരാക്കിയിരിക്കുന്നു. എന്നാൽ ശ്രേഷ്ഠരാക്കപ്പെട്ടവർ തങ്ങളുടെ വിഭവങ്ങൾ തങ്ങളുടെ അടിമകൾക്ക് അവരെല്ലാം തുല്യരാകുമാറ് വിട്ടുകൊടുക്കുന്നവരല്ല. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹം അവർ നിരാകരിക്കുകയാണോ?

(വി: ഖുർആൻ: (15:72)

ലേഖനം

# പോപ്പ് ബെനഡിക്റ്റിന്റെ ആരോപണം!

**ആരിഫ് മുഹമ്മദ് ബി.യം.**
**ജാമിഅ അഹ്മദിയ്യാ, ഖാദിയാൻ**

**പോപ്പിന്റെ ഇസ്‌ലാമിനെതിരായ ആരോപണങ്ങൾ അടിസ്ഥാനരഹിതവും യുക്തിഹീനവുമാണ്.**

പ്രവാചക പ്രഭുവായ ഹദ്റത്ത് മുഹമ്മദ് റസൂൽ തിരുമേനി(സ)ക്കെതിരെ അടിസ്ഥാനരഹിതമായ ആരോപണമുന്നയിച്ചുകൊണ്ട് പോപ്പ് ബെനഡിക്റ്റ് പതിനാറാമൻ രംഗത്ത് വന്നിരിക്കുകയാണ്. ജർമ്മനിയിലെ റിജൻസ്ബർഗിൽ ഒരു പൊതുയോഗത്തിനിടെ, 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ക്രിസ്ത്യാനിയായ ബൈസാന്റിയൻ ചക്രവർത്തി ഒരു പേർഷ്യക്കാരനുമായി നടത്തിയ സംവാദത്തിലെ ഉദ്ധരണികൾ തന്റെ പ്രസംഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ടാണ് പോപ്പ് വിവാദപ്രസംഗം നിർവ്വഹിച്ചത്.

"മുഹമ്മദ് പുതുതായി എന്താണ് കൊണ്ടുവന്നതെന്ന് പറയാമോ? വാളുമുഖേന വിശ്വാസം പ്രചരിപ്പിക്കണമെന്ന പൈശാചികവും മനുഷ്യത്വവിരുദ്ധവുമായ കൽപനയല്ലാതെ മറ്റൊന്നും തന്നെ മുഹമ്മദ് നൽകിയിട്ടില്ല." ഈ ഉദ്ധരണി ചേർത്തുകൊണ്ടാണ് ബെനഡിക്റ്റ് പതിനാറാമൻ പൊതുജനങ്ങൾക്കിടയിൽ ഇസ്‌ലാമിക വിരോധം വളർത്താനുള്ള ശ്രമം നടത്തിയിരിക്കുന്നത്. മുസ്‌ലിംകളുടെ എതിർപ്പിനെ തുടർന്ന് പോപ്പ് പിന്നീട് മാപ്പ് പറയുകയുണ്ടായി.

ഇക്കാലത്ത് നാമമാത്ര മുസ്‌ലിംങ്ങൾ അഴിച്ചുവിടുന്ന അക്രമങ്ങൾക്കും ക്രൂരതകൾക്കും ഇസ്‌ലാമിനെ ഉത്തരവാദിയാക്കിയാണ് ക്രിസ്തീയ രാഷ്ട്രങ്ങൾ ഇന്ന് മുസ്‌ലിംകൾക്കെതിരെ ക്രൂരമായ അക്രമങ്ങൾ അഴിച്ചുവിടുന്നത്. ഈ പാപത്തിൽ നിന്ന് ക്രിസ്ത്യാനികളെ കരകയറ്റാൻ യേശുവിന് രണ്ടാമതും കുരിശുമരണം പ്രാപിക്കേണ്ടി വരുമല്ലോ എന്ന് ഭയന്നിട്ടാവാം ഇസ്‌ലാമത സ്ഥാപകരുടെ മേൽ തന്നെ ഈ ആരോപണം ഉന്നയിക്കാൻ പോപ്പ് പ്രേരിതനായത് എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. നബി തിരുമേനി(സ) വാൾമുഖേന മതം പ്രചരിപ്പിച്ചു എന്ന് തെളിയിക്കാൻ പോപ്പ് ഉന്നയിച്ച ഉദ്ധരണികൾ യുക്തിസഹമല്ല. തന്റെ മതത്തിലെ ത്തന്നെ വ്യക്തിയുടെ ആക്ഷേപം മറ്റൊരു മതത്തിലേക്ക് പ്രാമാണ്യമാകുന്നതെങ്ങനെയെന്ന സാമാന്യതത്വം പോലും പോപ്പ് മറന്നുപോയിരിക്കുന്നു. ഇസ്‌ലാമിനോട് ശത്രുത പുലർത്തിയിരുന്ന ഒരു ക്രി സ്തീയ ചക്രവർത്തിയുടെ ആക്ഷേ പം എടുത്തുദ്ധരിക്കുന്നതിനു പകരം മുസ്‌ലിംകൾ ദൈവവചനങ്ങളെന്ന് വിശ്വസിക്കുന്ന വിശുദ്ധ ഖുർആനിൽ നിന്നാണ് പ്രമാണമായി വല്ലതും ഉദ്ധരിക്കുന്നതെങ്കിൽ അത് പരിഗണനാർഹമായേനെ.

ബലപ്രയോഗം മൂലം മതം മാറ്റുന്നതിനെ ഇസ്‌ലാം ശക്തിയുക്തം എതിർക്കുന്നു എന്നത് ഖുർആന്റെ പ്രഖ്യാപിത സിദ്ധാന്തമാണ്. വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു:

'മതത്തിൽ യാതൊരുവിധ ബലാത്കാരവുമില്ല.' വിശ്വാസകർമ്മങ്ങളിൽ ഇസ്‌ലാമിന്റെ ആധികാരിക ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. പൂർണ്ണമായും ദൈവികവചനങ്ങളെന്ന് മുസ്‌ലിംകൾ അടിയുറച്ച് വിശ്വസിക്കുന്ന ഗ്രന്ഥ ത്തിൽ നിന്നാണ് മുകളിൽ കൊടുത്ത ഈ വചനം ഉദ്ധരിച്ചിരിക്കുന്നത്. എന്നിരിക്കെ, മുൻകാല വ്യക്തികളുടെ പരാമർശങ്ങളെ ആധാരമാക്കി മുഹമ്മദ് നബി (സ)യുടെ മേൽ ആക്ഷേപങ്ങൾ അഴിച്ചുവിടുന്നത് ഒരു മതത്തിന്റെ പരമോന്നത നേതാവിന് ചേർന്നതാണോ? അതല്ല മുൻകാല ക്രിസ്തീയ മഹാന്മാരെല്ലാം infallible (ഒരിക്കലും തെറ്റുപറ്റാത്തവർ) ആണെന്നാണ് കരുതുന്നതെങ്കിൽ ഭൂമി കറങ്ങിക്കൊണ്ടിരിക്കുന്നു എന്ന വാദം ഉന്നയിച്ചതിന് ഗലീലിയോക്ക് നേരെ ദ്രോഹം അഴിച്ചുവിട്ട ക്രിസ്ത്യൻ പുരോഹിതന്മാരെ പോപ്പ് ന്യായീകരിക്കുമോ? മുൻകാല ക്രിസ്തീയ പുരോഹിതൻമാർക്ക് ശാസ്ത്രീയ വസ്തുതകൾ ഗ്രഹിക്കുന്നതിൽ തെറ്റ് പറ്റാമെങ്കിൽ ഒരു ചക്രവർത്തിക്ക് സത്യമതത്തെ ഗ്രഹിക്കുന്നതിൽ തെറ്റ് പറ്റിക്കൂടെന്നില്ലല്ലോ.

പോപ്പ് അവർകൾ ബൈസാന്റി

യൻ ചക്രവർത്തിയെ ഉദ്ധരിക്കുന്നതിന് മുമ്പായി ദൈവവചനങ്ങളെന്ന് ക്രിസ്ത്യാനികൾ തന്നെ വിശ്വസിക്കുന്ന ബൈബിളിലേക്ക് തന്നെ ഒന്ന് കണ്ണോടിക്കണമായിരുന്നു. യേശു പറയുന്നു.

“ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്ന് നിരൂപിക്കരുത്. സമാധാനമല്ല,വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്” (മത്തായി 10:34) യേശുവിന്റെ ഈ പ്രഖ്യാപനം അടിസ്ഥാനമാക്കി ക്രിസ്തുമതത്തിന്റെ പ്രചാരണത്തിൽ വാളിന് മുഖ്യപങ്കുണ്ടെന്ന് പറഞ്ഞാൽ പോപ്പിന് നിരാകരിക്കാനാവുമോ? ബൈബിൾ പൂർണ്ണമായും ദൈവവചനമാണെന്ന് വിശ്വസിക്കുന്ന ക്രിസ്ത്യാനികൾ ഒരു കരണത്തടിച്ചാൽ മറുകരണവും കാണിച്ചുകൊടുക്കണമെന്ന അദ്ധ്യാപനത്തിന് എതിരായ ഒരു പ്രഖ്യാപനത്തെ എങ്ങനെ വ്യാഖ്യാനിക്കുമെന്ന് കണ്ടറിയണം. പോപ്പും അനുയായികളും ഈ പ്രഖ്യാപനം വ്യാഖ്യാന വിധേയമാണെന്ന് കരുതുന്നുവെങ്കിൽ വിശുദ്ധ ഖുർആന് മൂന്ന് നൂറ്റാണ്ടുകൾക്ക് ശേഷം ക്രോഡീകരിക്കപ്പെട്ട ഹദീസിനെ ആധാരമാക്കി ആക്ഷേപങ്ങളുന്നയിക്കുന്ന ക്രിസ്ത്യാനികൾ ഞങ്ങളുടെ പ്രവൃത്തി പുനരാലോചനക്ക് വിധേയമാക്കേണ്ടതുണ്ട്.

ബൈസാന്റിയൻ ചക്രവർത്തി തിരുമേനിയുടെ സമകാലികനായിരുന്നുവെങ്കിൽ അദ്ദേഹത്തിന്റെ ആക്ഷേപം വിലമതിക്കാമായിരുന്നു. എന്നാൽ അദ്ദേഹം തിരുമേനി യുടെ വിയോഗത്തിനുശേഷം നൂറ്റാണ്ടുകൾക്ക് ശേഷം ജീവിച്ചയാളാണ്. ഇസ്‌ലാമിന്റെ ആവിർഭാവഘട്ടത്തിലെ സമകാലികനല്ലാത്തയാളും പ്രമാണങ്ങളിൽ നിന്ന് അന്യനുമായ ഒരു വ്യക്തിയുടെ വചനങ്ങളെടുത്തുദ്ധരിക്കാൻ മാത്രം നീതിബോധം നഷ്ടപ്പെട്ട വ്യക്തിയാണോ പോപ്പ്?

തിരുമേനിയുടെ സഹാബാക്കൾ അവിടുത്തോട് കാണിച്ച അർപ്പണബോധവും ആത്മാർത്ഥതയും ആ പുണ്യാത്മാവിന്റെ ജീവിതപരിശുദ്ധി തെളിയിക്കുന്നതിന് മതിയായതാണ്. ഹസ്റത്ത് അബൂബക്കർ(റ), ഉമർ(റ) എന്നിവരുടെ മത്സരബുദ്ധിയോടെയുള്ള ത്യാഗമനോഭാവങ്ങൾ മുഹമ്മദ് നബി(സ)യുടെ കൈക്കരുത്തിന്റെ അനന്തരഫലമാണെന്ന് വിചാരിക്കുന്നത് യുക്തിഹീനമാണ്. ഉഹദ് യുദ്ധവേളയിൽ നാലു ഭാഗത്തു നിന്നും അമ്പുകൾ തിരുമേനിയുടെ തിരുശരീരം ലക്ഷ്യമാക്കി വന്നപ്പോൾ തിരുമേനിയെ നാല് ഭാഗത്ത് നിന്നും പൊതിഞ്ഞ് കൊണ്ട് ആ അമ്പുകളെ പുഷ്പശരം പോലെ സ്വീകരിച്ചവരാണവർ. തങ്ങളുടെ മൃതദേഹങ്ങളിൽ ചവിട്ടിക്കൊണ്ടല്ലാതെ ശത്രുക്കൾക്ക് തിരുമേനിയെ സ്പർശിക്കാനാവില്ലെന്ന വാഗ്ദാനം പ്രവർത്തിച്ചുകാണിച്ച റസൂൽ തിരുമേനിയുടെ അനുചരന്മാരെ സംബന്ധിച്ച്, തിരുമേനിയുടെ വാൾമുന കണ്ട് പേടിച്ച് മുസ്‌ലിംകളായവരാണെന്ന് പറയുന്നത് എത്രത്തോളം വാസ്തവവിരുദ്ധമാണെന്ന് വായനക്കാർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്.

ബൈബിൾ വിവരിക്കുന്ന യേശുവിന്റെ ജീവിതം ഇതുമായി തട്ടിച്ചു നോക്കുമ്പോൾ ഇതിന് തികച്ചും വിരുദ്ധമായ കാര്യങ്ങളാണ് ദർശിക്കാൻ സാധിക്കുക. കുരിശുസംഭവം നേരിടേണ്ടി വന്നപ്പോൾ എല്ലാ അനുയായികളും ജീവനും കൊണ്ടോടുകയും സ്വരക്ഷക്കുമായി ഞങ്ങളുടെ യജമാനനെ പരസ്യമായി അധിക്ഷേപിക്കുകയുമാണു ചെയ്തത്. ഒരു ശിഷ്യൻ വെറും 30 വെള്ളിക്കാശിന് യേശുവിനെ ഒറ്റിക്കൊടുക്കുകയും ചെയ്തു. വാൾ മുഖേന മതം ആശ്ലേഷിപ്പിച്ചതെന്ന് ആരോപണമുണ്ടായാൽ ഇവരിൽ ആരുടെ നേർക്കാണ് സംശയത്തിന്റെ നിഴൽ വീഴുക? വായനക്കാർ തന്നെ ചിന്തിച്ചു മനസ്സിലാക്കട്ടെ. അതല്ല, മനുഷ്യഹൃദയങ്ങളിൽ ഇത്രമാത്രം ആത്മാർത്ഥത ജനിപ്പിക്കാൻ വാൾമുനക്ക് സാധിക്കുമോ?

ബലാത്ക്കാര രൂപേണയുള്ള മതംമാറ്റത്തെ റസൂൽ കരീം(സ) ഒരിക്കലും പ്രോത്സാഹിപ്പിച്ചിട്ടില്ല. മറിച്ച്, നബി തിരുമേനിയുടെ ജീവിതകാലത്ത് അറേബ്യ മുഴുവനും ഇസ്‌ലാം മതം ആശ്ലേഷിച്ചിട്ടുണ്ടെങ്കിൽ അതിൽ മുഖ്യമായും പങ്കു വഹിച്ചത് ആ പുണ്യാത്മാവിന്റെ പരിശുദ്ധ ജീവിതമായിരുന്നു. ലോകത്ത് ഒരു മതസ്ഥാപകനും ചെയ്യാൻ സാധിക്കാത്ത കാര്യമാണ് വെറും 23 വർഷങ്ങൾ കൊണ്ട് അവിടുന്ന് ചെയ്തു കാണിച്ചത്. എന്നിട്ടും അദ്ദേഹത്തെ നഊദുബില്ലാഹ്, ഭീകരവാദിയായി ചിത്രീകരിക്കുന്നത് ദുഃഖകരമാണ്. അവിശ്വാസിയോടുള്ള സമീപനം പോലും ഖുർആൻ വ്യക്തമാക്കുന്നതിങ്ങനെയാണ്: *പറയുക. ഹേ അവിശ്വാസികളേ, നിങ്ങളാരാധിക്കുന്നതിനെ ഞാൻ ആരാധിക്കുന്നില്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും ആരാധിക്കുന്നില്ല. നിങ്ങളാരാധിക്കുന്നതിനെ ഞാൻ മേലിലും ആരാധിക്കുന്നവനല്ല. ഞാൻ ആരാധിക്കുന്നതിനെ നിങ്ങളും മേലിൽ ആരാധിക്കുന്നവരല്ല. നിങ്ങൾക്ക് നിങ്ങളുടെ മതം. എനിക്ക് എന്റെ മതവും (സൂറ: കാഫിറൂൻ)* ●

## ദാനം, മാപ്പ്, വിനയം

അബൂ ഹുറൈ(റ)യിൽ നിന്നും നിവേദനം : തിരുനബി(സ) അരുളി. ‘ഒരു ദാനധർമ്മവും ധനത്തിൽ കുറവ് വരുത്തുകയില്ല. അക്രമിക്ക് മാപ്പ് കൊടുക്കുക്കുന്ന ഒരാൾക്കും അല്ലാഹു ബഹുമതി നൽകാതിരിക്കുകയില്ല. വിനയസ്വഭാവം കൈക്കൊള്ളുന്ന ഒരാളേയും അല്ലാഹു ഉയർത്താതിരിക്കില്ല.

***(മുസ്നദ് അഹ്മദ്)***

## ലേഖനം

# ജിഹാദും ഖിതാലും - ഒരു വിശകലനം

മുഹമ്മദ് ഉമർ എച്ച്. എ. കോഴിക്കോട്

**'ജിഹാദ്' എന്നാൽ ആത്മസംബന്ധിയായ പരിശ്രമം എന്നാണ് അർത്ഥം. യുദ്ധത്തിന് 'ഖിതാൽ' എന്ന പദമാണ് ഖുർആനിൽ പ്രയുക്തമായിട്ടുള്ളത്.**

ഇന്നു മതലോകത്ത് ജിഹാദ് എന്ന പരിശുദ്ധവും പവിത്രവുമായ വാക്ക് അങ്ങേയറ്റം വിദ്വേഷവും വൈരാഗ്യവും ഉണ്ടാക്കുന്ന വാക്കായി പ്പരിണമിച്ചിരിക്കുകയാണ്. അതിനുള്ള കാരണം, ഈ വാക്കിനെ ദുരുപയോഗത്തപ്പെടുത്തി കുഴപ്പങ്ങളും രക്തച്ചൊരിച്ചിലും, കൂട്ടക്കൊലയും നടത്തുന്ന താലിബാൻ, ജെയ്ഷെ മുഹമ്മദ്, ലശ്ക്കറെ ത്വയ്യിബ, ജമാഅത്തെ ഇസ്‌ലാമി എന്നീ മുസ്‌ലിം നാമങ്ങളുള്ള സംഘടനകളും ഭീകരവാദികളുമാണ്.

ജിഹാദ് എന്ന വാക്കിന് ഈ കാലത്ത് ഹകമൻ അദലൻ ആയവതരിച്ച ഹദ്റത്ത് ഇമാം മഹ്ദി (അ) നൽകുന്ന നിർവചനം ഇതാണ്:

"ജിഹാദ് എന്ന വാക്ക് ജുഹ്ദ് എന്ന റൂട്ടിൽ നിന്നും നിഷ്പന്നമായതാണ്. ഇതിന്റെ അർത്ഥം തീവ്രയത്നം ചെയ്യുക, കഠിനാദ്ധ്വാനം ചെയ്യുക എന്നാണ്. എന്നാൽ ഭാവാർത്ഥത്തിലും അലങ്കാരത്തിലും മതപരമായ പോ രിനും പറയപ്പെടുന്നു. (ഗവർമ്മെണ്ട് അംഗ്രീസി ഔർ ജിഹാദ് ഭാഗം 3)

എന്നാൽ ചിലർ ജിഹാദ് എന്ന വാക്കിന് ഖിതാൽ അഥവാ യുദ്ധം എന്ന അർത്ഥം മാത്രമാണു കൊടുക്കുന്നത്. ഇത് തെറ്റായ അർത്ഥമാണ്. ജിഹാദും ഖിതാലും സമാർത്ഥത്തിലുള്ള വാക്കുകളാണെന്ന് ചിലർ കരുതുന്നു. എന്നാൽ വിശുദ്ധ ഖുർആനിൽ ഈ രണ്ടു വാക്കുകളും വെവ്വേറെ അർത്ഥങ്ങളിലാണ് പ്രയുക്തമായിട്ടുള്ളത്.

ഇത് സംബന്ധിച്ചു നമുക്കു വിശുദ്ധ ഖുർആനിൽ നിന്നും മാർഗ്ഗദർശനം തേടാം.

ജിഹാദിനെക്കുറിച്ചു പ്രതിപാദിക്കുന്ന ധാരാളം ആയത്തുകൾ വിശുദ്ധഖുർആനിലുണ്ട്. അവയിൽ ചിലത് ഇവിടെ ഉദ്ധരിക്കാം.

1. *വിശ്വസിക്കുകയും (ദൈവമാർഗ്ഗത്തിൽ) സ്വദേശം വെടിയുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും ജിഹാദ് (അത്യദ്ധ്വാനം) ചെയ്യുകയും ചെയ്തവരാരോ (അവർക്ക്) അല്ലാഹുവിന്റെ പക്കൽ മഹത്തായ പദവിയുണ്ട്. അവർ തന്നെയാണ് വിജയികൾ.* (9:20)

2. *വിശ്വാസികളിൽ നിന്ന് ബുദ്ധിമുട്ടുള്ളവരൊഴികെ (ഒരു പ്രയത്നവും ചെയ്യാതെ സ്വന്തം വീടുകളിൽ) ഇരിക്കുന്നവരും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും ജിഹാദു ചെയ്യുന്നവരും ഒരുപോലെയാവില്ല.* (4:96)

3. *തീർച്ചയായും വിശ്വസിക്കുകയും ഹിജ്റത്ത് ചെയ്യുകയും തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും ജിഹാദു ചെയ്യുകയും (അഭയാർത്ഥികൾക്ക്) അഭയം നൽകുകയും അവരെ സഹായിക്കുകയും ചെയ്തവരാരോ അവർ പരസ്പരം മിത്രങ്ങളാകുന്നു.* (8:73)

4) *അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും തങ്ങളുടെ ധനം കൊണ്ടും ജീവൻ കൊണ്ടും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദു ചെയ്യുകയും ചെയ്യുന്നവർ മാത്രമാണ് യഥാർത്ഥ വിശ്വാസികൾ. അവർ തന്നെയാണ് സത്യസന്ധന്മാർ.* (48:16)

5. വീണ്ടും അരുൾ ചെയ്യുന്നു:

*"നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ നിങ്ങളുടെ ജീവൻ കൊണ്ടും ധനം കൊണ്ടും ജിഹാദു ചെയ്യുകയും ചെയ്യുക. നിങ്ങൾ അറിയുന്നെങ്കിൽ അതു നിങ്ങൾക്കു ഗുണകരമാകുന്നു."* (6:12)

മേൽപറഞ്ഞ രീതിയിലുള്ള ധാരാളം തിരുവചനങ്ങളിൽ തങ്ങളുടെ ദേഹം കൊണ്ടും ധനം കൊണ്ടും അല്ലാഹുവിന്റെ വഴിയിൽ ജിഹാദു ചെയ്യുക എന്ന് വന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തിയും അവന്റെ പ്രീതിയും കരഗതമാകുന്നതിന് ധനപരമായും ശാരീരികമായും കഠിനാദ്ധ്വാനം ചെയ്യണമെന്നാണ്. ജിഹാദു

കൊണ്ടുണ്ടാകുന്ന ഇതര നന്മകളെ ക്കുറിച്ച് അല്ലാഹു വീണ്ടും അരുൾ ചെയ്യുന്നു:

*ആരെങ്കിലും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ തീവ്രയത്നം ചെയ്യുന്നതായാൽ യഥാർത്ഥത്തിൽ അവർ സ്വന്തം ആത്മാവിന്റെ നന്മക്ക് വേണ്ടി തന്നെയാണ് പരിശ്രമിക്കുന്നത്. തീർച്ചയായും അല്ലാഹു മനുഷ്യരിൽ ആരുടെയും ആശ്രയമില്ലാത്തവനാകുന്നു.* (29:7)

ഈ വചനങ്ങളിൽ അല്ലാഹു പറയുന്നതു അവന്റെ മാർഗ്ഗത്തിൽ കഠിനാദ്ധ്വാനം ചെയ്യുന്നവർ തങ്ങളുടെ നഫ്സിന്റെ തന്നെ നന്മയാണ് കാംക്ഷിക്കുന്നതെന്നും അതവർക്ക് ലഭിക്കുന്നതാണെന്നുമാണ്.

വീണ്ടും അല്ലാഹു അരുൾ ചെയ്യുന്നു:

*നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗ്ഗങ്ങളിൽ നയിക്കുന്നതാണ്. അല്ലാഹു തീർച്ചയായും സദ്‌വൃത്തന്മാരുടെ കൂടെയാണ്.* (29:70)

ഇവിടെ അല്ലാഹു അരുൾ ചെയ്യുന്നത് അല്ലാഹുവിനെ പ്രാപിക്കുവാനായി അതായത് അവന്റെ സംതൃപ്തിയും സാമീപ്യവും കരഗതമാക്കുന്നതിനായി ഒരു വിശ്വാസി എത്ര കണ്ടുപരിശ്രമിക്കുന്നുവോ അത്ര കണ്ട് അയാളെ അവൻ സ്വയം തന്റെ വഴിയിലേക്കു ആനയിക്കുന്നതാണെന്നും അവർ അല്ലാഹുവിന്റെ സാമീപ്യം കരഗതമായി അവന്റെ അനുഗ്രഹത്തിനു പാത്രിഭൂതരായി ത്തീരുന്നതാണ് എന്നുമാണ്.

മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

*നീ അവിശ്വാസികളെ അനുസരിക്കരുത്. അതുകൊണ്ട്, വിശുദ്ധഖുർആൻ മുഖേന നീ അവരുമായി ഏറ്റവും വലിയ ജിഹാദു ചെയ്യുക* (25:53)

ഇവിടെ അവിശ്വാസികളോട് വിശുദ്ധഖുർആൻ മുഖേന അത്യധികമായ പരിശ്രമം ചെയ്യുക എന്നാണു പറഞ്ഞിട്ടുള്ളത്. അതായത് അവിശ്വാസികൾക്കിടയിൽ സത്യപ്രബോധനം ചെയ്യുന്നത് ഏറ്റവും വലിയ ജിഹാദായി വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നു. ഈ ആയത്തുകളിൽ പ്രയുക്തമായ ജിഹാദു എന്ന വാക്കിന് ധനം കൊണ്ടും ദേഹം കൊണ്ടും കഠിനാദ്ധ്വാനം ചെയ്തു ദൈവ പ്രീതിയും ദൈവസാമീപ്യവും കരഗതമാക്കാൻ ശ്രമിക്കുക എന്ന അർത്ഥം മാത്രമെയുള്ളു. അല്ലാതെ അവിശ്വാസികളെയും സത്യനിഷേധികളെയും ആയുധമുപയോഗിച്ച് കൊന്നൊടുക്കുക എന്ന അർത്ഥം സൂചിപ്പിക്കുന്നുകൂടി ഇല്ല.

ഇനി നമുക്ക് ഖിതാൽ എന്ന വാക്ക് വിശുദ്ധഖുർആനിൽ ഏതർത്ഥത്തിലാണ് പ്രയുക്തമായിട്ടുള്ളത് എന്നു നോക്കാം.

അല്ലാഹു അരുൾ ചെയ്യുന്നു.

*നിങ്ങളോടു യുദ്ധം ചെയ്യുന്നവരുമായി നിങ്ങളും ദൈവ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുക. എന്നാൽ നിങ്ങൾ അതിക്രമം കാണിക്കരുത്. അല്ലാഹു അതിക്രമികളെ ഇഷ്ടപ്പെടുന്നില്ല.* (2:191)

ഇവിടെ അല്ലാഹു യുദ്ധം ചെയ്യുന്നതിനുള്ള അനുവാദം നൽകിയിരിക്കുന്നത് ആദ്യമായി യുദ്ധത്തിനു ഒരുങ്ങുകയും യുദ്ധം ചെയ്യുന്നതിൽ മുൻകൈ എടുക്കുകയും ചെയ്യുന്നവരോടാണ്. അല്ലാതെ ആദ്യമായി കയറിച്ചെന്ന് യുദ്ധം ചെയ്യുന്നതിനെ ഇസ്ലാം അനുവദിക്കുന്നില്ല. അങ്ങനെ യുദ്ധം ചെയ്യുന്നതിനുള്ള സ്ഥിതിവിശേഷം ഉണ്ടാകുകയാണെങ്കിൽ തന്നെ യാതൊരുവിധ അതിക്രമവും പാടില്ലെന്നും അങ്ങനെ അതിക്രമം ചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ലെന്നും ഇവിടെ പ്രസ്താവിക്കുന്നു.

വീണ്ടും അല്ലാഹു പറയുന്നു:

*"നിങ്ങൾ പിശാചിന്റെ മിത്രങ്ങളോട് യുദ്ധം ചെയ്യുക. പിശാചിന്റെ കുതന്ത്രം ദുർബലം തന്നെയാണ്"* (4:77)

*ഇവിടെ മനുഷ്യനെ വഴിപിഴപ്പിക്കുന്ന പൈശാചിക ശക്തികളോടു എതിരിടുവാനാണ് അല്ലാഹു കല്പിക്കുന്നത്. വീണ്ടും അരുൾ ചെയ്യുന്നു.*

*വിശ്വാസികളേ! നിങ്ങളുമായി ചെയ്തിരിക്കുന്ന ശപഥങ്ങളെ (ഉടമ്പടികളെ) ലംഘിക്കുകയും അല്ലാഹുവിന്റെ ദൂതനെ ബഹിഷ്ക്കരിക്കുവാൻ തീരുമാനിക്കുകയും ചെയ്ത ഒരു ജനതയോടു നിങ്ങൾ യുദ്ധം ചെയ്യുകയില്ലേ? നിങ്ങളുമായി ആദ്യം യുദ്ധം തുടങ്ങിയത് അവരാണ്* (9:13).

ഇവിടെ അല്ലാഹു വ്യക്തമാക്കുന്നത്, ഹദ്റത്ത് റസൂൽ തിരുമേനിയോടും വിശ്വാസികളോടും ചെയ്ത ഉടമ്പടികളെ ലംഘിക്കുകയും അങ്ങനെ ഉടമ്പടിക്കെതിരായി റസൂൽ തിരുമേനി (സ) യെ മദീനയിൽ നിന്നു പുറത്താക്കാൻ ശ്രമിക്കുകയും ചെയ്ത മദീനയിലെ യഹൂദികളോടു യുദ്ധം ചെയ്യുവാനുള്ള അനുവാദമാണ്. എന്നു മാത്രമല്ല, അവർ റസൂൽ തിരുമേനിയോട് യു ദ്ധം ചെയ്യുന്നതിൽ മുൻകയ്യെടുക്കുന്നവരുമാണ്.

മറ്റൊരിടത്തിൽ അല്ലാഹു അരുൾ ചെയ്യുന്നു:

"കുഴപ്പം ഇല്ലാതാകുകയും മതം (സ്വീകരിക്കുന്നത്) അല്ലാഹുവിനു വേണ്ടി മാത്രമായിത്തീരുകയും ചെയ്യുന്നത് വരെ നിങ്ങൾ അവരുമായി യുദ്ധം ചെയ്യുക. എന്നാൽ അവർ വിരമിക്കുകയാണെങ്കിൽ അക്രമികളല്ലാത്തവരുടെ മേൽ യാതൊരു കയ്യേറ്റവും വിഹിതമല്ല." (2:194)

ഇവിടെ അല്ലാഹു വ്യക്തമാക്കുന്നത്, ആത്മരക്ഷാർത്ഥം യുദ്ധം ചെയ്യുവാനുള്ള അനുവാദമുണ്ടെന്നും പൂർണ്ണ മതസ്വാന്ത്ര്യം സ്ഥാപിതമാകുന്നതു വരെ യുദ്ധം ചെയ്യാവുന്നതുമാണെന്നാണ്.

അല്ലാഹു അരുൾ ചെയ്യുന്നു:

വിശ്വാസികളിൽപ്പെട്ട രണ്ടു വിഭാഗങ്ങൾ (അതായത് രണ്ടു മുസ്‌ലിം രാഷ്ട്രങ്ങൾ) തമ്മിൽ യുദ്ധത്തിലേർപ്പെട്ടാൽ (ആദ്യമായി) നിങ്ങൾ അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കുക. എന്നിട്ടു അവരിൽ ഒരു വിഭാഗം മറു വിഭാഗത്തെ അക്രമിക്കുന്നതായാൽ ആക്രമിക്കുന്ന വിഭാഗത്തോടു അവർ അല്ലാഹുവിന്റെ കല്പനയിലേക്ക് മടങ്ങുന്നതുവരെ നിങ്ങൾ യുദ്ധം ചെയ്യുക. അങ്ങനെ അവർ മടങ്ങിയാൽ

*(ശേഷം 27-ാം പേജിൽ)*

## കവിത

# തിരുനബി മുഹമ്മദ് മുസ്തഫാ

ബശീർ അഹ്മദ് സിദ്ധീഖ്, മൊഗ്രാൽ

മുഹമ്മദ് മുസ്തഫാ തിരുനബി
ലോകത്തിന്നാകെയും വന്ന നബി
ഗോത്രം ഖുറൈഷിയിൽ ഹാഷിം കുടുംബത്തിൽ
മക്കത്ത് വന്നൊരു ത്വാഹാനബി

ലോകരെ ഒക്കെയും ഒന്നിച്ചുകൂട്ടുവാൻ
ലോകൈകനാഥൻ അയച്ച നബി
ജാതികളില്ലിനി മാനവരൊക്കെയും
സോദരരെന്ന് വിധിച്ച നബി

സർവ്വാധിനാഥന്റെ സർവർക്കുമായൊരു
സാരസമ്പൂർണ്ണമാം വേദഗ്രന്ഥം
എക്കാലത്തേക്കുമായ് സമ്മാനമേകിയ
ദിവ്യരിൽ ദിവ്യരായുള്ള നബി

സൃഷ്ടിസർവ്വോത്തമൻ ലോകൈകാനുഗ്രഹി
ദൂതരിൽ ശ്രേഷ്ഠരുമാണാനബി
ദൈവത്തെ പ്രാപിക്കാൻ നേരായ മാർഗം
നേരിട്ടു കാണിച്ച യാസീൻ നബി

അജ്ഞത പൂണ്ടൊരു വൻസമൂഹത്തിനെ
വിജ്ഞാന ദീപങ്ങളാക്കി മാറ്റി
പാരിടമൊക്കെയും വെട്ടം വിതറിയ
സൂര്യപ്രഭയായി തിളങ്ങും നബി

ഭൂലോകമാകെ പടക്കാൻ നിമിത്തമായ്
ദൈവം പറഞ്ഞുള്ളോരേകനബി
സൃഷ്ടികൾക്കാകെയും സ്രഷ്ടാവ് സർവ്വേശൻ
മാതൃക എന്നു വിളിച്ച നബി

പിന്തുടർന്നീടുക നിങ്ങളെൻ ദൂതരെ
എന്നെ ലഭിക്കണമെങ്കിലെന്ന്
അല്ലാഹു തമ്പുരാൻ സ്വന്തമായി ചൊല്ലിയ
ഏറെ മഹത്ത്വവാനാണീ നബി

ചൊല്ലൂസലാമും സ്വലാത്തും ആ ദൂതരിൽ
എന്നും മുടങ്ങാതെ സോദരരേ
മാലാഖമാർപോലും സ്തോത്രം ചൊരിഞ്ഞിടും
നിസ്തുല്യരാണെന്റെ പുണ്യനബി

### റസൂൽ തിരുമേനി (സ) ഖുർആന്റെ ആൾ രൂപം

വിശുദ്ധ ഖുർആൻ മുഖാന്തരം ലോകർക്ക് നൽകപ്പെട്ടിട്ടുള്ള തത്വസമുച്ചയം കർമ്മരൂപേണ പ്രകാശിപ്പിക്കുന്നതിനും അതിന്റെ ആദ്ധ്യാത്മിക പ്രഭ പ്രതിബിംബിപ്പിക്കുന്നതിനുമായിട്ട് സർവ്വശക്തനായ ദൈവം തിരുനബിക്കും സഹചരർക്കും സന്ദർഭമുണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ഈ ആവശ്യാർത്ഥം തന്നെയാണ് ദൈവം തിരുനബി(സ)യുടെ ജീവിതകാലത്തെ രണ്ടു വ്യത്യസ്തഘട്ടങ്ങളായി വിഭക്തമാക്കിയിട്ടുള്ളത്. ഒന്ന് കഷ്ടാരിഷ്ടതകളുടേയും ക്ലേശങ്ങളുടേയും കാലഘട്ടം, മറ്റേത് വിജയോത്സവത്തിന്റേയും അധികാരാരോഹണത്തിന്റേയും കാലം.

*(ഹദ്റത്ത് അഹ്മദ് (അ) - ഇസ്ലാം മത തത്വജ്ഞാനം)*

ലേഖനം

ഈജിപ്തിലെ ഇസ്രായേൽ ജനതയുടെ വാസം:
ബൈബിളിന്റെയും ഖുർആന്റെയും സമീപനങ്ങൾ – 3.

# ബൈബിൾ ഇസ്രായേലീ ചരിത്രത്തെ വഴിതെറ്റിക്കുന്നു

ഏ.എം. മുഹമ്മദ് സലീം

**യോസേഫിന്റെ കാലത്തെ ഈജിപ്ഷ്യൻ ഭരണാധികാരികൾ ഏഷ്യൻ സെമിറ്റിക്ക് വംശജരും വിദേശ കുടിയേറ്റക്കാരുമായ ഹിക്സോകളാണ്. മോസസ്സിന്റെ കാലത്ത് ഈജിപ്ത് ഭരിച്ചത് തദ്ദേശീയരായ ഫറോവമാരും. പക്ഷേ ബൈബിൾ രണ്ട് ഭരണാധികാരികളേയും വകതിരിവില്ലാതെ 'ഫറോവമാർ' എന്നാണ് വിളിക്കുന്നത്.**

കനാൻ ദേശത്ത് അഥവാ ഫലസ്തീനിൽ വസിച്ചിരുന്ന ഇസ്രായേൽ കുടുംബം ഈജിപ്തിൽ എത്തിച്ചേർന്ന സംഭവം ചുരുക്കത്തിൽ ഇപ്രകാരമാണ്: യഅ് ക്കൂബ് നബി(അ)യും കുടുംബവും കനാൻ ദേശത്ത് പാർത്തുവരികയായിരുന്നു. യഅ്ക്കൂബിന്റെ മക്കളിൽ ഒരുവനായ യൂസുഫ് (അ) ബാലനായിരിക്കുമ്പോൾ പതിനൊന്ന് നക്ഷത്രങ്ങളും സൂര്യനും ചന്ദ്രനും തന്റെ മുന്നിൽ പ്രണമിക്കുന്നതായി സ്വപ്നം കാണുകയും അതിനെ തുടർന്ന് തന്റെ സഹോദരന്മാർക്ക് യൂസുഫിനോട് അസൂയയും പകയും ജനിക്കുകയും ചെയ്തു. പിന്നീട് പിതാവിനെ പറഞ്ഞുവശത്താക്കി അവർ യൂസുഫിനെ കൊണ്ടുപോയി ഒരു കിണറ്റിൽ ഉപേക്ഷിച്ചു. ഈജിപ്തിലേക്ക് പോകുകയായിരുന്ന ഒരു കച്ചവട യാത്രാസംഘം ബാലനായ യൂസുഫിനെ കിണറ്റിൽ കണ്ടെത്തുകയും അവർ ആ ബാലനെ ഈജിപ്തിലെ അടിമച്ചന്തയിൽ വിൽക്കുകയും ചെയ്തു. ഉന്നതനായ ഒരു ഭരണാധികാരിയുടെ വീട്ടിൽ എത്തിപ്പെട്ട യൂസുഫ് നാടകീയമായ സംഭവ പരമ്പരകൾക്കു ശേഷം ഈജിപ്തിലെ സമുന്നതനായ ഭരണാധികാരിയാവുകയും ഫലസ്തീനിൽ വസിച്ചിരുന്ന പിതാവിനേയും സഹോദരന്മാരേയും ഈജിപ്തിലേക്ക് ക്ഷണിച്ചുവരുത്തി അവിടെ കുടിപ്പാർപ്പ് ആരംഭിക്കുകയും ചെയ്തു. അങ്ങനെയാണ് കനാൻ ദേശത്തു നിന്നും യഅ്ക്കൂബ് നബി (അ)യുടെ ഈ ഇസ്രായേൽ കുടുംബം ഈജിപ്തിൽ എത്തിച്ചേരുന്നത്. യഅ്ക്കൂബിനോടൊപ്പം പോയ 12 മക്കളുടെ പേരും ബൈബിളിൽ ഇപ്രകാരമാണ്:

'യാക്കോബിന്റെ കൂടെ ഈജിപ്തിലേക്ക് സകുടുംബം വന്ന ഇസ്രായേലിന്റെ പുത്രന്മാർ റൂബേൻ, ശിമെയോൻ, ലേവി, യഹൂദാ, യിസ്സാകാർ, സെബൂലൂൻ, ബെന്യാമിൻ, ദാൽ, നഫ്താലി, ഗാദ്, ആശേർ എന്നിവരാകുന്നു. (പുറപ്പാട് : 1-5). ആദ്യം വന്ന യോസേഫ് അടക്കം 12 പേർ.

ഈജിപ്തിൽ ഇസ്രയേൽ ജനത വമ്പിച്ച ഒരു ജനസമൂഹമായി വളർന്നു എന്ന് ബൈബിൾ പറയുന്നു. അവിടെ നിന്ന് നാല് നൂറ്റാണ്ടുകൾക്ക് ശേഷം മൂസാ നബി (അ) യുടെ കാലത്ത് ഫറോവമാരുടെ കൊടുംപീഡനങ്ങളിൽ നിന്ന് ഇസ്രയേൽ ജനത്തെ മോചിപ്പിച്ചുകൊണ്ട് കനാൻ ദേശത്തേക്ക് (ഫലസ്തീൻ) തന്നെ അവർ തിരിച്ചുവരികയാണുണ്ടായത്. ഈജിപ്തിലെ ഇസ്രയേൽ വാസത്തിന്റെ ഈ കാലഘട്ടത്തിലെ ബൈബിൾ പരാമർശങ്ങൾ ഈജിപ്തിന്റെ പൗരാണികമായ അക്കാഡമിക്ക് ചരിത്രവുമായി യോജിച്ചു പോകുന്നില്ല.

പൗരാണിക കാലത്ത് ഈജിപ്ത് ഭരിച്ചിരുന്ന ഫറോവമാരുടെ ഭരണത്തെ പൂർവ്വസാമ്രാജ്യം (ബി.സി. – 2686 – 2181) മദ്ധ്യസാമ്രാജ്യം (ബി. സി. – 1991 – 1786) നവീന സാമ്രാജ്യം (ബി.സി. 1570 – 1070) എന്നിങ്ങനെ മൂന്നു ഘട്ടങ്ങളായി ചരിത്രകാരന്മാർ തരം തിരിച്ചിരുന്നതായി നേരത്തെ പരാമർശിച്ചിരുന്നുവല്ലോ. ഈ കാലഗണനയോട് ചരിത്രകാരന്മാർ വിയോജിക്കുന്നുണ്ട്. രംസീസ് ഫറോവയുടെ കാലത്തെ ചില ലിഖിതങ്ങളും അവശിഷ്ടങ്ങളും, ജൂതചരിത്രകാരനായ ഫ്ളേവിയസ് ജോസഫസ്, ആഫ്രിക്കാനുസ്, യവുസേബിയസ് തുടങ്ങിയ പിൽക്കാല പൗരാണിക ചരിത്രകാരന്മാരുടെ ഉദ്ധരണികളുമാണ് ഫറോവ രാജവംശത്തിന്റെ കാലഗണനക്ക് അടിസ്ഥാനം.

പലരുടേയും കാലഗണനങ്ങ

ളിൽ ചില വ്യത്യാസങ്ങളുണ്ട്. ഇവിടെ ഉദ്ധരിച്ചത് ക്ലെയിറ്റോണിന്റെ Chronicle of Pharaohs: The Reign - By Reign Record of Rules and Dynasties of Ancient Egypt -1994 എന്ന പുസ്തകത്തിലേതാണ്. ആധുനിക കാലത്ത് ഈജിപ്ഷ്യൻ ഫറോവാ രാജവംശങ്ങളുടെ കാലനിർണ്ണയം ചെയ്യാൻ ശ്രമിച്ച ഇമ്മാനുവൽ വെലികോവസ്കി, ഡേവിഡ് റോൾ എന്നിവരുടെ വീക്ഷണങ്ങൾക്ക് സാമ്പ്രദായിക കാലഗണനയിൽ നിന്നും വളരെയേറെ വ്യത്യാസങ്ങളുണ്ട്. ഫറോവമാരുടെ മദ്ധ്യസാമ്രാജ്യ ഘട്ടത്തിനും നവീന സാമ്രാജ്യ ഘട്ടത്തിനും ഇടയിലുള്ള ഇടക്കാല ഘട്ടത്തിൽ ഹിക്സോകളായിരുന്നു ഈജിപ്ത് ഭരിച്ചിരുന്നത്. ഫറോവമാരായിരുന്നില്ല ഹിക്സോകൾ ഭരിക്കുന്ന ഈ ഘട്ടത്തിലാണ് യോസേഫ് അഥവാ യൂസുഫ് നബിയും അദ്ദേഹത്തിന്റെ കുടുംബവും ഈജിപ്തിലേക്ക് പ്രവേശിച്ചത് എന്ന് നിരവധി സൂചനകളിലൂടേയും ചരിത്രയാഥാർത്ഥ്യങ്ങളിലൂടേയും ഖണ്ഡിതമായി തെളിയുന്നു. പക്ഷേ, ബൈബിളിലെ ചില ഖണ്ഡിത പരാമർശങ്ങളാണ് ഈ ചരിത്ര സത്യത്തെ തമസ്കരിക്കുന്നത്. ബൈബിൾ പരാമർശത്തെ ഉപജീവി ച്ചു നടത്തിയ ചരിത്രഗവേഷണങ്ങൾ എത്തും പിടിയും കിട്ടാതെ പോയത് അതുകൊണ്ടാണ്.

ഫറോവമാരുടെ 13ാം രാജവംശത്തിന്റെ (ക്രി. മു. 1801- 1648) അവസാനത്തെ കാലത്ത് 50 മുതൽ 160 വർഷം വരെയുള്ള കാലഘട്ടങ്ങളിൽ ഭരിച്ചിരുന്ന രാജാക്കന്മാർ അവരുടെ പൂർവ്വഗാമികളേക്കാൾ ദുർബലരായിരുന്നു. ഈ സന്ദർഭത്തിലാണ് വിദേശീയരായ ഹിക്സോകൾ എന്ന് വിളിക്കപ്പെടുന്നു. ഫലസ്തിനീലും സിറിയയിലും വസിച്ചിരുന്ന ഏഷ്യൻ സെമിറ്റിക്ക് ജനവർഗം ഈജിപ്തിലെ തദ്ദേശീയരായ ഫറോവമാരെ കീഴടക്കി ഭരണം നടത്തിയത്. ഈജിപ്തിന്റെ വടക്കുകിഴക്ക് ഭാഗത്തുള്ള ഫലസ്തീൻ സിറിയ എന്നീ ഏഷ്യൻ പ്രദേശങ്ങളിൽ നിന്നും ക്ഷാമകാലങ്ങളിൽ ഭക്ഷണമന്വേഷി ച്ച് ജനങ്ങൾ ഫലഭൂയിഷ്ഠമായ നൈലിന്റെ ഡെൽറ്റാ പ്രദേശങ്ങളിലേക്ക് വന്നു കുടിയേറിയിരുന്നു. ഇവരാണ് ഹിക്സോകൾ. അങ്ങനെ അവിടെ അധിവാസമുറപ്പിച്ച ഹിക്സോകൾ 13 -ാം രാജവംശത്തിലെ അവസാനത്തെ ദുർബലരായ ഫറോവാ രാജാക്കന്മാരെ (ക്രി. മു. 1782-1650) പരാജയപ്പെടുത്തുകയും അവരുടേതായ ഭരണം ആരംഭിക്കുകയും ചെയ്തു. ഹിക്സോകളുടെ ഭരണകാലത്ത് ഈജ്പ്തിലേക്ക് സെമിറ്റിക് കുടിയേറ്റങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഈജിപ്തിലെ തദ്ദേശീയരായ ഫറോവമാരിൽ നിന്നും വിഭിന്നമായി സെമിറ്റിക്ക് ജനതയോടു വളരെ അനുഭാവപൂർണമായ നിലപാട് സ്വീകരിക്കുകയും ചെയ്തു. യൂസുഫ് നബി (അ)യുടെ രാജാവ് അദ്ദേഹത്തോട് കാണിച്ച അനുഭാവവും നീതിപൂർവ്വമായ പെരുമാറ്റവും ഉദാഹരണം. ഈജിപ്തിലെ പുരാതന ചരിത്രത്തിൽ ഏറ്റവും നിർണായകമാണ് ഈ കാലഘട്ടം. 13-ാം രാജവംശം വരെ മദ്ധ്യസാമ്രാജ്യഘട്ടത്തിലെ തദ്ദേശീയരായ ഫറോവാ രാജവംശമാണ് ഭരിച്ചത്. 14-ാം രാജവംശം ആരെന്ന കാര്യം വ്യക്തമല്ല. 15, 16, 17 രാജവംശം(1663-1570) ഹിക്സോകളുടെ ഭരണമാണ്. ഇവർ ഫറോവമാരല്ല. യോസേഫ് ഈജിപ്തിൽ പ്രവേശിക്കുമ്പോഴുണ്ടായിരുന്ന ഈ ഭരണമാറ്റത്തെപ്പറ്റി ബൈബിളിൽ സൂചനയില്ല. 15,16,17 രാജവംശങ്ങളിലെ രാജാക്കന്മാരെ ബൈബിളിൽ തെറ്റായി 'ഫറോവ' എന്നു തന്നെയാണ് വിശേഷിപ്പിച്ചിരിക്കുന്നത്. യോസേഫിന്റെ കാലത്തെ ഹിക്സോ രാജാവും ഇതിൽ ഉൾപ്പെടും. പിൽക്കാലത്ത് ബൈബിൾ ക്രോഡീകരിച്ച ആളുകൾ ജോസഫിന്റെ രാജാവിനെ ഫറോവ എന്ന് തെറ്റിദ്ധരിച്ച തിനാൽ ചരിത്രം വഴിതെറ്റുകയായിരുന്നു. പിന്നീട് മോസസിന് തൊട്ട് മുമ്പേയാണ് നവീന ഫറോവാ രാജവംശം ഭരിച്ചത്, അതായത് തദ്ദേശീയരായ ഫറോവമാരുടെ 18-ാം രാജവംശം വിദേശികളായ ഹിക്സോകളെ പുറത്താക്കി അധികാരത്തിൽ വരുന്നത്. പക്ഷേ ബൈബിളിൽ യോസേഫിന്റെ രാജാവിനേയും മോസസ്സിന്റെ രാജാവിനേയും അലക്ഷ്യമായി 'ഫറോവ' എന്ന് ഒരു പോലെ വിശേഷിപ്പിക്കുന്നു. യോസേഫിന്റെ കഥ വിവരിക്കുന്നു ബൈബിളിലെ പ്രഥമാദ്ധ്യായമായ ഉൽപത്തിയിൽ ഉടനീളം യോസേഫിന്റെ ഭരണാധികാരിയെ 'ഫറോവ' എന്നും ഇടക്ക് 'രാജാവ്' എന്നും മാറി മാറി ഉപയോഗിക്കുന്നു. ഉദാഹരണത്തിന് 'ഫറോവ' എന്ന പ്രയോഗം നോക്കുക. *'യോസേഫ് അയാളോട് പറഞ്ഞു: ...... 'ഫറവോൻ' നിന്നെ മോചിപ്പിച്ച് പഴയ ഉദ്യോഗത്തിൽ നിയമിക്കും. മുമ്പെന്നപോലെ ഫറവോന്റെ പാനപാത്രം നീ ഫറവോന്റെ കയ്യിൽ കൊടുക്കും.'' (ഉൽപത്തി: 40:13) 'രണ്ടു വർഷം കഴിഞ്ഞപ്പോൾ 'ഫറവോൻ' ഒരു സ്വപ്നം കണ്ടു. അയാൾ നൈൽ നദീതീരത്തു നിൽക്കുമ്പോൾ തടിച്ചുകൊഴുത്ത ഏഴു പശുക്കൾ നദിയിൽ നിന്നു കയറിവരുന്നു.' (ഉൽ: 41:2). 'ഫറവോൻ സേവകന്മാരോട് പറഞ്ഞു: ദൈവചൈതന്യത്തോടുകൂടിയ ഈ മനുഷ്യനെ (യോസേഫിനെ) പ്പോലെ മറ്റൊരാളെ കണ്ടെത്താൻ നമുക്ക് കഴിയുമോ?* (ഉൽ: 41:37). യോസേഫിന്റെ കാലത്ത് ഈജിപ്തിലെ ഭരണാധികാരിയെ 'ഫറോവ' എന്ന വിശേഷണത്തിന് പുറമെ 'രാജാവ്' എന്ന വിശേഷണവും ബൈബിളിൽ കാണാം, *'യജമാനൻ യോസേഫിനെ പിടിച്ച് 'രാജാവിന്റെ' തടവുകാരെ അടച്ചിരുന്ന ജയിലിൽ അടച്ചു.' (ഉൽ 39:20). 'കുറേക്കാലം കഴിഞ്ഞു. ഈപ്തിലെ 'രാജാവിന്റെ' വീഞ്ഞു കലവറക്കാരനും പാചകക്കാരനും 'രാജാവിന്' അപ്രിയം ജനിക്കത്തക്ക രീതിയിൽ പ്രവർത്തിച്ചു. (ഉൽ 40:1).*

എന്നാൽ വിശുദ്ധ ഖുർആനിൽ യോസേഫിന്റെ അഥവാ യൂസുഫ് നബി(അ)യുടെ രാജാവിനെ പറ്റി 'ഫറോവ' എന്ന് ഒരിടത്തും വിശേഷിപ്പിച്ചിട്ടില്ല എന്നത് ഈജിപ്തിലെ

ചരിത്രത്തിന്റെ സത്യസന്ധത ഖുർആനിലൂടെ പ്രകടിതമാവുന്നു എന്നതിന്റെ ഏറ്റവും വ്യക്തമായ ഒരുദാഹരണമാണ്. ബൈബിൾ യോസേഫിന്റേയും മോസസിന്റേയും രാജാക്കന്മാരെ വകതിരിവില്ലാതെ ഒരുപോലെ 'ഫറോവ' എന്നാണ് വിശേഷിക്കുന്നത്. യോസേഫിന്റെ രാജാവിനെ ചില സ്ഥലങ്ങളിൽ 'രാജാവ്' എന്നും 'ഫറോവ' എന്നും മാറി മാറി വിളിക്കുന്നുമുണ്ട്. എന്നാൽ ഖുർആനിലുടനീളം മൂസാനബി(അ) ഭരണാധികാരിയെ മാത്രമാണ് 'ഫറോവ' എന്ന് വിശേഷിപ്പിച്ചത്. യൂസുഫ് നബി (അ)യുടെ ചരിത്രം വിവരിക്കുന്ന സൂറ:യൂസുഫി ലാണ് ഭരണാധികാരിയെ പ്രതിപാദിക്കുമ്പോൾ 'രാജാവ്' (മലിക്) എന്ന പദം ഉപയോഗിക്കുന്നത്. സൂറ യൂസഫിലെ 44, 51, 55, 73, 77 എന്നീ അഞ്ചു ഖുർആനിക വചനങ്ങളിലാണ് രാജാവ് എന്ന് പരാമർശമുള്ളത്. ഫറോവ രാജവംശം ഭരിക്കാത്ത ഇടക്കാല വേളയിൽ ഹിക്സോകൾ ഭരിച്ചിരുന്ന ഘട്ടത്തിലാണ് യൂസുഫ് നബി(അ) ഈജിപ്തിലെ ഭരണനേതൃത്വത്തിൽ എത്തുന്നത് എന്നത് ഒരു ചരിത്രസത്യമാണ്. ഈ യാഥാർത്ഥ്യത്തോട് നീതിപുലർത്തുന്ന തരത്തിൽ അത്ഭുതകരമായ കണിശതയോടെയും സൂക്ഷ്മതയോടെയുമാണ് ഖുർആൻ ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത്. ഖുർആനിലെ ഇസ്രായേലി ചരിത്രം ബൈബിളിനെ അനുകരിച്ചെഴുതപ്പെട്ടതാണെന്നു പറയുന്നവർക്കുള്ള ഉചിതമായ മറുപടിയാണ് ഈ പരാമർശങ്ങൾ.

ലോവർ ഈജിപ്ത് എന്നും അപ്പർ ഈജിപ്ത് എന്നും നൈലിനെ അടിസ്ഥാനമാക്കി രണ്ടായി പകുത്തു കിടക്കുന്ന രാജ്യത്തിലെ ഈജിപ്ത് (മിസ്ർ) എന്ന് വിളിക്കപ്പെടുന്ന പ്രദേശത്ത് തന്നെയാണ് യൂസുഫ് നബി (അ)യും പിന്നീട് നാലു നൂറ്റാണ്ടുകൾക്ക് ശേഷം മൂസാ നബി(അ)യും വസിച്ചതെന്നാണ് ഖുർആൻ പറയുന്നത്.

യൂസ്ഫ് നബി(അ) യെഈജ്പിതുമായി ബന്ധിപ്പിക്കുന്ന രണ്ട് ഖുർആൻ വചനങ്ങൾ ഇപ്രകാരമാണ്. *'ഈജിപ്തിൽ (മിസ്ർ)' നിന്ന് അദ്ദേഹത്തെ (യൂസുഫിനെ) വാങ്ങിയ ആൾ തന്റെ ഭാര്യയോട് പറഞ്ഞു: 'ഇവന്റെ താമസത്തെ നീ മാന്യമാക്കുക ഇവൻ നമുക്ക് പ്രയോജനപ്പെട്ടേക്കാം (12:22). "അങ്ങനെ അവർ യൂസുഫിന്റെ അടുത്ത് പ്രവേശിച്ചപ്പോൾ അദ്ദേഹം തന്റെ മാതാപിതാക്കളെ തന്റെ കൂടെ താമസിപ്പിച്ചു. അദ്ദേഹം പറഞ്ഞു: 'അല്ലാഹു ഉദ്ദേശിച്ചാൽ നിങ്ങൾ 'ഈജിപ്തിൽ' നിർഭയരായി പ്രവേശിക്കുവിൻ' (12:100).*

ഈജിപ്തിനെ മൂസാനബി (അ) യുമായി ബന്ധിപ്പിക്കുന്ന ഖുർആനിക വചനങ്ങൾ ഇപ്രകാരമാണ്: *'മൂസാക്കും അദ്ദേഹത്തിന്റെ സഹോദരനും നാം ദിവ്യവെളിപാടിറക്കി. 'ഈജിപ്തി'ൽ നിങ്ങൾ രണ്ടുപേരും നിങ്ങളുടെ സമുദായത്തിന് വേണ്ടി വീടുകൾ തയ്യാറാക്കുക' (10:87) "ഫിർഔൻ തന്റെ ജനതയിൽ വിളിച്ചുപറഞ്ഞു: 'എന്റെ ജനമേ, 'ഈജിപ്തിന്റെ' ആധിപത്യം എന്റെതല്ലേ? ഈ നദികളൊഴുകുന്നത്, എന്റെ അധീനതയിലായിട്ടല്ലേ' (43:52).* യൂസുഫ് നബി(അ) താമസിച്ച അതേ പ്രദേശത്ത് തന്നെയാണ് മൂസാനബിയും ജീവിച്ചിരുന്നത് എന്ന് മറ്റൊരു വചനത്തിലും പ്രതിപാദനമുണ്ട്. ഫിർഔന്റെ കാലത്ത് മൂസാ നബി (അ)യിൽ വിശ്വസിച്ചിരുന്ന ജനതയെ അഭിസംബോധന ചെയ്തുകൊണ്ട് അല്ലാഹു പറയുന്നു: "മുമ്പേ യൂസുഫ് നിങ്ങളുടെയടുക്കൽ വ്യക്തമായ തെളിവുകളുമായി വന്നിട്ടുണ്ടായിരുന്നു. പക്ഷേ, അദ്ദേഹം നിങ്ങൾക്ക് കൊണ്ടുവന്നതിനെ സംബന്ധിച്ച് നിങ്ങൾ സംശയത്തിലായിരുന്നു."

ഇവിടെ ഖുർആൻ ഒരേ പ്രദേശത്ത് വസിച്ചിരുന്ന രണ്ട് പ്രവാചകന്മാരുടെ കാലത്തെ രാജാക്കന്മാരെപ്പറ്റി പരാമർശിക്കുമ്പോൾ രണ്ട് വിശേഷണങ്ങളാണ് നൽകുന്നത്. മുമ്പേ ജീവിച്ച യൂസുഫ് നബി(അ)യുടെ ഭരണാധികാരിയെ 'മലിക്ക്' അഥവാ 'രാജാവ്' എന്നും പിന്നീട് ജീവിച്ച മൂസാനബി(അ) യുടെ ഭരണാധികാരിയെ 'ഫിർഔൻ' എന്നുമാണ് അഭിസംബോധന ചെയ്തത്. ബൈബിളിൽ നിന്നും വ്യത്യസ്തമായി ഖുർആൻ വളരെ സൂക്ഷ്മമായി ഉപയോഗിച്ച ഈ രണ്ട് വ്യത്യസ്ത പരാമർശങ്ങളെ ഉപജീവിച്ചുകൊണ്ട് ഈജിപ്തിന്റെ ചരിത്രം പഠിക്കാൻ ചരിത്രകാരന്മാർ ശ്രമിച്ചിരുന്നുവെങ്കിൽ ഇസ്രായേലി ചരിത്രവുമായി ബന്ധപ്പെട്ട ഈജിപ്ഷ്യൻ ചരിത്രത്തിലെ ഒരുപാടു കുരുക്കുകൾ അഴിക്കുവാൻ സാധ്യമായേനെ. യൂറോപ്യൻ ഗവേഷകരെ കൂടുതൽ സ്വാധീനിച്ച ബൈബിളിന്റെ ചരിത്രപരമായ പ്രമാദങ്ങളും വൈകല്യങ്ങളുമാണ് ഇസ്രായില്യരെ ഈജിപ്തിഷ്യൻ ചരിത്രത്തിൽ നിന്ന് അന്യമാക്കിയത്.

(തുടരും)

## ദന്തശുദ്ധി

ആയിശ(റ)യിൽ നിന്നും നിവേദനം: പല്ല തേപ്പ് വായക്ക് ശുദ്ധിയും അല്ലാഹുവിന് ഇഷ്ടവുമായ കാര്യമത്രെ (അഹ്മദ്, അബൂദാവൂദ്, നസാഈ) നോമ്പുകാരനായിരിക്കെ നബി(സ) പല്ലുതേക്കുന്നത് എണ്ണാനാകാത്തത്ര തവണ ഞാൻ കണ്ടിട്ടുണ്ട് (തിർമിദി, അഹ്മദ്, അബൂദാവൂദ്).

***(നബി വചനം)***

*(22 -ാം പേജിൽ നിന്ന് തുടർച്ച)*

അവർക്കിടയിൽ ന്യായ പൂർവ്വം നിങ്ങൾ രഞ്ജിപ്പുണ്ടാക്കുകയും നീതി പാലിക്കുകയും ചെയ്യുക. നീതിപാലിക്കുന്നവരെ അല്ലാഹു തീർച്ചയായും സ്നേഹിക്കുന്നു. (48:10)

ലോകത്ത് ശാന്തിയും സമാധാനവും സ്ഥാപിക്കുന്നതിനുള്ള സ്ഥായിയായ മാർഗ്ഗദർശനമാണിവിടെ നൽകപ്പെട്ടിട്ടുള്ളത്. വിശുദ്ധഖുർആന്റെ ഈ മാർഗ്ഗനിർദ്ദേശം ഇന്നത്തെ മുസ്‌ലിം രാഷ്ട്രങ്ങൾ സ്വായത്തമാക്കിയിരുന്നുവെങ്കിൽ കുവൈത്തും ഇറാക്കും തമ്മിലുള്ള യുദ്ധമുണ്ടാവുകയോ ബില്യൻ കണക്കിലുള്ള നാശനഷ്ടങ്ങളോ ലക്ഷക്കണക്കിലുള്ള ആൾ നാശമോ ഉണ്ടാകുമായിരുന്നില്ല.

വീണ്ടും അരുൾ ചെയ്യുന്നു:

യുദ്ധം ചെയ്യുന്നവർക്ക് (തിരിച്ചും യുദ്ധം ചെയ്യുവാൻ) അനുമതി നൽകപ്പെട്ടിരിക്കുന്നു. എന്തെന്നാൽ അവർ അക്രമിക്കപ്പെട്ടിരിക്കുകയാണ്. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവനാണ്. "ഞങ്ങളുടെ നാഥൻ അല്ലാഹുവാണ് " എന്നവർ പറയുന്നതൊഴിച്ചു (മറ്റൊരു കാരണവും കൂടാതെ) അന്യായമായി തങ്ങളുടെ ഭവനങ്ങളിൽ നിന്നും നിഷ്ക്കാസനം ചെയ്യപ്പെട്ടവരാണവർ. മനുഷ്യരിൽ ചിലർക്ക് മറ്റു ചിലരിൽ നിന്നുള്ള അക്രമത്തിൽ നിന്നു സ്വയം രക്ഷിക്കുന്നതിന്ന് അല്ലാഹു അനുമതി നൽകിയില്ലായിരുന്നുവെങ്കിൽ സന്യാസി മഠങ്ങളും ക്രിസ്തീയ ദേവാലയങ്ങളും ജൂത സെനിഗോഗുകളും മുസ്‌ലിം പള്ളികളും എല്ലാം തകർക്കപ്പെടുമായിരുന്നു. അവയിൽ ദൈവനാമം അധികമായി അനുസ്മരിക്കപ്പെടുന്നു. തന്നെ സഹായിക്കുന്നവരെ അല്ലാഹു സഹായിക്കുക തന്നെ ചെയ്യും. തീർച്ചയായും അല്ലാഹു മഹാശക്തനും പ്രതാപവാനും ആകുന്നു. (22:41).

ഇവിടെ വളരെ വ്യക്തമായ രീതിയിൽ യുദ്ധം ചെയ്യുന്നതിനുള്ള അനുവാദം ഏതെല്ലാം കാരണങ്ങളാൽ കൊണ്ടാണ് നൽകപ്പെട്ടിരിക്കുന്നതു എന്നു കാണാം. ഇതു സംബന്ധിച്ച് ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) അരുൾ ചെയ്യുന്നു:

ഇസ്‌ലാമിന്റെ പ്രാരംഭ കാലഘട്ടത്തിൽ മുസ്‌ലിംകൾ വളരെ ന്യൂനപക്ഷമായിരുന്നു. അവരുടെ എതിരാളികൾ തങ്ങളുടെ ഹൃദയങ്ങളിലും മസ്തിഷ്ക്കങ്ങളിലും കൂടിയിരുത്തിയിരുന്ന സ്വാഭാവികമായ അഹങ്കാരം കാരണം സമ്പത്തിലും ആൾബലത്തിലും അന്തസ്സിലും സ്ഥാനമാനങ്ങളിലും ഇതര വിഭാഗങ്ങളെക്കാൾ തങ്ങൾ ശ്രേഷ്ഠരാണെന്ന് കരുതിയിരുന്നു. അതുകൊണ്ട് അവർ തങ്ങ

*(ശേഷം 30-ാം പേജിൽ)*

# ശുഭ പര്യവസാനം

(മഹ്ദി ഇമാമിന്റെ ചരിത്രത്തിൽനിന്ന് )

**മ**ഹ്ദി ഇമാമിന്റെ ആദരണീയ സഹാബി മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) വിവരിക്കുന്നു:

'ഉഷ്ണകാലമായിരുന്നു. മസ്ജിദ് മുബാറക്ക് അപ്പോഴും വളരെ ചെറുതായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹും (റ) ഹദ്റത്ത് മൗലവി അബ്ദുൽകരീമും (റ), ഹദ്റത്ത് ഹകീംഫള്ലുദ്ദീൻ സാഹിബും (റ) മറ്റും അവിടെ ഉപവിഷ്ടരായിരുന്നു. മഗ്‌രിബ് നമസ്കാര സമയം അടുത്തിരുന്നു. അന്നത്തെ ദിവസം ഒരു തത്വജ്ഞാനിയായിരുന്ന മിയാൻ അല്ലാഹ് ദീനിന്റെ ഭാഗത്തുനിന്നും ചില പിഴവുകൾ സംഭവിച്ചിരുന്നു. മൗലവി അബ്ദുൽ കരീം സാഹിബ് അദ്ദേഹത്തെ അടിച്ചു. ഈ വിദ്വാന്റെ അട്ടഹസിച്ചു കൊണ്ടുള്ള കരച്ചിൽ മഹ്ദി ഇമാമിന്റെ വീട്ടിനുള്ളിൽ അദ്ദേഹവും കേട്ടു. പുറത്തുവന്ന മഹ്ദി ഇമാമിന്റെ ചുണ്ടുകളിലും വർത്തമാനത്തിലും ദു:ഖം പ്രകടമായിരുന്നു. തുടർന്ന് അരുളി: "അല്ലാഹുവിന്റെ ദൂതൻ നിങ്ങളുടെ ഇടയിലുണ്ട്. നിങ്ങൾ ഇത്തരം ചെയ്തികൾ ചെയ്യുന്നു." ഈ വാക്കുകൾ കേട്ടതോടെ ഞങ്ങളെല്ലാവരും ഭയചകിതരായി. മൗലാനാ അബ്ദുൽ കരീം സാഹിബ് കരയാൻ തുടങ്ങി. മാപ്പു ചോദിക്കാനും ദുആ യ്ക്കപേക്ഷിക്കുവാനും തുടങ്ങി. ഹുസൂർ (അ) ദുആ ചെയ്യാൻ വേണ്ടി കൈയുയർത്തി. അധിക സ്നേഹിതരും നിറമിഴികളോടെയായിരുന്നു. ദുആ ചെയ്തതോടെ എല്ലാവർക്കും ശമനമുണ്ടാവുകയും സൗഖ്യത്തിലാവുകയും ചെയ്തു. പര്യവസാനം നല്ലതായി. അൽഹംദുലില്ലാഹ്.

(മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) 26 ആഗസ്റ്റ് 1936-ൽ അൽഫള്ൽ: പത്രത്തിൽ എഴുതിയത്)

**സമ്പാദകൻ:**

**മൗലവി അമീൻ, മുഹമ്മദ് എച്ച്. എ.,**

## സ്വലാത്ത്

തിരുനബി(സ) അരുളി: നിങ്ങൾ എന്റെ കബ്റിനെ ആഘോഷസ്ഥലമാക്കരുത്. നിങ്ങൾ എനിക്ക് സ്വലാത്ത് ചൊല്ലുക. നിശ്ചയം നിങ്ങളുടെ സ്വലാത്ത് നിങ്ങൾ എവിടെയായിരുന്നാലും എനിക്ക് എത്തിക്കപ്പെടും.

***(അബൂദാവൂദ്)***

# സൂറ: ഫാത്തിഹായും പ്രവാചകാവതാരവും

ഏ.പി. കുഞ്ഞാമു

**സൂറഃഫാത്തിഹായിൽ നിന്ന് റസൂൽ തിരുമേനി(സ)ക്ക് ശേഷം അദ്ദേഹത്തിന്റെ ഉമ്മത്തിലും (സമുദായത്തിലും) ശിഷ്യപ്രവാചകന്മാർക്ക് വരാമെന്ന് തെളിയുന്നു.**

ഒരു ദിവസം ഒരു മുഅ്മിൻ (വിശ്വാസി) കുറഞ്ഞത് 17 പ്രാവശ്യമെങ്കിലും നിസ്കാരത്തിൽ സൂറഃഫാതിഹായുടെ പരിശുദ്ധ സൂക്തങ്ങൾ ആവർത്തിച്ചു ചൊല്ലുന്നു. അല്ലാഹുവിന്റെ സിഫത്തുകളെ വിവരിച്ച ശേഷം നാം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു. അല്ലാഹുവേ, നീ ഞങ്ങളെ നേരായ പാതയിൽ നയിക്കേണമേ. നീ ആരിൽ അനുഗ്രഹം ചൊരിഞ്ഞുവോ, അവരുടെ വഴിയിൽ ത്തന്നെ! നിന്റെ ശാപത്തിനും കോപത്തിനും പാത്രമായവരുടെ വഴിയിലല്ല.

ഇവിടെ നാം പ്രാർത്ഥിക്കുന്നത് അല്ലാഹു ആരെയെല്ലാം അനുഗ്രഹിച്ചുവോ അവരുടെ മാർഗ്ഗേണ അവരെപ്പോലെ അനുഗൃഹീതരായി ചരിക്കുന്നവരിൽ, ഉൾപ്പെടുത്തണമെന്നാണ്. ആ അനുഗ്രഹങ്ങൾ ലഭിച്ചവർ അനുവർത്തിച്ച ജീവിതചര്യയിൽ നിന്നും വ്യതിരിക്തമായി തങ്ങളുടെ സ്വേച്ഛകളെ പിൻപറ്റി, അല്ലാഹുവിന്റെ ശാപത്തിനും കോപത്തിനും പാത്രമായവരുടെ വഴിയിൽ അല്ലാഹുവേ, നീ ഞങ്ങളെ നടത്തരുതെന്നുമാണ് തുടർന്നു പ്രാർത്ഥിക്കുന്നത്. മുസ്ലിം സഹോദരന്മാർ വളരെയധികം ശ്രദ്ധിക്കേണ്ട കാര്യമാണിത്. അപ്രാപ്യമായ ഒരു കാര്യത്തെക്കുറിച്ചു പ്രാർത്ഥിക്കാൻ സ്രഷ്ടാവായ അല്ലാഹു നമ്മോട് ആവശ്യപ്പെടുമോ.

അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ വഴി നടത്താനുള്ള ഖുർആന്റെ പരമപ്രധാനമായ ഈ പ്രാർത്ഥനയെക്കുറിച്ച് ചിന്തിക്കുമ്പോൾ ആരാണ് അല്ലാഹു അനുഗ്രഹിച്ചവർ എന്നത് നിർണ്ണായകമായി വരുന്നു. റസൂൽ തിരുമേനി(സ) ക്ക് മുമ്പു പ്രവാചകന്മാരിൽ വിശ്വസിച്ചവരിൽ അല്ലാഹു സിദ്ധീഖ് വരെയുള്ള ആത്മീയ സ്ഥാനക്കാരെ അനുഗ്രഹിച്ചു നൽകിയതായി വിശുദ്ധ ഖുർആനിൽ കാണാം. എന്നാൽ അതേ വിശുദ്ധ ഖുർആനിൽ അല്ലാഹുവിനേയും ഈ റസൂലിനേയും അതായത് മുഹമ്മദ് നബി(സ)യേയും പിന്തുടരുന്നവരിൽ നബി, സിദ്ധീഖ്, ശഹീദ്, സാലിഹ് എന്നീ നാല് പദവികൾ നൽകുമെന്ന് പറഞ്ഞിരിക്കുന്നു. *"അല്ലാഹുവിനേയും റസൂലിനേയും അനുസരിക്കുന്നവരാരോ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ളവരായ നബിമാർ, സിദ്ധീഖ് മാർ, ശഹീദുകൾ, സാലിഹുകൾ എന്നിവരുടെ കൂടെയായിരിക്കും. ഇവരെത്ര നല്ല കൂട്ടുകാർ. ഇതു അല്ലാഹുവിൽ നിന്നുള്ള വരപ്രസാദമാകുന്നു. അല്ലാഹു വേണ്ടുവോളം അറിവുള്ളവനാകുന്നു." (4:70, 71)*

*'നീ ആരുടെ മേൽ അനുഗ്രഹം ചൊരിഞ്ഞുവോ അവരുടെ വഴിയിൽ'* എന്ന പ്രാർത്ഥനയിൽ നാം അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നത് ഈ നാല് ആത്മീയ സ്ഥാനങ്ങൾക്ക് വേണ്ടിയാണെന്ന് മേൽ ആയത്തിൽ നിന്ന് വ്യക്തമായി മനസ്സിലാവുന്നു. പ്രസ്തുത നാല് ആത്മീയ പദവികളും തിരുമേനി(സ)യുടെ ഉമ്മത്തിന് ലഭിക്കുമെന്ന് തന്നെയാണ് ഈ ആയത്തിലെ പ്രാർത്ഥന കൊണ്ട് മനസ്സിലാവുന്നത്. ഇതു അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമാണെന്നും പ്രത്യേകം പറഞ്ഞിരിക്കുന്നു. ഈ വരപ്രസാദം തിരുമേനി(സ)യുടെ ഉമ്മത്തായ ഖൈറുൽ ഉമ്മത്തിന്ന് ഉണ്ടാകുമെന്ന് തന്നെയാണ് ഇവിടെ പറയപ്പെട്ടിരിക്കുന്നത്. ഈ ആയത്തു ഖുർആനിൽ ഉള്ള കാലത്തോളം തിരുമേനിയുടെ ഉമ്മത്തിൽ നുബുവ്വത്താകുന്ന അനുഗ്രഹം അഥവാ നബി വരില്ലെന്ന് പറയുവാൻ ആർക്കും സാദ്ധ്യമല്ല. നാം ഏകനായി നിസ്കരിക്കുമ്പോഴും ഇമാമോടുകൂടിയായാലും നാം നിന്നോട് മാത്രം പ്രാർത്ഥിക്കുന്നു' എന്ന ബഹുവചനരൂപമാണ് ഉപയോഗിക്കുന്നത്. അതുകൊണ്ടുതന്നെ ആ പ്രാർത്ഥന കൊണ്ട് അർത്ഥമാക്കുന്നത് അല്ലാഹു അനുഗ്രഹിച്ച വരിഷ്ട വ്യക്തികളെ ഈ സമുദായത്തിൽ അല്ലാഹു അനുഗ്രഹിച്ചരുളുമാറാകട്ടെ എന്ന് തന്നെയാണ്. ഒരു ജീവൽ സമുദായമാകണമെങ്കിൽ അത്തരം അനുഗൃഹീതർ ഉണ്ടായിക്കൊണ്ടിരിക്കേണ്ടതുണ്ട്. ഈ പറയപ്പെട്ട പദവി

കളാൽ ഏതെങ്കിലും ഒന്നിനെ അതിൽ നിന്ന് ഒഴിവാക്കാൻ സാദ്ധ്യമല്ല. ഈ ആയത്തിൽ നബിമാർ, സിദ്ധീഖുകൾ, ശുഹദാക്കൾ, സാലീഹിങ്ങൾ എന്നിവരുടെ കൂടെ എന്നു പറഞ്ഞതുകൊ ണ്ടു അവരുടെ കൂടെ ഇരിക്കാമെന്നല്ലാതെ ആ സ്ഥാനങ്ങൾ ലഭ്യമല്ലെന്ന് അഹ്മദികളോടുള്ള വിരോധം കൊണ്ടു ആരെങ്കിലും പറയുമെങ്കിൽ റസൂൽ തിരുമേനിയുടെ ഉമ്മത്തിൽ സാലിഹ് പോലും ഉണ്ടാവുകയില്ലെന്നു പറയേണ്ടി വരും. (നഊദുബില്ലാഹ്) കാരണം ഈ നാല് സ്ഥാനങ്ങളും ഒരേ ശ്രേണിയിലെ ഇടമുറിയാത്ത പദവികളായാണ് പറയപ്പെട്ടത്. അതിൽ ഒന്നിനേയും അടർത്തി യെടുക്കാൻ പറ്റില്ല.

ഈ ആയത്തിലെ *'മഅല്ലദീന അൻഅമല്ലാഹു'* (അല്ലാഹു അനുഗ്രഹിച്ചവരുടെ കൂടെ) എന്നതിലെ 'മഅ' (കൂടെ) എന്നു പറഞ്ഞതിനെയാണ് ഇവർ എടുത്തുപറയുന്നത്. ഖുർആനിൽത്തന്നെ *"തവഫനാ മഅൽ അബ്റാർ"* "പുണ്യാത്മാക്കളോടു കൂടെ നീ ഞങ്ങളെ മരിപ്പിക്കേണമേ" എന്നു പറയപ്പെട്ടിരിക്കുന്നു. (3:194). ഇതിന്റെ അർത്ഥം സജ്ജനങ്ങളായി നീ ഞങ്ങളെ മരിപ്പിക്കേണം എന്നു തന്നെയാണ്. അല്ലാതെ പുണ്യാത്മാക്കളോടൊപ്പം, അവർ മരിക്കുമ്പോൾ കൂടെ മരിപ്പിക്കണം എന്നല്ല. ഭക്തിമാർഗ്ഗം അവലംബിച്ചവരെ പറ്റി *"ഫഉലായിക്ക മഅൽ മുഅ്മിനീൻ"*(4:147) അവർ വിശ്വാസികളുടെ കൂടെയാണ്" എന്നു പറഞ്ഞിരിക്കുന്നു. അവർ സത്യവിശ്വാസികൾ തന്നെയാണെന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് സ്ഥാനങ്ങളിൽ അവരോടൊപ്പം തുല്യരാണെന്നു തന്നെ. ഇത്തരം പല ഉദാഹരണങ്ങളും വിശുദ്ധ ഖുർആനിലുണ്ട്. അല്ലെങ്കിൽ സജ്ജനങ്ങൾ മരിക്കുമ്പോൾ ഞങ്ങളേയും മരിപ്പിക്കണമെന്നാണ് അതിന്റെ അർത്ഥമെന്നുപറയേണ്ടി വരും. അങ്ങനെ ഒരു പ്രാർത്ഥനയുടെ ആവശ്യം തന്നെ ഇല്ലല്ലോ. അപ്പോൾ അഞ്ച് നേരവും അതിനു പുറമെയുള്ള നഫൽ നിസ്കാരങ്ങളിലും സുന്നത്ത് നിസ്കാരങ്ങളിലും അല്ലാഹുവിനോട് 'നീ അനുഗ്രഹിച്ചവരുടെ വഴിയിൽ നമ്മെയും നടത്തേണമേ' എന്നു നാം പ്രാർത്ഥിക്കുന്നു. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്താലും അവന്റെ ഇച്ഛാശക്തി കൊണ്ടും ദുആകൊണ്ടും മറ്റും ഒരു പ്രവാചകനെ അയച്ചാൽ, നമുക്ക് ആരുടേയും ആവശ്യമില്ല എന്ന് പറഞ്ഞു തള്ളുന്നത് നന്ദികേടും ധിക്കാരവുമല്ലേ? അതാണ് തുടർന്നു കൊണ്ടു നാം പ്രാർത്ഥിക്കുന്നത്: *'അല്ലാഹുവിന്റെ ശാപത്തിനും കോപത്തിനും പാത്രമായവരുടെ വഴിയിലല്ലാ'* എന്ന്. അതായത് അല്ലാഹുവിന്റെ കോപത്തിനും ശാപത്തിനും പാത്രമായവർ എന്നു പറയുമ്പോൾ അതു യഹൂദി നസാറാക്കളാണെന്ന് തിരുമേനി(സ) തന്നെ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. യഹൂദികൾക്ക് തൌറാത്തിനെ ഉദ്ധരിക്കാൻ ഒരു മസീഹിനെ പ്രവാചകനായി അയച്ചപ്പോൾ അദ്ദേഹത്തെ സ്വീകരിക്കുന്നതിന് പകരം അദ്ദേഹത്തെ കുരിശിലേറ്റിക്കൊല്ലാനാണ് യഹൂദികൾ ശ്രമിച്ചത്. ആ കാരണത്താൽ അവർ അല്ലാഹുവിന്റെ ശാപത്തിന് പാത്രമായി. എന്റെ ഉമ്മത്തും ചാണിന് ചാണായും മുഴത്തിന് മുഴമായും യഹൂദി നസാറാക്കളെ പിൻപറ്റുമെന്ന് റസൂൽ തിരുമേനി(സ)പറഞ്ഞത് ഇവിടെ സ്മരിക്കേണ്ടതാണ്. അങ്ങനെ അല്ലാഹുവിന്റെ അനുഗ്രഹത്തിന് പാത്രമായി ഒരു മഹ്ദി മസീഹ് ഈ ഉമ്മത്തിൽ വരുമെന്ന് തിരുമേനി (സ:) പ്രവചിച്ചിട്ടുണ്ടെന്നും അങ്ങനെ അദ്ദേഹം ആവിർഭവിച്ചാൽ മഞ്ഞുകട്ടമേൽ ഇഴഞ്ഞുപോയെങ്കിലും അദ്ദേഹത്തിൽ ബൈഅത്ത് ചെയ്യണമെന്നും തിരുമേനി കല്പിച്ചിരുന്നു. യഹൂദികൾക്ക് വന്ന ഈസാ മസീഹിനെ അവർ നിഷേധിക്കുകയും അദ്ദേഹത്തെ പല പീഡനങ്ങൾക്കും വിധേയമാക്കുകയും ഉണ്ടായല്ലോ. അതു പോലെയുള്ള ഒരവസ്ഥ നമുക്കു വരരുതെന്നാണ് നാം പ്രാർത്ഥിക്കുന്നത്. ഈ കാര്യത്തിൽ നമുക്ക് അബദ്ധം പറ്റിയോ എന്നു ഒന്നു പരിശോധിച്ചു കൂടെ? കോപത്തിന് പാത്രമായവർ യേശുവിനെ ദൈവമാക്കിയവരാണ്. അതേ അബദ്ധം ഇന്നു മുസ്‌ലിംകളും ചെയ്യുന്നു. യേശു ദൈവം ചെയ്യുന്ന പ്രവൃത്തികൾ അതായത് സൃഷ്ടി കർമ്മവും മരിച്ചവരെ ജീവിപ്പിക്കലും നടത്തി എന്ന് ക്രിസ്ത്യാനികളെപ്പോലെ മുസ്‌ലിംകളും വിശ്വസിക്കുന്നു. അദ്ദേഹം മരിക്കാതെ സ്ഥൂല ശരീരത്തോടെ ഇന്നും ആകാശത്ത് ജീവിച്ചിരിപ്പുണ്ടെന്നും പറയുന്നു. ഇതെല്ലാം ശിർക്കൻ വിശ്വാസങ്ങളാണ്. ആ അബദ്ധത്തെപറ്റി മുസ്‌ലിംകൾ ബോധവാന്മാകേണ്ടിയിരിക്കുന്നു. ശ്രേഷ്ഠപ്രവാചകനായ തിരുമേനി(സ)പോലും ഒരു മനുഷ്യൻ മാത്രമാണെന്നു പറയുമ്പോൾ എല്ലാ പ്രവാചകന്മാരും മനുഷ്യർ മാത്രമാണ്. അവരാരും ദൈവവമല്ല, ദൈവപുത്രന്മാരുമല്ല. ദൈവത്തിന്റെ സിഫത്തുകൾ അവർക്കില്ല താനും. അതും കൂടി നാം പ്രാർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപ്പോൾ നാം ചെയ്യുന്ന പ്രാർത്ഥനയെക്കുറിച്ചു നാം ബോധവാന്മാരാകേണ്ടതാണ്. അല്ലാഹു നമ്മോടു പ്രാർത്ഥിക്കാൻ ആവശ്യപ്പെട്ടതനുസരിച്ചാണ് നാം പ്രാർത്ഥിക്കുന്നത്. ഇനിയൊരിക്കലും ലഭിക്കാത്ത ഒരു സ്ഥാനം ലഭിക്കാൻ അവൻ നമ്മോടു പ്രാർത്ഥിക്കാൻ ആവശ്യപ്പെടുകയില്ല. ഈ തത്വം നാം മനസ്സിലാക്കണം. അപ്പോൾ വിശുദ്ധഖുർആന്റെ ആദ്യത്തെ സൂറ:യിൽ തന്നെ, ആ സൂറ: ഉമ്മുൽ ഖുർആനാണ്, അല്ലാഹു ഈ രഹസ്യം ഉൾപ്പെടുത്തിയിരിക്കുന്നു. വാസ്തവത്തിൽ പ്രസ്തുത സൂക്തങ്ങളുടെ വിവരണമാണ് വിശുദ്ധ ഖുർആന്റെ ബാക്കി ഭാഗങ്ങൾ. അതിൽ പല അദ്ധ്യായങ്ങളിലായി പ്രതിപാദിച്ചത് അല്ലാഹു പ്രവാചകന്മാരെ അയച്ച ചരിത്രവും അവരിൽ വിശ്വസിച്ചവരെ അല്ലാഹു രക്ഷിച്ചതും. അവിശ്വാസികൾ ശിക്ഷക്ക് വിധേയമായതുമാണ്. ഇന്ന് മുസ്‌ലിം ലോകം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വിപത്തുകൾ അവർ ക്കായി അല്ലാഹു നിയോഗിച്ച മഹ്ദീ മസീഹിനെ നിഷേധിച്ചതിന്റെ പരിണത

ഫലമാണെന്ന് ചിന്തിക്കുന്നവർക്ക് മനസ്സിലാക്കാം. ഇന്ന് അല്ലാ ഹു ഭൂമിയിൽ സ്ഥാപിച്ച വാഗ്ദത്ത മസീഹിന്റെ ഖിലാഫത്തിനെ പിൻതുടർന്നാൽ അല്ലാഹുവിന്റെ എല്ലാവിധ അനുഗ്രഹങ്ങൾക്കും മുസ്‌ലിം ലോക പാത്രമാകും എന്ന കാര്യത്തിൽ സംശയം വേണ്ട. ആ സഹായങ്ങൾ ലഭ്യമാകാൻ അല്ലാഹു ഭൂമിയിൽ ഇറക്കിയ പാശമാണ് ഖിലാഫത്ത്. അതിനെ മുറുകെ പിടിക്കാൻ അല്ലാഹു താക്കീത് ചെയ്തിരിക്കുന്നു.

ഇതുകൂടാതെ മറ്റൊരു സംഗതി കൂടി ഞാൻ ഇവിടെ പ്രതിപാദിക്കാൻ ആഗ്രഹിക്കുന്നു. അതും നാം എല്ലാ നിസ്കാരങ്ങളിലും ആവർത്തിച്ചു ചൊല്ലുന്ന റസൂൽ തിരുമേനി(സ) യുടെ മേലുള്ള സ്വലാത്താണ്. അല്ലാഹുവേ, നീ ഇബ്രാഹിം നബി(അ) യെയും അദ്ദേഹത്തിന്റെ അനുയായികളേയും (കുടുംബം) അനുഗ്രഹിച്ചതുപോലെ നീ മുഹമ്മദ് നബി (സ:അ)യേയും അദ്ദേഹത്തിന്റെ അനുയായികളേയും (കുടുംബം) അനുഗ്രഹിക്കേണമേ. നീ ഇബ്രാ ഹിം നബിയുടെ മേലും അദ്ദേഹത്തിന്റെ അനുയായികളുടെ മേലും (കുടുംബം) ബർക്കത്ത് ചെയ്തതുപോലെ മുഹമ്മദ് നബിയിലും അദ്ദേഹത്തിന്റെ അനുയായികളിലും (കുടുംബം) ബർക്കത്ത് നൽകേണമേ.

ഇവിടെ നാം അല്ലാഹുവിനോട് അർത്ഥിക്കുന്നത് രണ്ടുതരത്തിലുള്ള അനുഗ്രഹങ്ങളാണ്. ഒന്ന് ആത്മീയാനുഗ്രഹങ്ങളാണ് അതായത് ദൈവിക സാമിപ്യം ലഭിച്ചവരായ നബി, സിദ്ധീഖ്, ശുഹദാക്കൾ, സാലിഹ് മുതലായ സ്ഥാനങ്ങൾ. മറ്റൊന്ന് ഭൗതികമായ അനുഗ്രഹം ലഭിച്ച രാജാക്കന്മാരേയും പ്രഭുക്കന്മാരേയുമാണ്. ഇതിന് വേണ്ടി രാവും പകലും അല്ലാഹുവിനോട് ചോദിക്കുന്നു. വാസ്തവത്തിൽ നാം ചൊല്ലുന്ന സ്വലാത്തിന്റെ ഉദ്ദേശം ഇതല്ലെങ്കിൽ മറ്റെന്താണ്?

അതായത് ഒരു സമുദായം ജീവനുള്ളതും അന്തസ്സുള്ളതും ആയിത്തീരേണമെങ്കിൽ ഭൗതികമായും ആത്മീയമായും അതിൽ പരിഷ്കർത്താക്കളുണ്ടാവുകയും അവർ സമൂഹത്തെ ഉന്നതങ്ങളിൽ എത്തിക്കുകയും ചെയ്യണം. അതു ദീനുൽ ഇസ്‌ലാമിൽ ഉണ്ടാകണമെന്നാണ് നമ്മുടെ ആഗ്രഹം. ആ അനുഗ്രഹം അല്ലാഹു നമുക്ക് കനിഞ്ഞേകിയാൽ രണ്ട് കൈയ്യും നീട്ടി സ്വീകരിക്കുന്നതിന് പകരം അതിനെ തട്ടിക്കളഞ്ഞാൽ അല്ലാഹു നമ്മോടു വെറുക്കുകയില്ലേ? തീർച്ചയായും വെറുക്കും. അതാണ് നാമിന്ന് മുസ്‌ലിം ലോകത്തു കണ്ടുകൊണ്ടിരിക്കുന്നത്. ഇനിയും തെറ്റുകൾ തിരുത്താം. അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാവാരിധിയുമാണ്. ഈ കാര്യം എത്രയും വേഗം മനസ്സിലാക്കാനുള്ള തൗഫീക്ക് അല്ലാഹു മുസ്‌ലിംകൾക്ക് നൽകുമാറാകട്ടെ. ആമീൻ.

മുസ്‌ലിം സമുദായത്തെ ഖൈറുൽ ഉമ്മത്തെന്നാണ് അല്ലാഹു വിശേഷിപ്പിച്ചത്. ഒരു ഇരപ്പാളിയെ മുതലാളി എന്നു വിളിക്കുന്നതു പോലെയാണ് ഇതെന്ന് ഇന്നത്തെ മുസ്‌ലിം സമുദായത്തെ ഉദ്ധരിച്ച് നമുക്ക് പറയനാവും. എന്നാൽ അല്ലാഹു ഇന്നും സമുദായത്തെ കൈവെടിഞ്ഞിട്ടില്ല. ഒരു ജീവനുള്ള സമുദായം അധഃപതിക്കുമ്പോൾ അല്ലാഹു അവരെ ഉദ്ധരിക്കാനുള്ള ഏർപ്പാട് ഉണ്ടാക്കിക്കൊടുക്കും. അങ്ങനെ ഇസ്‌ലാമിൽ ഓരോ നൂറ്റാണ്ടിലും മുജദ്ദിദ്മാരെ (പരിഷ്ക്കർ ത്താക്കളെ) അല്ലാഹു അയച്ചുകൊ ണ്ടിരുന്നു. 14-ാം നൂറ്റാണ്ടിൽ റസൂൽ തിരുമേനി(സ) പ്രവചിച്ചപ്രകാരം" *'നിങ്ങളിൽ നിന്നുള്ള നിങ്ങളുടെ ഇമാമായി ഈസബ്നു മറിയം നിങ്ങളിൽ അവതരിച്ചാൽ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും?'* അപ്പോൾ വാഗ്ദാനം ചെയ്യപ്പെട്ട മസീഹും മഹ്ദി ഇമാമും ഈ ഉമ്മത്തിൽ നിന്ന് വരണമെങ്കിൽ ഈസാ നബി ആയിരിക്കുകയില്ല അദ്ദേഹത്തിന് സദൃശനായ മറ്റൊരാളാകാനേ സാധിക്കുകയുള്ളൂ. അദ്ദേഹം വാഗ്ദാനം ചെയ്യപ്പെട്ട സമയത്ത് തന്നെ ആഗതനായി. അതുകൊണ്ടു തന്നെയാണ് 14-ാം നൂറ്റാണ്ടിലും 15-ാം നൂറ്റാണ്ടിലും മുസ്‌ലിം ലോകത്തു ഹദ്റത്ത് അഹ്മദ് (അ) അല്ലാതെ മറ്റ് മുജദ്ദിദുമാരെ കാണാത്തത്. മുമ്പുള്ള നൂറ്റാണ്ടുകളിൽ വന്ന മുജദ്ദിദുമാരുടെ അഡ്രസ്സ് മറ്റു മുസ്‌ലിംകളുടെ കൈവശമുണ്ട്. മഹ്ദി മസീഹ് വന്ന് അദ്ദേഹത്തിന്റെ വിയോഗത്തിന് ശേഷം ഖിലാഫത്തും നിലവിൽ വന്നു. മുജദ്ദിദ്മാരുടെ ആവശ്യം ഖലീഫമാർ മുഖേന നടന്നുകൊണ്ടിരിക്കുന്നു. ഇപ്പോൾ അഞ്ചാമത്തെ ഖലീഫ ആത്മീയഭരണം നടത്തിക്കൊണ്ടിരിക്കുന്നു. മുസ്‌ലിം ലോകത്തിന് ഈ സത്യം അല്ലാഹു എളുപ്പത്തിൽ മനസ്സിലാക്കികൊടുക്കുമാറാകട്ടെ. ആമീൻ. ●

---

*(27 -ാം പേജിൽ നിന്ന് തുടർച്ച)*

ളുടെ കാലത്തുള്ള മുസ്‌ലിംകളോടു അതായത് സഹാബികളോടു കഠിനമായ ശത്രുത വെച്ച് പുലർത്തിയിരുന്നു. ദൈവികമായ ഈ ചെടി ഭൂമിയിൽ സ്ഥാപിതമാകുന്നത് അവർ ഇഷ്ടപ്പെട്ടിരുന്നില്ല. എന്നു മാത്രമല്ല, ഈ സാത്വികരായ സജ്ജനങ്ങളെ നശിപ്പിക്കുവാനായി അനവരതം പ്രയത്നിച്ച് കൊണ്ടിരുന്നു. അവരെ വിഷമിപ്പിക്കുകയും കഷ്ടപ്പെടുത്തുകയും ചെയ്യുന്നതിൽ ഒരണു മാത്രമെങ്കിലും കുറവു കാണിച്ചിരുന്നില്ല. അവർക്കുണ്ടായിരുന്ന ഭയവും ഭീതിയും, ഈ മതം കാലുറപ്പിക്കുകയും അഭിവൃദ്ധിപ്പെടുകയും ചെയ്യുകയാണെങ്കിൽ തങ്ങളുടെ മതവും സമുദായവും നശിച്ചുപോകുമെന്നതായിരുന്നു. അവരുടെ ഹൃദയങ്ങളിൽ കൂടികൊണ്ടിരുന്ന ഈ ഭയാശങ്കൾ നിമിത്തം അവരിൽ നിന്നും ഉണ്ടായ അക്രമാസക്തവും ബലാൽക്കാരവും മുഖേന ധാരാളം മുസ്‌ലിംകൾ നശിപ്പിക്കപ്പെടുകയുണ്ടായി. പതിമൂന്നു സുദീർഘമായ വർഷങ്ങൾ ഏറ്റവും ഹിംസാത്മകവും നിർദ്ദയവും ആയ രീതിയിൽ അല്ലാഹുവിന്റെ ഈ വിശ്വസ്ത ദാസന്മാരെ ഈ കിരാത

*(ശേഷം 41-ാം പേജിൽ)*

ലേഖനം

# പോപ്പും ഇസ്‌ലാം സംവാദവും

ഹസൻ സുറൂർ

**പ്രശസ്ത കോളമിസ്റ്റായ ലേഖകൻ പോപ് വിവാദത്തിൽ ശ്രദ്ധേയമായ ചില നിരീക്ഷണങ്ങൾ നടത്തുന്നു**

ഇസ്‌ലാമിനെക്കുറിച്ച് പോപ്പു നടത്തിയ പരാമർശം തുടരേണ്ടിയിരുന്നില്ല. വിവാദം അദ്ദേഹത്തിന്റെ ഖേദപ്രകടനത്തോടെ അവസാനിക്കണമായിരുന്നു. എന്നാൽ പോപ്പ് ഉയർത്തിയ ഈ പ്രശ്നത്തിലോ ലോകത്തിലെ പ്രബലമായ മതങ്ങൾ തമ്മിലുള്ള ബന്ധങ്ങളുടെ കാര്യത്തിലോ വിവേകപൂർവ്വമായ ഒരു സംവാദം നടന്നു കാണാൻ താല്പര്യമുള്ളവർ കഴിഞ്ഞ രണ്ടാഴ്ചയായി നടന്നു കൊണ്ടിരിക്കുന്ന സംഭവങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്. 'വാദമുഖങ്ങൾ അവതരിപ്പിക്കേണ്ടത് ഈ വിധത്തിലാണോ' എന്ന് അവർ സ്വയം ചോദിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

മുസ്‌ലിംകളാവട്ടെ, തങ്ങളുടെയോ തങ്ങളുടെ മതത്തിന്റെയോ പ്രതിച്ഛായക്ക് ഭംഗം വരുത്തുന്ന എന്തിനോടും മുമ്പെന്നപോലെ വളരെ പെട്ടെന്നു തന്നെ അമിതമായി പ്രതികരിക്കുന്നു. അതാവട്ടെ, അവരുടെ അസഹിഷ്ണുതയുടെ പ്രതിച്ഛായയെ കൂടുതൽ പൊലിപ്പിക്കുകയാണ് ചെയ്യുന്നത്. 'അപമാനം' എന്നു പറയാവുന്ന ഒന്നും തന്നെ പോപ്പിന്റെ പരാമർശത്തിൽ ഇല്ല. ഇസ്‌ലാമിന്റെ ആദ്യകാലത്തു തന്നെ പരിതഃസ്ഥിതിയുടെ സമ്മർദ്ദത്താൽ രക്തച്ചൊരിച്ചിലിന്റെ ഒരു ശോണരേഖയുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇത് മുസ്‌ലിം പണ്ഡിതന്മാർ തന്നെ സമ്മതിച്ചിട്ടുള്ളതാണ്. അതിലുപരി, ക്രിസ്തുമതത്തിന്റെ രക്തത്തിൽ കുതിർന്ന ചരിത്രം ചൂണ്ടിക്കാണിച്ചുകൊണ്ട് പോപ്പുമായി ഈ പ്രശ്നത്തെക്കുറിച്ചു ചർച്ച ചെയ്യാൻ മുസ്‌ലിം മതപണ്ഡിതന്മാർക്ക് സ്വാതന്ത്ര്യമുണ്ട്. വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ വ്യക്തിസ്വാതന്ത്ര്യത്തെ ഹനിക്കുന്ന വിധത്തിലുള്ള വത്തിക്കാന്റെ പുറംതിരിഞ്ഞുള്ള നിലപാടും അവർക്ക് ചൂണ്ടിക്കാട്ടാവുന്നതാണ്.

ഇത്തരത്തിലുള്ള പ്രതികരണം വഴി മുസ്‌ലിംകൾക്കിപ്പോഴുള്ള ചുരുക്കം സുഹൃത്തുക്കളും നഷ്ടപ്പെടുകയാണ് ചെയ്യുക. ആശയങ്ങളും വിശ്വാസ സമ്പ്രദായങ്ങളും ചോദ്യം ചെയ്യപ്പെടുന്ന ഇന്നത്തെ ലോകത്ത് മുസ്‌ലിംകൾ കൂടുതൽ ഒറ്റപ്പെടുകയും ചെയ്യും.

പോപ്പു പറഞ്ഞ കാര്യത്തെക്കുറിച്ച് ഞാൻ തർക്കിക്കുന്നില്ല. എന്നാൽ തന്റെ ജീവിതത്തിലെ സിംഹഭാഗവും ഉസ്മാനിയ സാമ്രാജ്യത്തിനെതിരിൽ യുദ്ധം ചെയ്ത, ഇസ്‌ലാമിനെക്കുറിച്ച് നിന്ദാവചനങ്ങൾ പ്രയോഗിച്ച അപ്രശസ്തനായ ഒരു ചക്രവർത്തിയുടെ വാക്കുകളെ ആധാരമാക്കി കൊണ്ട് പോപ്പ് സംവാദത്തിന്റെ നിലവാരം കുറച്ചുകളയുകയാണുണ്ടായത്. തുർക്കികളുമായുള്ള സംഘട്ടനം മൂർദ്ധന്യത്തിലുള്ള അവസരത്തിലായിരുന്നു അയാൾ ചർച്ചാവിധേയമായ പരാമർശം നടത്തിയത്. തുർക്കികൾ അദ്ദേഹത്തെ തടവിലാക്കുകയും അദ്ദേഹത്തിന്റെ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിളിന് അഞ്ചു വർഷം ഉപരോധമേർപ്പെടുത്തുകയും ചെയ്തു.

കൂടുതൽ ആധികാരികവും നിഷ്പക്ഷവുമായ ഒരു ഉറവിടത്തിൽ നിന്നും തന്റെ വാദത്തിന്നാധാരമായ വസ്തുതകൾ കണ്ടെത്തിയിരുന്നുവെങ്കിൽ പോപ്പിന്റെ വാദത്തിന് കൂടുതൽ ബലമുണ്ടാവുമായിരുന്നു. പോപ്പ് ബെനഡിക്റ്റ് പതിനാറാമൻ സ്വയം തന്നെ ഒരു പണ്ഡിതനാണ്. തനിക്ക് ശക്തമായ അഭിപ്രായമുള്ള പ്രശ്നം കൈകാര്യം ചെയ്യാൻ തന്റെ പാണ്ഡിത്യം തന്നെ അദ്ദേഹത്തിനു ഉപയോഗപ്പെടുത്താമായിരുന്നു. ഇസ് ലാമിന്റെ അറിയപ്പെട്ട ക്രിസ്തീയ ശത്രുവിന്റെ വാക്കുകൾ തന്റെ വാദം സമർ

ത്ഥിക്കവാൻ പോപ്പു ഉപയോഗപ്പെടുത്തിയെന്നത് 'അവിശ്വസനീയമായി' ത്തോന്നുന്നുവെന്നാണ് തുബിൻജംൻ സർവ്വകലാശാലയിൽ പോപ്പിന്റെ ഒരു മുൻ സഹപ്രവർത്തകനായിരുന്ന ഹാൻ ക്കുംഗ് പത്രക്കാരോട് പറഞ്ഞത്. ഗൗരവാവഹമായ ഒരു ചർച്ച നടത്താൻ ഇരുവിഭാഗവും തല്പരരാണെങ്കിൽ തങ്ങളുടെ സംവാദാഭ്യാസത്തിന്റെ നിലവാരം ഉയർത്തേണ്ടതുണ്ട്. അല്ലാതെ കൂടുതൽ പോയിന്റ് സ്കോർ ചെയ്യുകയല്ല വേണ്ടത്.

അതിനിടയിൽ ഇസ്ലാമിനെ സംബന്ധിച്ച പാശ്ചാത്യരുടെ പൊതു ചർച്ചയുടെ സ്വരം കൂടുതൽ കടുപ്പമാവുകയാണ്. മിതമായ ഇസ്ലാം എന്നൊന്നില്ല എന്ന ആശയത്തിലേക്കാണ് അവർ പൊയ്ക്കൊണ്ടിരിക്കുന്നത്. അനുരഞ്ജനമില്ലാത്ത രണ്ട് മൂല്യവ്യവസ്ഥകളുടെ സംഘട്ടനമാണ് വാസ്തവത്തിൽ പാശ്ചാത്യലോകം ദർശിച്ചുകൊണ്ടിരിക്കുന്നത്. ഒന്ന് സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യത്തിന്റെയും ആത്മീയരഹിതമായ മേൽക്കോയ്മ അവകാശപ്പെടുന്ന പാശ്ചാത്യമാതൃക. മറ്റേത് സ്വന്തം ആത്മീയ ബലത്തിലുള്ള മിക്കവാറും സ്വയം ശരിയാണെന്ന വിശ്വാസത്താൽ നിയന്ത്രിക്കപ്പെടുന്ന ജനാധിപത്യസ്വഭാവമില്ലാത്തതും പിന്നോക്കം നിൽക്കുന്നതുമായ ഇസ്ലാം. ഇത് വൈരുദ്ധ്യാത്മകമായ രണ്ടു പ്രതികരണങ്ങളിലേക്ക് നയിച്ചിരിക്കുന്നു. ഒരുവശത്ത് ക്രിസ്തീയ വിജയോന്മാദത്തിന്റെ ചീറ്റൽ. പോപ്പിന്റെ പരാമർശങ്ങളിൽ ഇത് പ്രതിഫലിക്കുന്നുണ്ടെന്നാണ് ചില വ്യാഖ്യാതാക്കൾ പറയുന്നത്. ഈ 'ശീതസമരം' നീട്ടിവലിച്ചുകൊണ്ടുപോയാൽ പാശ്ചാത്യലോകത്തിന്റെ ആത്മീയ ദാരിദ്ര്യം കാരണം അവർക്ക് ഇസ്ലാമിനെതിരിൽ പിടിച്ചുനിൽക്കാൻ കഴിയില്ലെന്ന അത്യുഗ്രമായ ഭയമാണ് മറുവശത്ത്.

രണ്ടാമത് പറഞ്ഞത്, ബുദ്ധിജീവികൾക്കിടയിൽ കാണുന്ന ഇഴഞ്ഞു നീങ്ങുന്ന പരാജയബോധമാണ്. അതാണ് ഇതിലെ നിഗൂഢ വശം എന്ന് ഞാൻ കാണുന്നു. ഈ വീക്ഷണപ്രകാരം ഇസ്ലാമിസ്റ്റുകളാണ് "വിജയിക്കുന്ന"ത്. ജനാധിപത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പാശ്ചാത്യമൂല്യങ്ങൾക്ക് പകരമായി ലോകം ഒരു വലിയ ഖിലാഫത്ത് ആയിത്തീരും. അതിനു മുമ്പിൽ വെറും സമയത്തിന്റെ മാത്രം പ്രശ്നമേയുള്ളൂ. നമ്മോട് പറയപ്പെട്ടിരിക്കുന്നത് ഇത് ചരിത്രത്തിന്റെ അവസാനമാണെന്നാണ്. ഫ്രാൻസിസ് ഫുക്കുയാമയുടെ 'ചരിത്രത്തിന്റെ അവസാനം' എന്ന നിബന്ധത്തിന്റെ നേരെ എതിർദിശയിലാണ് ഇതിന്റെ ഗതി. അതിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്, സോവിയറ്റ് രീതിയിലുള്ള സോഷ്യലിസത്തിന്റെ പതനത്തിനു ശേഷം ഉദാരമായ ജനാധിപത്യത്തിന്റെ പാശ്ചാത്യമാതൃക നിലവിൽ വന്നു എന്നാണ്. ഇപ്പോൾ ഒരു ഇസ്ലാമിസ്റ്റു ബദൽ അതിനുണ്ടെന്നാണ് തോന്നുന്നത്. അത് വാതിലിൽ മുട്ടുകയാണ്. പ്രമുഖരായ നോവലിസ്റ്റുകളാലും പ്രബന്ധകാരന്മാരാലും ആവാഹിച്ചെടുക്കപ്പെട്ട മിക്കവാറും വെളിപാടുപരമായ രംഗസംയോജനം കൊണ്ട് വിധികല്പിച്ചാൽ സാമുവൽ ഹണ്ടിംഗ്ട്ടിന്റെ 'നാഗരികതയുടെ സംഘട്ടന' സിദ്ധാന്തം സത്യമായി പുലരാൻ കാത്തിരിക്കയാണെന്ന് തോന്നിപ്പോകും. ജിഹാദിനെതിരെയുള്ള പാശ്ചാത്യരുടെ യുദ്ധത്തിൽ ഇസ്ലാം പരാജയപ്പെടുകയില്ലെന്നതിന്റെ തക്കതായ പത്തുകാരണങ്ങൾ 'ദി ലൂസിംഗ് ബാറ്റ്ൽ വിത്ത് ഇസ്ലാം' എന്ന കൃതിയുടെ കർത്താവായ ഡേവിഡ് സൽബേൺ അക്കമിട്ടു പറയുന്നു. ഇസ്ലാമിനെന്തു കൊണ്ടാണ് മേൽക്കൈ ഉള്ളതെന്ന കാര്യം അദ്ദേഹം "ദി ടൈം" മാസികയിൽ എഴുതിയ ലേഖനത്തിൽ വിവരിക്കുന്നുണ്ട്. (മുഖ്യധാരാ മുസ്ലിംകളെയും ഇസ്ലാമിസ്റ്റുകളെയും അദ്ദേഹം വേർതിരിച്ചു കാണുന്നില്ല).

"ഇസ്ലാമിക തീവ്രവാദ"ത്തോട് എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്ന കാര്യത്തിൽ അമുസ്ലിം ലോകത്തുള്ള രാഷ്ട്രീയ ഭിന്നതയാണ് കാരണങ്ങളിലൊന്നായി അദ്ദേഹം പറയുന്നത്. ലോക മുസ്ലിം സമൂഹത്തിന്റെ ശക്തി കുറച്ചു കാണാനുള്ള പ്രവണത; ഇസ്ലാമിന്റെ 'സ്വാഭാവിക പ്രകൃതി'യെക്കുറിച്ചുള്ള തെറ്റിദ്ധാരണ; പാശ്ചാത്യനേതൃത്വത്തിന്റെ പ്രത്യേകിച്ചു അമേരിക്കയുടെ, പാശ്ചാത്യ നയരൂപീകരണത്തിലുള്ള 'ക്രമരാഹിത്യം', അമേരിക്കയുടെ പരാജയങ്ങൾക്കു നേരെ നിരവധി അമുസ്ലിംകൾക്ക് തോന്നുന്ന സംതൃപ്തി, പാശ്ചാത്യലോകത്തിന്റെ ധാർമിക ദാരിദ്ര്യം, ജിഹാദിസ്റ്റുകളുടെ യുക്തിപൂർവ്വമായ മാദ്ധ്യമോപയോഗം; അറബികളുടെയും മുസ്ലിംകളുടെയും ഭൗതികവിഭവങ്ങളുടെ മേലുള്ള പാശ്ചാത്യലോകത്തിന്റെ ആശ്രിതത്വം. സാങ്കേതിക ശാസ്ത്രത്താൽ നയിക്കപ്പെടുന്ന ആധുനികതയുടെ ഉൽക്കർഷബോധത്തിലുള്ള മിഥ്യാപരമായ വിശ്വാസം എന്നിവയും മറ്റു കാരണങ്ങളായി അദ്ദേഹം എണ്ണുന്നു. സപ്തംബർ പതിനൊന്നിന്റെ അഞ്ചാം വാർഷികത്തോടനുബന്ധിച്ച് 'ദി ഒബ്സർവർ' പത്രത്തിലെഴുതിയ കാടുകയറിയ ഒരുപന്യാസത്തിൽ ബ്രിട്ടീഷു നോവലിസ്റ്റ് മാർട്ടിൻ അമീസ് ഉപസംഹരിക്കുന്നത് യുദ്ധത്തിൽ ആദ്യമേ തന്നെ മുസ്ലിം തീവ്രവാദികൾ വിജയിച്ചുവെന്നു പറഞ്ഞുകൊണ്ടാണ്. അദ്ദേഹം എഴുതി: ഈ അടുത്തകാലം വരെ പറയപ്പെടുന്നത് ഇസ്ലാമിനകത്തുതന്നെയുള്ള ഒരു 'സിവിൽ യുദ്ധ' മാണ് നാം നേരിടുന്നതെന്നായിരുന്നു. ഇതെല്ലാം അങ്ങനെതന്നെയാണ് കരുതപ്പെട്ടിരുന്നത്. നാഗരികതയുടെ സംഘട്ടനമോ മറ്റെന്തെങ്കിലും പോലെയുള്ള ഒന്നാണെന്നായിരുന്നില്ല കരുതപ്പെട്ടത്. ഇസ്ലാമിനകത്ത് തന്നെയുള്ള ഒരു 'ആഭ്യന്തരയുദ്ധം'

എന്നായിരുന്നു പറയപ്പെട്ടത്. ഈ സിവിൽ യുദ്ധം അവസാനിച്ചതായി ത്തോന്നുന്നു. ഇസ്‌ലാമിസം വിജയി ക്കുകയും ചെയ്തിരിക്കുന്നു.

മിതത്വത്തെക്കുറിച്ചുള്ള മുസ്‌ലിം ശബ്ദത്തിന്റെ അഭാവം അമിസ് ചൂണ്ടിക്കാണിക്കുന്നു. അത് പുസ്തകത്താളുകളിൽ മാത്രം ഒതുങ്ങി നിൽക്കുന്നതായി അദ്ദേഹം അവകാശപ്പെടുന്നു. ഇത് ഇസ്‌ലാമിക മനോഭാവത്തിന്നനുയോജ്യമാണെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. ഇസ്‌ലാമിൽ വ്യക്തിയേക്കാൾ പ്രാധാന്യം ഉമ്മത്തിന്നാണ്. ഉമ്മത്ത് മാത്രമാണുള്ളത്, അതായത് വിശ്വാസികളുടെ സമൂഹം. ഇസ്‌ലാമിന്റെ സമഗ്രാധിപത്യ സ്വഭാവം അതിന്റെ അനുയായികളിൽ നിന്നാവശ്യപ്പെടുന്നത് അടിയറവെക്കലാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു സ്വതന്ത്രമനസ്സുള്ള മുസ്‌ലിം ഒരു വൈരുദ്ധ്യമാണ്. സ്വതന്ത്ര മനസ്സിന്റെ സ്വന്തം ഉറച്ച ബോദ്ധ്യങ്ങളിലുള്ള ചോദ്യം ചെയ്യപ്പെടാത്ത വിശ്വാസമാണ് പാശ്ചാത്യലോകത്തോടുള്ള അതിന്റെ ശക്തി. പാശ്ചാത്യ ലോകത്തിനെതിരെയുള്ള അതിന്റെ ശക്തി. പാശ്ചാത്യലോകത്തിന്നാവട്ടെ, ആത്മീയസംസക്തി നഷ്ടപ്പെട്ടിരിക്കുന്നതായി കാണുന്നു. ഒന്നിലും അവർ വിശ്വസിക്കുന്നില്ല; യക്ഷിക്കഥകളിൽ പോലും. ഇക്കാലത്ത് ഇസ്‌ലാമിനെക്കുറിച്ച് പാശ്ചാത്യരുടെ എഴുത്തുകളിൽ കാണപ്പെടുന്ന ആ ചിരാവർത്തിതമായ ഇതിവൃത്തമാണിത്. ബുഷ് ഭരണകൂടത്തോടുള്ള വ്യാപകമായ വിദ്വേഷമാണ്, പ്രത്യേകിച്ച് ഇറാഖ് യുദ്ധത്തിലെ പരാജയങ്ങളാണ് ആസന്നമായ ഇസ്‌ലാമിസ്റ്റ് വിജയത്തിന് സഹായകമായ ഘടകം എന്ന് സെൽബോൺ, അമിസ് എന്നിവരെപ്പോലെയുള്ളവർ വാദിക്കുന്നു. ഇറാഖിലെ അമേരിക്കയുടെ പരാജയത്തിന് വേണ്ടി ദാഹിക്കുന്ന നിരവധി വേറിട്ട ചിന്തകർ പാശ്ചാത്യലോകത്തുണ്ട്. എന്തെന്നാൽ അവർ ജോർജ് ബുഷിനെ വെറുക്കുന്നു. തങ്ങളുടെ മക്കളുടെ ജീവിതത്തെ നാടകീയമായി ദുരിതത്തിലാഴ്ത്തുന്ന ഒരു ഇസ്‌ലാമിസ്റ്റ് വിജയത്തിനുവേണ്ടിയാണ് തങ്ങൾ ഒരേ സമയം ദാഹിക്കുന്നതെന്ന് ഒരുപക്ഷേ, അവർ മനസ്സിലാക്കുന്നുണ്ടാവില്ല. ഒരുപക്ഷേ ഇങ്ങനെ സംഭവിക്കാം, അദ്ദേഹം എഴുതുന്നു.

നോവലിസ്റ്റായ അമിസ് മുല്ലമാർ ഭരിക്കുന്ന ഒരു ലോകമാണ് ഭാവനയിൽ കാണുന്നത്. പക്ഷേ, അദ്ദേഹം വരച്ചുകാണിക്കുന്ന രംഗം ആവർത്തന വിരസത കാരണം ഞാൻ വിട്ടുകളയുന്നു. ഇസ്‌ലാമിസ്റ്റ് വിജയത്തിന്റെ അനന്തരഫലങ്ങൾ അമേരിക്കൻ നേവലിസ്റ്റായ റോബർട്ട് ഫെറിഗ്നോ തന്റെ പുതിയ നോവലായ Prayers for the Assassinൽ വളരെ നാടകീയമായി ചിത്രീകരിക്കുന്നു. ഇസ്‌ലാമിക തീവ്രവാദികൾ പിടിച്ചെടുത്ത അമേരിക്കയെ അദ്ദേഹം ഭാവനയിൽ കാണുന്നു. തീവ്രവാദികൾ അതിനെ ഇസ്‌ലാ മിക് റിപ്പബ്ലിക്കായി മാറ്റുന്നു. 'അമേരിക്കൻ ഐക്യനാടുകൾ' 'അമേരിക്കൻ ഇസ്‌ലാമികനാടുകളായി' മാറുന്നു. അമേരിക്കയുടെ മതേതര നിയമങ്ങൾക്ക് പകരം ശരീഅത്ത് നിയമങ്ങൾ നിലവിൽ വരുന്നു. ലോസ് ആഞ്ചലസ് വിമാനത്താവളം ബിൽ ലാദൻ ഇന്റർനാഷനലായി പുനർനാമകരണം ചെയ്യപ്പെടുന്നു'. പ്രധാനപ്പെട്ട സ്പോർട്ട് സ്റ്റേഡിയം ഖുമൈനി സ്റ്റേഡിയമാവുന്നു. ബുർഖധാരികളായ സ്ത്രീകൾ നിറഞ്ഞ പട്ടണങ്ങൾ ബാങ്കുവിളികളാൽ മുഖരിതമാവുന്നു. കറുത്ത വസ്ത്രം ധരിച്ചവർ അനുയോജ്യമല്ലാത്ത വസ്ത്രധാരണമോ, പെരുമാറ്റമോ പരിശോധിക്കുവാൻ തെരുവുകളിൽ പതുങ്ങി നടക്കുന്നു.

'Prayers for the Assassin' എന്ന നോവൽ ഇസ്‌ലാമിക ഭരണക്രമത്തെക്കുറിച്ചുള്ള ഒരു ഭാവനാസൃഷ്ടിയായിരിക്കാം. പക്ഷേ, അതിന്റെ കർത്താവ് ഇങ്ങനെ സംഭവിക്കുമെന്ന് ഉറച്ചുവിശ്വസിക്കുന്നു. കാരണം അദ്ദേഹം ഒരു പത്രത്തിന്നനുവദിച്ച കൂടിക്കാഴ്ചയിൽ ഇതിനെ വിവരിച്ചിരിക്കുന്നത്. "ആധുനിക പാശ്ചാത്യ സമൂഹത്തിന്റെ കേന്ദ്രത്തിൽ ആത്മീയ ശൂന്യത" എന്നാണ്. പാശ്ചാത്യലോകം ആത്മീയത നഷ്ടപ്പെട്ടവരാണെന്നും അതിനാൽ മതത്തിന്റെയും ശക്തമായ ആത്മീയ വിശ്വാസത്തിന്റെയും പ്രേരണയാൽ യുദ്ധം ചെയ്യുന്നവർക്കെതിരിൽ പിടിച്ചു നിൽക്കാൻ അവർ അനുയോജ്യരല്ലെന്നും ആണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്.

സംവാദത്തിന്റെ ഒരു പുതിയ സ്വരമാണ് നോവൽ പ്രതിഫലിപ്പിക്കുന്നത്. അതിനാൽ അത് അടുത്തു നിന്നു നോക്കിക്കണ്ട് അനുധാവനം ചെയ്യാത്തവർ കാര്യങ്ങൾ കാണുന്നതിൽ പരാജയപ്പെട്ടു. അതുകൊണ്ട് എന്താണ് നടക്കുന്നത്? ഈ ഭയപ്പാടുകളെ നയിക്കുന്നതെന്താണ്? സപ്തംബർ 11ന് ശേഷം അമേരിക്കയുടെ മേൽ തീവ്രവാദി ആക്രമണം ഉണ്ടായിട്ടില്ലെന്നതാണ് സത്യം. അതേപോലെ, ഒരു വർഷം മുമ്പത്തെ ലണ്ടൻ ബോംബിങ്ങ് ഇല്ലെങ്കിൽ യൂറോപ്പും ശാന്തമാണ്. തങ്ങൾ നിരവധി ഭീകരപദ്ധതികൾ നിഷ്ഫലമാക്കിയെന്ന അമേരിക്കൻ യൂറോപ്യൻ സുരക്ഷാ ഏജൻസികളുടെ അവകാശവാദം കാണിക്കുന്നത്, യഥാർത്ഥത്തിൽ തീവ്രവാദികൾ വിജയിക്കുന്നില്ലെന്നാണ്. ഭയത്തിന്റെ മാനസികാവസ്ഥ സൃഷ്ടിക്കാനും സാധാരണജീവിതത്തിന് ഭംഗം വരുത്താനും അവർക്ക് സാധിച്ചിരിക്കാം. എന്നാൽ വളരെ പ്രധാനപ്പെട്ട കാര്യം, അവർക്ക് ആക്രമിക്കാൻ സാധിച്ചില്ല എന്നതാണ്. പിന്നെ എന്തിന് അന്യനെ സംശയിക്കുന്ന ഈ ഭീതിരോഗം? ഇത് വെറും ചെന്നായയുടെ ആക്രന്ദനമാണോ? അലസമായ ഊഹാപോഹമാണോ? അല്ലെങ്കിൽ, എന്റെ പാശ്ചാത്യേതര വികാരങ്ങൾ നഷ്ടപ്പെടുന്നു എന്ന ഒരു സൂത്രം ഇതിലുണ്ടോ?

('The Hindu' Daily 20-9-2006.
**വിവ: കെ.വി. ഹസ്സൻ കോയ)** ●

## കുറിപ്പുകൾ

**മുസാഫിർ**

# മാപ്പ് നയതന്ത്രമല്ല, നിർവ്യാജമായ പശ്ചാത്തപമാണ്

**മാ**പ്പ് പോപ്പിന്റെ പര്യായപദമായി മാറുകയാണോ? മൂന്നാം സഹസ്രാബ്ദ പുലരിയിൽ, കഴിഞ്ഞ പോപ്പ് ജോൺ പോൾ രണ്ടാമൻ ക്രിസ്തുസഭ മദ്ധ്യനൂറ്റാണ്ടിൻമൽ ചെയ്തുകൂട്ടിയ നിരവധി പാപങ്ങളുടേയും അത്യാചാരങ്ങളുടേയും പേരിൽ ലോകത്തിനു മുമ്പിൽ തുടർച്ചയായി മുട്ടുകുത്തി മാപ്പിരക്കുകയുണ്ടായി. സഭ ചെയ്ത പാപങ്ങളെ ഏഴ് വിഭാഗങ്ങളായിട്ടായിരുന്നു തരംതിരിച്ചത്. പൊതുപാപം; സത്യപാലനത്തിനെതിരെയുള്ള പാപം (കുരിശുയുദ്ധകാലത്തെ അത്യാചാരങ്ങളും, മഹാനായ ശാസ്ത്രപ്രതിഭ ഗലീലിയോയെ പീഡിപ്പിച്ചതടക്കം ഇൻക്വിസിഷൻ കാല ത്തെ അതിക്രമങ്ങളും വധങ്ങളും) ക്രിസ്തീയ ഐക്യത്തിനെതിരെയുള്ള പാപം (കേരളത്തിലേതടക്കം കിഴക്കൻ സഭകൾക്കെതിരെ റോമൻ സഭ ചെയ്ത ദ്രോഹങ്ങൾ); ജൂതർക്കെതിരെയുള്ള പാപം; സ്നേഹം, സമാധാനം, സംസ്കാരം എന്നിവക്കെതിരെയുള്ള പാപം; സ്ത്രീകളുടെ പദവിക്കെതിരെയും ന്യൂനപക്ഷങ്ങളോടും ചെയ്ത പാപം; മനുഷ്യാവകാശങ്ങൾക്കെതിരെ ചെയ്ത പാപം എന്നിവയായിരുന്നു അവ. റോമൻ സഭയുടെ പാപപങ്കിലമായ ചരിത്രമറിയാൻ യൂറോപ്പിലൊന്നും പോകേണ്ട. നമ്മുടെ കേരളത്തിൽ പൗരാണിക മാർത്തോമാ പാരമ്പര്യത്തിൽ ശാന്ത ജീവിതം നയിച്ചിരുന്ന മാർത്തോമ്മാ ക്രിസ്ത്യാനികളോടും മുസ്ലിംകളോടും 15-ാം നൂറ്റാണ്ടിൽ ലോകം വെട്ടിപ്പിടിക്കാൻ മാർപ്പാപ്പ നിയോഗിച്ച പറങ്കി പടയാളി വാസ്കോഡഗാമയും തുടർന്ന് റോമൻ സഭാഅധികാരികളും നടത്തിയ കൊടുംക്രൂരതകൾ തന്നെ ധാരാളം. യൂറോപ്പിൽ ക്രിസ്തു മതമെത്തുന്നതിന് മുമ്പേ മാർത്തോമ്മയാൽ മാർഗ്ഗം കൂടിയവരാണ് കേരളത്തിലെ ക്രിസ്ത്യാനികൾ. അവരെ ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും അവരുടെ ഗ്രന്ഥങ്ങൾ ചുട്ടെരിച്ചും കൊടും പീഡനങ്ങൾ നടത്തി റോമ ൻവത്കരിച്ച ചരിത്രം കേരളത്തിൽ അത്രയധികം അനാവരണം ചെയ്യപ്പെട്ടിട്ടില്ല. മാർത്തോമാ ക്രിസ്ത്യാനികളുടെ റോമൻ വത്കരണത്തിനായി അലക്സിസ് മേനേസിസ് എന്ന ഗോവയിലെ അതിക്രൂരനായ ബിഷപ്പ് കേരളം സന്ദർശിച്ച് നാട്ടുരാജാക്കന്മാരുടെ സഹായത്താൽ ബലാ ൽക്കാരമായി നടത്തിയ ഉദയംപേരൂർ സൂനഹദോസും, പള്ളികൾ തോറും സഞ്ചരിച്ച് പഴയമതഗ്രന്ഥങ്ങൾ ചുട്ടുകരിച്ച സംഭവവും കേരളക്കരയിലെ റോമൻ സഭയുടെ മദ്ധ്യകാല വിളയാട്ടങ്ങളായിരുന്നു.

മാപ്പിരക്കുക, മാപ്പ് കൊടുക്കുക എന്നതെല്ലാം മഹനീയമായ മാനുഷിക ഗുണങ്ങളാണ്. തീർച്ചയായും ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ അത് അർഹിക്കുന്നു. സഭ നൂറ്റാണ്ടുകളോളമായി ചെയ്ത തെറ്റിന് മാപ്പ് ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ ബഹുമാന്യതയും മഹത്വവും കുറയുകയല്ല വർദ്ധിക്കുകയാണ് ചെയ്തത്. പക്ഷേ മാപ്പ് മഹനീയമാകണമെങ്കിൽ അത് വൈകാതെയും സമ്മർദ്ദങ്ങളില്ലാതെയും സ്വാഭാവികമായി ഉണ്ടാവേണ്ട ഒരു കൃത്യമാണെന്ന് ധാർമിക വിവേചനതത്വങ്ങളിൽ സൂക്ഷ്മപാഠങ്ങൾ നൽകുന്ന വിശുദ്ധ ഖുർആൻ പറയുന്നു.

*'അല്ലാഹുവിന്റെ അടുക്കൽ സ്വീകാര്യമായ പശ്ചാതാപം അജ്ഞത നിമിത്തം തിന്മ ചെയ്യുകയും എന്നിട്ട് താമസിയാതെ പശ്ചാത്തപിച്ചു മടങ്ങുകയും ചെയ്യുന്നവരുടേത് മാത്രമാണ്. അല്ലാഹു അക്കൂട്ടരുടെ മേൽ കാരുണ്യത്തോടെ തിരിയുന്നതാണ്. അല്ലാഹു സർവ്വജ്ഞനുമാകുന്നു." (4:15)*

മനുഷ്യചരിത്രത്തെ കിടിലം കൊള്ളിച്ചുകൊണ്ട് ഇരുണ്ട നൂറ്റാണ്ടുകൾ ചരിത്രത്തിൽ എഴുതിച്ചേർത്ത ക്രിസ്തുസഭ നൂറ്റാണ്ടുകൾ കഴിഞ്ഞ് വളരെയേറെ കൂടിയാലോചനകൾക്കു ശേഷം കഴിഞ്ഞ മാർപാപ്പയുടെ കാലത്താണ് മാപ്പ് പറയണമെന്ന പശ്ചാതാപബോധമുദിച്ചത്. ഏതായാലും മാപ്പ് പറഞ്ഞത് നല്ല കാര്യം.

ഇപ്പോഴത്തെ മാർപ്പാപ്പ ബെനഡിക്റ്റ് പതിനാറാമനും മാപ്പിന്റെ വഴിയെ തന്നെയാണ്. മദ്ധ്യകാലത്തിന്റെ ഗൃഹാതുരസ്മരണയിൽ ആവേശിതനായി താൻ തന്നെ നടത്തിയ പരമതദൂഷണത്തിന്റെ പേരിലാണ് അദ്ദേഹം മാപ്പ് പറഞ്ഞത്.

മദ്ധ്യകാലഘട്ടത്തിലെ ബൈസാന്റിയൻ ചക്രവർത്തിയായ മാനുവൽ രണ്ടാമൻ രാജാവ് ഒരു മുസ്ലിം പേർഷ്യൻ പണ്ഡിതനുമായി നടത്തിയ സംവാദത്തിലെ ഒരു ഭാഗം ഉദ്ധരിച്ച് ജർമനിയിലെ റീജൻസ്ബർഗ് യൂണിവേഴ്സിറ്റിയിൽ പ്രഭാഷണം നടത്തുകയായിരുന്നു പോപ്പ്. പ്രൊഫ. തിയോഡർ ഖുരിയുടെ പുസ്തകത്തിൽ നിന്ന് ഉദ്ധരിച്ചായിരുന്നു പോപ്പ് വിവാദ പരാമർശം നടത്തിയത്. പേർഷ്യൻ പണ്ഡിതന്റെ വാദങ്ങളെക്കാൾ കൂടുതലായി രാജാവിന്റെ വാദങ്ങളാണ് പുസ്തകത്തിൽ വിവരിക്കുന്നതെന്ന് പറഞ്ഞുകൊണ്ടാണ് മാനുവൽ രാജാവിനെ പോപ്പ് ഉദ്ധരിച്ചത്. 'മുഹമ്മദ് പുതുതായി എന്താണ്

കൊണ്ടുവന്നത് എന്ന് ഒന്നു കാണിച്ചുതരാമോ പൈശാചികതയും മനുഷ്യത്വവിരുദ്ധവുമായത് മാത്രമേ താങ്കൾക്ക് കാണാനാവൂ' എന്ന രാജാവിന്റെ പേർഷ്യൻ പണ്ഡിതനോടുള്ള പ്രതികരണമാണ് പോപ്പ് ഉദ്ധരിച്ചത്' ലോകത്തിലെ ഏറ്റവും പ്രബലമായ ഒരു മതത്തിന്റെ തലവൻ മുസ്ലിംകൾ ജീവനേക്കാൾ സ്നേഹിക്കുന്ന റസൂൽ തിരുമേനി (സ)ക്കെതിരെ അങ്ങേയറ്റം നിരുത്തരവാദിത്വപരമായി നടത്തിയ പ്രസ്താവനക്കെതിരെ ലോകം മുഴുവനും പ്രതിഷേധ കൊടുങ്കാറ്റ് ആഞ്ഞുവീശി. ഒടുവിൽ പോപ്പ് മാപ്പു പറയാൻ നിർബന്ധിതനാവുകയായിരുന്നു.

പോപ്പ് ബെനഡിക്റ്റ് അധികാരമേൽക്കുമ്പോൾ അദ്ദേഹത്തിൽ ചൊരിഞ്ഞ അപദാനങ്ങളിൽ പ്രമുഖമായത് അന്യമതങ്ങളെക്കുറിച്ച് അദ്ദേഹത്തിന് അഗാധമായ ജ്ഞാനമുണ്ടെന്നാണ്. ഇസ്ലാമിനെ വിമർശിക്കാൻ തീർച്ചയായും പോപ്പിന് സ്വാതന്ത്ര്യമുണ്ട്. പോപ്പ് എന്ന പരമോന്നത സ്ഥാനത്തുനിന്നും മറ്റൊരു മതത്തിനെതിരെ തരംതാഴ്ന്ന വിമർശനം നടത്തൽ തന്റെ പണിയല്ല എന്ന ഔചിത്യബോധം 'ഹോളിസീ'ക്ക് ഉണ്ടാവാൻ വേണ്ടി തൽക്കാലം നമുക്ക് പ്രാർത്ഥിക്കാം.

മുഹമ്മദ് നബി(സ)യെയും ഇസ്ലാം മതത്തേയും വിമർശിക്കണമെന്ന് പോപ്പിന് അദമ്യമായ ആഗ്രഹമുണ്ടെങ്കിൽ ആ മതത്തിന്റെ പ്രമാണരേഖ ഉദ്ധരിച്ചുകൊണ്ടായിരിക്കണം അദ്ദേഹം വിമർശനം നടത്തേണ്ടിയിരുന്നത്. ക്രിസ്തുമതത്തിന്റെ സ്ഥാപകനായ യേശുവെ ഉജ്വല തേജസ്വിയായ ഒരു പുണ്യാത്മാവായി കരുതുകയും അദ്ദേഹത്തിന്റെ പരിശുദ്ധജീവിതം വിശ്വാസികൾക്ക് മാതൃകയായി അവതരിപ്പിക്കുകയും ക്രിസ്ത്യാനികളോട് ഏറ്റവും നല്ല നിലയിൽ വർത്തിക്കുകയും ചെയ്യണമെന്ന് പഠിപ്പിച്ച വിശുദ്ധ ഖുർആൻ വായിച്ചിട്ടും പോപ്പിന് ഇസ്ലാമിനെകുറിച്ച് മനസ്സിലായില്ല. മദ്ധ്യകാലഘട്ടത്തിലെ ഒരു യുദ്ധപ്രഭുവിന്റെ ചിന്തകളിലൂടെയാണ് അദ്ദേഹം ഇസ്ലാ മിനെ പറ്റി മനസ്സിലാക്കുന്നത്. ജർ മ്മൻ വംശജനായ പോപ്പിന്റെ ഹൃദയം ഏന്തുതരത്തിലുള്ളതാണെന്ന് വായിച്ചെടുക്കാൻ പ്രയാസം. റീജൻസ് ബർഗിലെ പ്രസംഗത്തിൽ ക്രിസ്തുമതം യുക്തിപരമായ സംവാദത്തിന് വേണ്ടി നിലകൊള്ളുന്നുവെന്നും, മറ്റുമതങ്ങൾ അക്രമത്തിന്റെ മാർഗ്ഗം ഉപേക്ഷിച്ച് യുക്തിയുടെ മാർഗ്ഗം അവലംബിക്കണമെന്നും ഉപദേശിക്കുന്ന പോ പ്പിന് സംവാദത്തിന്റെ ബാലപാഠം പോലും അറിയില്ല എന്ന ത് ഖേദകരമാണ്.

മുഹമ്മദ് നബി(സ)യെ വിമർശിക്കാൻ പോപ്പ് ഉദ്ധരിച്ചത് ബൈസെന്റയിൽ ചക്രവർത്തിയായിരുന്ന മാനുവൽ രണ്ടാമനേയായിരുന്നു എന്നതാണ് പോപ്പിന്റെ വൈജ്ഞാനിക ദാരിദ്ര്യവും സംവാദവിരുദ്ധതയും വിളിച്ചറിയിക്കുന്നത്. ഇസ്ലാമിന്റെ ഒരു പണ്ഡിതൻ പോകട്ടെ ക്രിസ്തുമതത്തിലെ തന്നെ ഏതെങ്കിലും ഒരു പ്രാമാണിക പണ്ഡിതനേയോ പുണ്യവാളനേയോ പോപ്പ് കോട്ട് ചെയ്താലും തരക്കേടില്ലായിരുന്നു. ക്രിസ്തുമതത്തിന്റെ അത്യുന്നത ഭദ്രാസനത്തിലിരുന്ന് ആർക്കും കേട്ടുകേൾവിയില്ലാത്ത ഒരു രാജാവിനെ ഉദ്ധരിച്ചാണ് പോപ്പ് ജനങ്ങളെയാകെ അന്ധാളിപ്പിച്ചിരിക്കുന്നത്.

ആരാണ് ഈ മാനുവൽ രണ്ടാമൻ രാജാവ്? ചരിത്രത്തിന് ഒരു പേക്കിനാവായി മാത്രം ഓർക്കാൻ കഴിയുന്ന ഒരു മദ്ധ്യകാല യുദ്ധവീരനായിരുന്നു ഈ മാന്യൻ. 1261 മുതൽ 1453 വരെ കിഴക്കൻ റോമാസാമ്രാജ്യം എന്നറിയപ്പെടുന്ന ബൈസാന്റിയം (ഇന്നത്തെ തുർക്കി) ഭരിച്ചിരുന്ന ഫലായിയോലോഗസ് (Palaeologus) എന്ന ക്രിസ്ത്യൻ രാജവംശത്തിലെ അവസാനകാലത്തെ രാജാവായിരുന്നു മാനുവൽ (1350-1425). തന്റെ പിതാവായ ജോൺ അഞ്ചാമൻ ഫലായിയോലോഗസിനോടൊപ്പം ചേർന്ന് പിതാവിന്റെ മൂത്ത ജേഷ്ഠന് ലഭിക്കേണ്ടിയിരുന്ന ബൈസാന്റിയൻ രാജാധികാരം തട്ടിയെടുക്കുകയായിരുന്നു മാനുവൽ. തുർക്കീമുസ്ലിംകളുമായി ഏറ്റുമുട്ടി ഊർദ്ധശ്വാസം വലിച്ചിരുന്ന ബൈ സാന്റിയൻ സാമ്രാജ്യത്തിലെ അവസാനത്തെ ചക്രവർത്തിമാരിലൊരാളായിരുന്നു ഇദ്ദേഹം. മുസ്ലിംകളുടെ പ്രഖ്യാപിത ശത്രുവായിരുന്ന ഈ കുരിശുയുദ്ധക്കാരൻ പരാജയഭീതി പൂണ്ട് അവസാനം തുർക്കികൾക്കെതിരെ തന്നെ സഹായിക്കാൻ റോം, മിലാൻ, ലണ്ടൻ, പാരീസ് എന്നീ പാശ്ചാത്യനഗരങ്ങളിലെ രാജകൊട്ടാരത്തിൽ ക്രിസ്തുമതത്തിന്റെ പേരിൽ വീണ് കെഞ്ചി അഭ്യർത്ഥനകൾ നടത്തുകയുണ്ടായി. പക്ഷേ അപ്രതിരോധ്യമായ തുർക്കി മുന്നേറ്റത്തിനു മുമ്പിൽ റോമാസാമ്രാജ്യത്തിന് പിടിച്ചുനില്ക്കാനായില്ല. അവസാനം നിരാശയുടേയും പരാജയത്തിന്റേയും അഗാധഗർത്തിത്തിൽ പതിച്ച മാനുവൽ രാജകൊട്ടാരം ഉപേക്ഷിച്ച ഒരു ക്രിസ്തീയ സന്യാസിമഠത്തിൽ ശിഷ്ടജീവിതം കഴിച്ചുകൂട്ടി. പിന്നീട് 28 വർഷ ങ്ങൾക്ക്ശേഷം 1453ൽ ക്രിസ്ത്യാനികളുടെ ബൈസന്റയിൻ തലസ്ഥാനമായ കോൺസ്റ്റാന്റിനോപ്പിൾ തുർക്കികൾക്ക് അധീനമാകുകയായിരുന്നു. ഒരു കുരിശുയുദ്ധപോരാളിയുടെ ജ്വലിക്കുന്ന പക മുസ്ലിംകൾക്കെതിരെയുണ്ടായിരുന്ന മാനുവൽ എന്ന യുദ്ധവീരന്റെ വിഷം വമിക്കുന്ന വാക്കുകൾ തിരുവാക്യങ്ങളായി സ്വീകരിച്ച് ഇസ്ലാമിനെ വിമർശിക്കുന്ന മാർപാപ്പ എന്ത് യുക്തിപരമായ സംവാദമാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമല്ല.

മാത്രമല്ല ക്രിസ്തുമതം യുക്തിക്ക് ഇത്രമാത്രം പ്രാധാന്യം കല്പിക്കുന്ന മതമാണെന്ന മാർപ്പാപ്പയുടെ അവകാശവാദം നമ്മുടെ പുതിയ അറിവാണ്. ക്രിസ്തുമതപ്രകാരം ഏഴായിരം വർഷങ്ങൾക്ക് മുമ്പ് സ്വർഗ്ഗത്തിൽ നിന്ന് വിലക്കപ്പെട്ട കനി ഭക്ഷിച്ചതിന്റെ പേരിൽ പാപം തീണ്ടി ബഹിഷ്കൃതനായി ഭൂമിയിൽ പതിച്ച ആദം ദമ്പതിമാരുടെ നിർഭാഗ്യവാന്മാരായ സന്തതികളാണ് ഭൂവാസികളായ നാം. ജനിതക രോഗം പോലെ ആദിപാപം നാമറിയാതെ നമ്മിലേക്ക് സംക്രമിച്ചപ്പോൾ അതിന്റെ മറുമരുന്നുമായി ദൈവം മറ്റൊരു പദ്ധതി ആവിഷ്കരിക്കുകയായിരുന്നു. രണ്ടായിരം വർഷം മുമ്പ് ഫലസ്തീനിലെ മറിയം

ലിംകളുടെ വൈകാരികമായ പ്രതികരണത്തോടാണ് പോപ്പിന്റെ അഗാധ ദുഃഖം. ആ ഹാലിളക്കത്തിനു കാരണമായിത്തീർന്ന മുഹമ്മദ് നബി (സ)ക്കും ഇസ്‌ലാം മതത്തിനെതിരെയും താൻ നടത്തിയ ഹീനമായ പരാമർശത്തിലും അത് പ്രകടിപ്പിച്ച രീതിയിലും അദ്ദേഹത്തിന് ദുഃഖം വന്നിട്ടില്ല. മുസ്‌ലിംകൾ വികാരജീവികളാണെന്നും ജിഹാദി ആവേശമുള്ളവരാണെന്നും മറ്റാരേക്കാളും നന്നായറിയുന്ന ലോകത്ത് ശാന്തി പരത്തുന്ന പരിശുദ്ധ ക്രൈസ്തവ രാജ്യങ്ങളുടെ ആത്മീയ നേതാവായ പോപ്പ് പിന്നെയെന്തിന് മുസ്‌ലിംകൾക്ക് ഹാലിളക്കമുണ്ടാക്കുന്ന പരാമർശം ഉദ്ധരിച്ചു? മുസ്‌ലിംകൾ ഹാലിളകിയപ്പോൾ പോപ്പിനുണ്ടായ അഗാധ ദു:ഖം എങ്ങിനെ മാപ്പാക്കും? ഇത് പോപ്പിന്റെ അഭിപ്രായമല്ലെങ്കിൽ ഇങ്ങനെയൊരു കിരാത പർവ്വം ലോകത്ത് ആടിത്തിമർക്കുന്നത് കണ്ടു ദുഃഖിക്കാനാണോ അദ്ദേഹം പ്രസംഗിച്ചത്? ഏതായാലും മാപ്പാണെന്ന് പോപ്പ് പറയുന്ന വാക്കുകൾ കൂടുതൽ വിശകലനം ചെയ്യാതെ നമുക്ക് നിരുപാധികം അംഗീകരിക്കാം. ശാന്തിയും സമാധാനവുമാണല്ലോ ഏറ്റവും ആദ്യം പുലരേണ്ടത്.

പോപ്പിന്റെ പ്രസ്താവനയോടു പ്രതികരിക്കുന്ന മുസ്‌ലിം ലോകം ഒരു കാര്യം ഓർക്കേണ്ടതുണ്ട്. മുസ്‌ലിംകളുടെ ജിഹാദിനേ ചൂണ്ടിക്കാണിച്ചാണ് പാശ്ചാത്യ ക്രൈസ്തവ ലോകം ഇസ്‌ലാം മതത്തെ ഭീകരമതമാണെന്ന് പ്രചരിപ്പിക്കുന്നത്. വിരോധാഭാസമെന്നുപറയട്ടെ, സമകാലീന ലോകത്ത് ഇറാഖ്, അഫ്ഗാനിസ്ഥാൻ, ഫലസ്തീൻ, ലെബനാൻ, ബോസ്നിയ, ചെച്നിയ മുതലായ മുസ്‌ലിം രാജ്യങ്ങളെ അതേ ക്രിസ് ത്യാനികൾ തന്നെയാണ് യാതൊരു നീതീകരണവുമില്ലാതെ നിഷ്കരുണം ആക്രമിച്ചുകൊണ്ടിരിക്കുന്നത്. കറുപ്പും വെളുപ്പും പോലെ ഏറ്റവും പ്രകടമായ ഈ വൈരുദ്ധ്യത്തോടു ക്രിയാത്മകമായി പ്രതികരിക്കാൻ മുസ്‌ലിം ലോകത്തിന് കഴിയാത്തതെന്തുകൊണ്ടാണ്? വളരെ നിർണ്ണായകമാണ് ഈ ചോദ്യം. അതിന് കാരണം മുസ്‌ലിം കത്തോലിക്കാമതത്തിന്റെ പിന്തുണയാണ് ഇത്തരം പ്രസ്താവനയിലൂടെ പോപ്പ് വാഗ്ദാനം ചെയ്യുന്നത്.

ലോകത്തെങ്ങുമുള്ള മുസ്‌ലിംകൾ അവരുടെ സ്ഥിരം ശൈലിയിൽ, പോപ്പിനെതിരെ പ്രതികരിക്കുകയുണ്ടായി. നീതിബോധമുള്ള ക്രിസ്തീയ സഹോദരന്മാരും മറ്റു നിഷ്പക്ഷമതികളും ന്യൂയോർക്ക് ടൈംസ് പോലുള്ള വിശ്വോത്തര മാധ്യമങ്ങളും പോപ്പിന്റെ ഇസ്‌ലാം വിരുദ്ധ പ്രസ്താവനയെ അപലപിച്ചു. പോപ്പിന്റെ പ്രസ്താവനയെ വത്തിക്കാൻ വൃത്തങ്ങൾ മയപ്പെടുത്താൻ നോക്കിയെങ്കിലും ഗത്യന്തരമില്ലാതെ രണ്ടുദിവസത്തിനുശേഷം പോപ്പ് മാപ്പ് പറയുകയായിരുന്നു. മാപ്പ് പശ്ചാത്താപബോധത്താൽ ഹൃദയത്തിന്റെ അഗാധതയിൽ നിന്നും നിർവ്യാജവും നിഷ്ക്കളങ്കവുമായി വരേണ്ട ഒരു വികാരവും വീണ്ടുവിചാരവുമാണ്. അത്തരം മാപ്പുപറയൽ മനുഷ്യന്റെ അന്തസ്സും മഹത്വവും വർദ്ധിപ്പിക്കുകയേയുള്ളൂവെന്ന് പറഞ്ഞുവല്ലോ. ദുഃഖകരമെന്ന് പറയട്ടെ, പോപ്പ് ബെനഡിക്റ്റ് ഒരു തരം നയതന്ത്രഭാഷയാണ് മാപ്പ് പറയാനുപയോഗിച്ചത്. അദ്ദേഹത്തിന്റെ മാപ്പിന്റെ വചനങ്ങൾ ഇപ്രകാരമാണ്. 'I am deeply sorry for the reactions in some countries to a few of my address at the University of Regensburg which were considered offensive to the sensibility of Muslims. These in fact were a quotation from a medieval text, which do not in any way express my personal thought' (Hindu Sept. 18) മുസ്‌ലിംകളുടെ വികാരത്തോട് ചെയ്ത അക്രമമാണെന്ന് കരുതപ്പെടുന്ന എന്റെ റിജൻസ്ബർഗിലെ പ്രസംഗത്തിലെ കുറച്ച് ഭാഗങ്ങളോട് ചില രാജ്യങ്ങളിലുണ്ടായ പ്രതികരണങ്ങളിൽ ഞാൻ അഗാധമായി ദുഃഖിക്കുന്നു. വാസ്തവത്തിൽ ഇത് മദ്ധ്യകാലഘട്ടത്തിലെ ഒരു പുസ്തകത്തിൽ നിന്നുള്ള ഉദ്ധരണിയാണ്. യാതൊരുവിധത്തിലും എന്റെ വ്യക്തിപരമായ ചിന്തയല്ല.'

തന്റെ പ്രസംഗത്തോടുള്ള മുസ് എന്നൊരു സ്ത്രീയുമായി പരിശുദ്ധമായി സമാഗമിച്ച് ദൈവം തന്റെ ഏക പുത്രനെ ജനിപ്പിച്ചു. പിന്നീട് അദ്ദേഹം കുരിശിലേറ്റി കൊല്ലപ്പെടുന്നു. മൂന്നാം നാളിൽ ഉയിർത്തെഴുന്നേറ്റ ദൈവപുത്രൻ ആകാശത്ത് ദൈവത്തിന്റെ വലത് ഭാഗത്തിരുന്ന് ഇപ്പോൾ ലോകഭരണം നടത്തുന്നു. ഇതിൽ വിശ്വസിക്കുന്നവർക്ക് മോക്ഷം!! യക്ഷിക്കഥപോലെ വിഭ്രമാത്മകമായ ഈ ദൈവശാസ്ത്രവും മുക്തിശാസ്ത്രവും കരിശ്മാറ്റിക്ക് കോൺഗ്രിഗേഷനുകളിൽ കാതടപ്പിക്കുന്ന ശബ്ദത്തിൽ അല്ലേലുയ പാടി അവതരിപ്പിച്ച് സായൂജ്യമടയുകയല്ലാതെ അർത്ഥവത്തായ സംവാദം നടത്താനുള്ള യുക്തിപരമായ അടിസ്ഥാന ശേഷി ക്രിസ്തുമതത്തിനുണ്ടോ എന്ന് സംശയമാണ്.

ആധുനികകാലഘട്ടത്തിൽ നവോത്ഥാനത്തിലൂടെ പ്രബുദ്ധത നേടിയ പാശ്ചാത്യജനത ക്രിസ്തുമതത്തിന്റെ യുക്തിരഹിതമായ ദൈവശാസ്ത്രത്തോടു മൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പേ വിടപറഞ്ഞതാണ്. ഇന്ന് യൂറോപ്പിൽ കാണുന്ന ചിന്താസ്വാതന്ത്ര്യം ക്രിസ്തുസഭയോട് സെക്കുലറിസം പടവെട്ടി വാങ്ങിയ അവകാശങ്ങളാണെന്ന് നാമോർക്കണം. അത് ക്രിസ്തീയ പാരമ്പര്യമല്ല. മനുഷ്യന്റെ ആത്മീയദാഹത്തെ ശമിപ്പിക്കുവാൻ പരിചിതമായ ഒരു മതം എന്ന നിലക്കുള്ള നാമമാത്രമായ ബന്ധം മാത്രമേ അവർക്ക് ക്രിസ്തുസഭയുമായുള്ളൂ. ദരിദ്രരാജ്യങ്ങളെ കോളനിവത്ക്കരണത്തിലൂടെ ചൂഷണം ചെയ്യുന്ന പാശ്ചാത്യനാഗരികതക്ക് ഇക്കാലമത്രയും പാദസേവ ചെയ്തുപോന്ന ക്രിസ്തുസഭ ഇപ്പോൾ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ മുസ്‌ലിംങ്ങൾക്കെതിരെമുള്ള പൊപ്പഗണ്ടാ യുദ്ധത്തിന്റെ തരംഗദൈർഘ്യത്തിനനുസരിച്ച് ട്യൂൺ ചെയ്യപ്പെടുമ്പോൾ പിന്നെ മതം എന്ന നിലക്ക് അതിൽ അവശേഷിക്കുന്നതെന്താണ്? ഇസ്‌ലാമിനോടും മുസ്‌ലിം ലോകത്തോടും കടുത്ത വിരോധം വെച്ചുപുലർത്തുന്ന പ്രൊട്ടസ്റ്റന്റ് പ്രാമുഖ്യമുള്ള അമേരിക്കയിലെ ഇവാഞ്ചലിസ്റ്റ് പ്രസ്ഥാനത്തിന്

## അനുസ്മരണം

# കെ. ഇബ്രാഹിം കോയ സാഹിബ്




കോഴിക്കോട് ജമാഅത്തിലെ ജ: കരിമാടത്ത് ഇബ്രാഹിംകോയ സാഹിബ് (79) 29-9-2006ന് പുലർച്ചെ വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജി ഊൻ.

തികഞ്ഞ മതഭക്തനും സാത്വികനുമായിരുന്ന പരേതൻ ഒരു സുദീർഘ കാലത്തോളം ജമാഅത്തിന്റെ അനുഭാവിയായി രംഗത്തുണ്ടായിരുന്നുവെങ്കിലും 1986 ൽ കോഴിക്കോട്ടെ ഖുദ്ദൂസ് പള്ളി ഉദ്ഘാടനം സമയത്താണ് ബൈഅത്ത് ചെയ്തത്. തികഞ്ഞ സത്യസന്ധത കൊണ്ടും ആദരണീയമായ സ്വഭാവ വൈശിഷ്ട്യങ്ങളാലും ജമാഅത്തിന്നകത്തും പുറത്തും ബഹുമാനിതായിരുന്നു ഇബ്രാഹിം കോയ സാഹിബ്. ബന്ധപ്പെടുന്ന ഏതു വ്യക്തിയേയും സ്വാധീനിക്കത്തക്ക രീതിയിലുള്ള ദൈവ വിശ്വാസവും പ്രാർത്ഥനാ നിരതവുമായ ഒരു ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. അനുഭാവിയായിരുന്നു കാലഘട്ടത്തിൽ നിന്ന് ഉടൻ ബൈഅത്ത് ചെയ്യാനുള്ള പ്രചോദനം ദിക്റെ ഇലാഹി എന്ന പുസ്തകമായിരുന്നു എന്ന് അദ്ദേഹം വെളിപ്പെടുത്തിയിരുന്നു. രുചികരമായ ഭക്ഷണ വിഭവങ്ങൾ ആസ്വാദ്യതയോ ഭക്ഷിക്കുന്ന രീതിയിൽ തന്നെയായിരുന്നു അദ്ദേഹം നമസ്കാരം അനുഷ്ഠിച്ചിരുന്നത്. വാർദ്ധക്യാവസ്ഥയിൽ പോലും തണുപ്പിലും ചൂടിലും ക്ലേശം മറന്നു സുബഹി നമസ്കാരത്തിനു പ്രത്യേകമായി എത്തിയിരുന്നു. ദീർഘകാലത്തോളം അദ്ദേഹം ദാറുസ്സലാം പള്ളിയിൽ ഇമാമായിരുന്നു. പക്ഷിമൃഗാദികളോടുപോലും അദ്ദേഹം ചങ്ങാത്തത്തിലായിരുന്നു. അദ്ദേഹത്തിന് അവയോടുള്ള കാരുണ്യത്താൽ അവർക്കുള്ള കുടിവെള്ളവും മറ്റും പ്രത്യേകം പാത്രങ്ങളിലായി തയ്യാറാക്കിവെക്കുമായിരുന്നു. കുറ്റിച്ചിറ കരിമാടത്ത് തറവാട്ടിലെ പ്രമുഖാംഗമായിരുന്നു. വലിയങ്ങാടിയിൽ നല്ല രീതിയിൽ അരിക്കച്ചവടം നടത്തിയിരുന്ന വ്യാപാരിയായിരുന്ന അദ്ദേഹം കച്ചവടകാര്യത്തിലും പാലിച്ചു. സത്യസന്ധതയുടെ നിറഞ്ഞ, അത്യന്തം മാതൃകാപരമായ ഒരു ജീവിതം നയിച്ചിരുന്ന ആ നല്ല അടിമ നമ്മെ വിട്ടുപോയിരിക്കുന്നു. പരേതന് അല്ലാഹു മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ. ഭാര്യ: ദിലാവീട്ടിൽ കദീശബി. മക്കൾ: മുഹമ്മദ് അശ്റഫ്, അബ്ദുറഹിമാൻ ഖലീൽ (സുബൈർ), അബ്ദുറഊഫ്, കുഞ്ഞിബി. മരുമക്കൾ: പി.എം. അബൂബക്കർ കോയ, ആമിന, ആയിശ.

**ഐ. കെ. അഹ്മദ് കുട്ടി**

# സി. മുഹമ്മദ് മാസ്റ്റർ



പത്തപ്പീരിയം: പത്തപ്പീരിയം ജമാഅത്തിന്റെ മുൻ പ്രസിഡണ്ടും മാൽസെക്രട്ടറിയുമായിരുന്ന ജനാബ് സി. മുഹമ്മദ് മാസ്റ്റർ (76) 2006 സപ്തംബർ 11ന് തിങ്കളാഴ്ച അന്തരിച്ചു. ഇന്നാലില്ലാഹി.................

പത്തപ്പീരിയത്തെ ആദ്യകാല അഹ്മദികളിൽ ഉൾപ്പെട്ട മുഹമ്മദ് മാസ്റ്ററും, ജനാബ് സി.കെ. അലവി സാഹിബും (വാണിയമ്പലം) പണ്ടു മുതലേ ആത്മസുഹൃത്തുക്കളായിരുന്നു. അഹ്മദിയ്യാ സന്ദേശം ലഭിച്ച അവർ അന്നത്തെ പ്രതികൂല സാഹചര്യത്തിൽ രാത്രികാലങ്ങളിൽ രഹസ്യമായി സന്ധിക്കുകയും ചർച്ചകൾ നടത്തുകയും ചെയ്തുപോന്നു. പിന്നീട് അഹ്മദിയ്യത്ത് സ്വീകരിച്ച

*(ശേഷം 40-ാം പേജിൽ)*

---

കളിൽത്തന്നെ ഒരു വിഭാഗം ജിഹാദിനെ വാഴ്ത്തുകയും ഇസ്ലാം ജിഹാദിലൂടെയും യുദ്ധത്തിലൂടെയും പ്രചരിപ്പിച്ചതാണെന്നും അങ്ങിനെയാണ് പ്രചരിപ്പിക്കേണ്ടതെന്നും കരുതുന്നവരാണ് എന്നാണ്. മാർക്സിത്തേയും ഫാസിസത്തേയും പോലെ സായുധ ജിഹാദ് നടത്തി ഭരണാധികാരം പിടിച്ചടക്കലാണ് അവരുടെ പദ്ധതി. മുസ്ലിം ലോകത്ത് പരക്കെ പ്രമുഖമായി നിലകൊള്ളുന്ന ഈ പൈശാചിക ചിന്തയെ മുസ്ലിംകൾ തള്ളിപറയാത്തിടത്തോളം കാലം ഈ വിമർശനങ്ങളിൽ നിന്നും വിമർ ശിക്കുന്നവരുടെ ആക്രമണങ്ങളിൽ നിന്നും മുസ്ലിം കൾക്ക് രക്ഷപ്പെടാൻ സാധ്യമല്ല. ആയിരം പോപ്പുമാരുടെ വിമർശനത്തേക്കാൾ ഏറ്റവും മാരകമായ ദ്രോഹമാണ് ഇസ്ലാം മതത്തിന്റെ അകത്തിരുന്നുകൊണ്ട് ജിഹാദിന്റെ തത്ത്വശാസ്ത്രം ഇസ്ലാമിന്റെ പേരിൽ പ്രചരിപ്പിക്കുന്ന ഒരു മുസ്ലിം പണ്ഡിതൻ ചെയ്യുന്നത്. സമാധാന കാംക്ഷികളിൽ നിന്നും സത്യാന്വേഷികളിൽ നിന്നും ഇസ്ലാ മിന്റെ ധൈഷണിക ഗരിമയും ആത്മീയസൗന്ദര്യവും ഇത് മൂലം മറക്കപ്പെടുന്നു. പോപ്പിന്റെ വിമർശനത്തേക്കാൾ അപകടമാണ് ഇത്തരം പണ്ഡിതന്മാരുടെ സായുധ ജിഹാദും രാഷ്ട്രീയ ഇസ്ലാമും എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു. ●

വാർത്തകൾ

# മതപരിത്യാഗിയെ വധിക്കൽ മതവിരുദ്ധം മനുഷ്യത്വവിരുദ്ധം




*വേദിയിൽ പ്രൊഫ. മഹ്മൂദ് അഹ്മദ്, പ്രൊഫ. ഹമീദ് ചേന്ദമംഗലൂർ, കെ.വി. ഹസ്സൻകോയ, പ്രൊഫ. കെ.ഇ.എൻ. കുഞ്ഞഹമ്മദ്, കെ. വി. ഈസക്കോയ, ഡോ. കാരശ്ശേരി, മൗലാനാ മുഹമ്മദ് ഉമർ, എ. പി. കുഞ്ഞാമു, ഏ.എം. മുഹമ്മദ് സലിം.*

കോഴിക്കോട്: 'മതപരിത്യാഗി വധാർഹനോ?' എന്ന വിഷയത്തെ അധികരിച്ച് മജ്‌ലിസ് അൻസാറുല്ലാഹ്, കോഴിക്കോട് ടൗൺഹാളിൽ സംഘടിപ്പിച്ച സെമിനാർ കോഴിക്കോട് മേഖലാ അമീർ ഏ.പി. കുഞ്ഞാമു സാഹിബ് ഉദ്ഘാടനം ചെയ്തു. മതസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ഏറ്റവും ഗൗരവതരമായ ഒരു മനുഷ്യാവകാശ പ്രശ്നമായിരുന്നു സെമിനാർ ചർച്ച ചെയ്തത്. കഴിഞ്ഞ മാർച്ചിൽ അഫ്ഗാനിസ്ഥാനിൽ അബ്ദുറഹ്മാൻ എന്നയാൾ ക്രിസ്തു മതത്തിലേക്ക് പരിവർത്തനം നടത്തിയപ്പോൾ വധശിക്ഷ വിധിച്ച അഫ്ഗാൻ മതകോടതിയുടെ നടപടികൾക്കെതിരെ ലോകവ്യാപകമായ പ്രതിഷേധമുയർന്നിരുന്നു. കേരളത്തിലെ നിരവധി മുസ്‌ലിം സംഘടനകൾ അനുകൂലമായും പ്രതികൂലമായും ഈ സംഭവത്തോട് പ്രതികരിച്ചതിന്റെ പശ്ചാത്തലത്തിലാണ് ഈ സെമിനാർ സംഘടിപ്പിക്കപ്പെട്ടത്.

മനുഷ്യന് ഏത് മതം വിശ്വസിക്കാനും ആചരിക്കാനും ഇഷ്ടമുള്ളപ്പോൾ വിട്ടുപോവാനും മറ്റൊരു മതത്തിൽ ചേരാനുമുള്ള സ്വാതന്ത്ര്യം ഇസ്‌ലാം മതം നൽകുന്നുവെന്ന് തിങ്ങിനിറഞ്ഞ സദസ്സിൽ സെമിനാർ ഉദ്ഘാടനം ചെയ്ത കുഞ്ഞാമു സാഹിബ് ചൂണ്ടിക്കാട്ടി. മതം മാറുന്നവനെ വധിക്കണമെന്ന ഭീകരസിദ്ധാന്തത്തിന് ഖുർആനിലോ സുന്നത്തിലോ ഹദീസിലോ യാതൊരു തെളിവുമില്ലെന്നും അദ്ദേഹം പറഞ്ഞു. സെമിനാറിൽ ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ സാഹിബ് അധ്യക്ഷത വഹിച്ചു. ഇസ്‌ലാം വാൾകൊണ്ട് പ്രചരിച്ച മതമാണെന്നത് ഇസ്‌ലാം വിമർശകരുടെ ആക്ഷേപം മാത്രമാണ്. ജിഹാദികളായ മുസ്‌ലിം തീവ്രവാദികളുടെ നിലപാട് ഈ ആക്ഷേപങ്ങൾക്ക് സാധൂകരണം നൽകുകയാണ് ചെയ്യുന്നതെന്ന് അദ്ദേഹം പറഞ്ഞു. ആ മതങ്ങളോട് ഇസ്‌ലാം കാണിക്കുന്ന സൗഹൃദവും ആദരവും സമൂഹത്തെ സംഘർഷരഹിതമാക്കുകയാണ് ചെയ്യുന്നത്. മതത്തിൽ യാതൊരുവിധ നിർബന്ധവുമില്ല എന്ന ഖുർആനിക തത്വം മത സ്വാതന്ത്ര്യത്തിന് ഏറ്റവും വലിയ ഉറപ്പാണ് നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു. സെമിനാറിൽ വിഷയമവതരിപ്പിച്ച് കൊണ്ട് സംസാരിച്ച ഏ.എം. മുഹമ്മദ് സലീം വിയോജിപ്പ് അല്ലെങ്കിൽ യഥാസ്ഥിതിയിൽ നിന്നുള്ള വ്യതിയാനമാണ് എല്ലാ അറിവിന്റേയും അന്വേഷണത്തിന്റേയും അടിസ്ഥാനമെന്നും പ്രകൃതിയുടെ വികാസപരിണാമത്തിന്റെ അന്തർധാരയായി വർത്തിക്കുന്ന ഈ നിയമം തന്നെയാണ് മനുഷ്യപുരോഗതിയുടെ വളർച്ചയുടെ അടിസ്ഥാനമെന്നും അത് ഇസ്‌ലാമിൽ പൂർണ്ണരൂപത്തിൽ സംരക്ഷിക്കപ്പെടുന്നുണ്ടെന്നും പറഞ്ഞു. തുടർന്ന് ഡോ. എം.എൻ. കാരശ്ശേരി, പ്രൊഫ. ഹമീദ് ചേന്ദമംഗലൂർ, കെ.ഇ.എൻ. കുഞ്ഞഹമ്മദ്, പ്രൊഫ. മഹ്മൂദ് അഹ്മദ് എന്നിവർ സംസാരിക്കുകയുണ്ടായി.

മതം വ്യക്തിയുടെ അഭിപ്രായ സ്വാതന്ത്ര്യത്തിന്റെ ഭാഗമാണെന്നും അത് മാറുമ്പോൾ വധിക്കപ്പെടണമെന്നു പറയുന്നത് അങ്ങേയറ്റം മനുഷ്യത്വവിരുദ്ധമാണെന്നും ഡോ. എം.എൻ. കാരശ്ശേരി പറഞ്ഞു. മതത്തിന് സത്യത്തിന്റേയും സ്വത്വത്തി

*(ശേഷം 40-ാം പേജിൽ)*

# അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്: പാലക്കാട് - തൃശൂർ മേഖലാ സമ്മേളനം വിജയകരമായി സമാപിച്ചു

അലനല്ലൂർ: അഹ്മദിയ്യാ മുസ്ലിം ജമാഅത്തിന്റെ പാലക്കാട് - തൃശൂർ മേഖലാ സമ്മേളനം 15-8-06ന് അലനല്ലൂർ ക്രൗൺ ഓഡിറ്റോറിയത്തിൽ വിജയകരമായി സമാപിച്ചു.

മേഖലാ അമീർ പ്രഫസർ അബ്ദുൽ കരീം സാഹിബിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച സമ്മേളനം മൗലാനാഖാരി നവാബ് അഹ്മദ് എച്ച്.എ. (പഞ്ചാബ്) ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ ബഹുമാനപ്പെട്ട കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ജോസ് ബേബി മുഖ്യാതിഥിയായിരുന്നു. തുടർന്ന് കേരള അഹ്മദിയ്യാ ചീഫ് മിഷനറി മൗലാനാ മുഹമ്മദ് ഉമർ പ്രഭാഷണം നടത്തി. എം. അബ്ദുൽ ബശീർ സ്വാഗതവും ഹിദായത്തുല്ല ഖുർആൻ പാരായണവും നടത്തി.

ഇന്ന് നാം സ്വതന്ത്ര ഇന്ത്യയുടെ 60-ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോൾ സ്വതന്ത്ര ഭാരതത്തിന്റെ പുരോഗതിയും ഗുണവും ഇല്ലായ്മ ചെയ്യുന്ന അതിക്രമങ്ങളും സ്ഫോടനാത്മകമായ സ്ഥിതിവിശേഷങ്ങളും നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ സമാധാനപരമായ പ്രവർത്തനങ്ങളിലൂടെ നാടിനും സമൂഹത്തിനും ഗുണപ്രദമായ കാര്യങ്ങൾ ചെയ്യുവാൻ ഉൽപതിഷ്ണുക്കളായ അഹ്മദിയ്യാ

# എൻ. അബ്ദുറഹീം സാഹിബിന്റെ ഫോട്ടോ അനാഛാദനം ചെയ്തു



*കണ്ണൂർ പ്രസ് ക്ലബ്ബിൽ എൻ. അബ്ദുറഹിം സാഹിബിന്റെ ഫോട്ടോ ജില്ലാ കലക്ടർ ഉഷിതാറോയ് അനാഛാദനം ചെയ്യുന്നു. സമീപം എം. അബ്ദുറഹിമാൻ സാഹിബ്*

കണ്ണൂർ : നാൽപതു വർഷക്കാലം 'സത്യദൂതൻ' മാസിക യുടെ പത്രാധിപ സ്ഥാനമലങ്കരിച്ച പരേതനായ ജനാബ് എൻ. അബ്ദുറഹീം സാഹിബ് അഹ്മദിയ്യാ വൃത്തത്തിൽ മാത്രം ഒതുങ്ങിനിന്ന ആളായിരുന്നില്ല! അനേകം സുഹൃത്തുക്കളും ശിഷ്യന്മാരുമുള്ള അദ്ദേഹം കണ്ണൂരിന്റെ പൊതുമണ്ഡലത്തിൽ നിറഞ്ഞുനിന്ന വ്യക്തിപ്രഭാവത്തിന്റെ ഉടമയും കൂടിയായിരുന്നു.

പത്രപ്രവർത്തകൻ, പ്രഭാഷകൻ, പ്രസംഗ പരിഭാഷകൻ, സംഘാടകൻ എന്നീ നിലകളിൽ സമൂഹത്തിൽ അറിയപ്പെട്ട ആ ബഹുമുഖ പ്രതിഭയെ ആദരിച്ചുകൊണ്ട് കഴിഞ്ഞ 25-9-06 ന് കണ്ണൂർ പ്രസ് ക്ലബ്ബിൽ അദ്ദേഹത്തിന്റെ ഫോട്ടോ ജില്ലാ കലക്ടർ ഇഷിതാറോയ് അനാഛാദനം ചെയ്തു. എൻ. അബ്ദുർറഹീം സാഹിബിനെക്കുറിച്ച് പത്രപ്രവർത്തകനും പ്രസംഗകനുമായ എം. അബ്ദുറഹിമാൻ സാഹിബ് അനുസ്മരണ പ്രഭാഷണം നടത്തി. പ്രസ് ക്ലബ്ബ് പ്രസിഡണ്ട് പി. പി. ശശീന്ദ്രന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ചടങ്ങിൽ പ്രസ് ക്ലബ്ബ് വൈസ് പ്രസിഡന്റ് എം. പി. സുകുമാരൻ സ്വാഗതവും ജോ. സെക്രട്ടറി ഒ. സി. മോഹൻരാജ് നന്ദിയും പറഞ്ഞു.

**കെ. പി. അഹ്മദ്**

# ഒന്നും രണ്ടും സ്ഥാനങ്ങൾ കോഴിക്കോടിന്

മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അൻപത് അംഗങ്ങളിൽ കുറവുള്ള ഭാരതത്തിലെ ഏറ്റവും നല്ല മജ്ലിസായി കോഴിക്കോട്ടെ രണ്ടു മജ്ലിസുകളിലൊന്നായ മാത്തോട്ടം ഖുദ്ദാമുൽ അഹ്മദിയ്യാ ഒന്നാം സമ്മാനം നേടി.

കോഴിക്കോട് മജ്ലിസ് അൻസാറുല്ലാഹ് ഭാരതത്തിലെ രണ്ടാമത്തെ ഏറ്റവും നല്ല മജ്ലിസിനുള്ള സമ്മാനം നേടി. മൂന്നാം സ്ഥാനം കരുനാഗപ്പള്ളിക്കാണ്. ഒന്നാം സ്ഥാനം ഖാദിയാനാണ്.

---

ജമാഅത്തിന് കഴിയുമെന്നും അതിന് ഇതുപോലുള്ള സംഗമങ്ങൾ പ്രചോദനമാകുമെന്നും ബഹു: ഡെപ്യൂട്ടി സ്പീക്കർ പ്രസ്താവിച്ചു. ഈ പ്രസ്ഥാനത്തിന്റെ മുൻകാലാനുഭവങ്ങൾ ആ നിലക്ക് വിരൽ ചൂണ്ടുന്നുണ്ടെന്നും ശ്രീ. ജോസ് ബേബി പ്രസ്താവിച്ചു. തുടർന്ന് എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഉന്നത മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് ശ്രീ. ജോസ് ബേബി ക്യാഷ് അവാർഡും വിതരണം ചെയ്തു.

നന്മയിലേക്കും സമാധാനത്തിലേക്കും വിളിക്കാൻ ഒരു യഥാർത്ഥ നേതൃത്വമില്ലാത്ത ഈ കാലഘട്ടത്തിൽ തികച്ചും സമാധാനത്തിലേക്കും നന്മയിലേക്കും നയിച്ചുകൊണ്ടിരിക്കുന്ന ഒരാത്മീയ നേതൃ ത്വം അഥവാ ഖിലാഫത്ത് ആഗോളതലത്തിലുള്ള അഹ്മദികൾക്കുണ്ടെന്നും, ലോക അഹ്മദികൾ ആ ഖിലാഫത്തിന്റെ 100-ാം വാർഷികം 2008 ൽ ആഘോഷിക്കാനുള്ള ഒരുക്കങ്ങളിലും പ്രവർത്തനത്തിലുമാണെന്നും മൗലാനാഖാരി നവാബ് അഹ്മദ് തന്റെ ഉദ്ഘാടന പ്രഭാഷണത്തിൽ പറയുകയും അതിന്നായി കർമ്മ നിരതരാവാൻ അഹ്മദികളോട് ആഹ്വാനം ചെയ്യുകയും ചെയ്തു.

സ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിച്ച മഹാത്മാക്കൾ ഉയർത്തിക്കാട്ടിയ യഥാർത്ഥ മൂല്യങ്ങളിൽ നിന്ന് അകന്നുപോയതാണ് ഇന്നത്തെ ദു:സ്ഥിതിക്ക് കാരണമെന്ന് അമീർ പ്രൊഫസർ അബ്ദുൽ കരീം പറഞ്ഞു. മുസ്ലിം എന്നുപറഞ്ഞാൽ ഭീകരതയുടെ പര്യായമായി മാറികഴിഞ്ഞിരിക്കുന്നുവെന്നും അല്ലാഹുവിന്റെ മാർഗത്തിലുള്ള പരിശ്രമമായ ജീഹാദിനെ തെറ്റായ രൂപത്തിലാണ് സമൂഹം മനസ്സിലാക്കിയിരിക്കുന്നത് എന്നും അദ്ദേഹം പറഞ്ഞു. സമാധാനം എന്നർത്ഥമുള്ള ഇസ്ലാം മതത്തെ ടെററിസം എന്ന വിശേഷണമുണ്ടായതിനു പിന്നിൽ പാശ്ചാത്യർക്കെന്നപോലെ തന്നെ മുസ്ലിംകൾക്കകത്തുള്ള ഉലമാക്കാന്മാരും ഉത്തരവാദികളാണെന്ന് മൗലാനാമുഹമ്മദ് ഉമർ ചൂണ്ടിക്കാട്ടി.

**എം. അബ്ദുൽ മഹീർ**
പ്രസിഡന്റ്, അഹ്മദിയ്യാ
ജമാഅത്ത് അലനല്ലൂർ

●

---

*(38 -ാം പേജിൽ നിന്ന് തുടർച്ച)*

ന്റേയും രണ്ടു മുഖങ്ങളുണ്ടെന്നും സ്വത്വമതം അധികാരം കൈക്കലാക്കാൻ ശ്രമിക്കുന്നതുകൊണ്ട് അവരാണ് മനുഷ്യാവകാശ ധ്വംസനത്തിന്റെ വക്താക്കളെന്നും ഹമീദ് ചേന്ദമംഗലൂർ ചൂണ്ടിക്കാട്ടി. ചിന്താസ്വാതന്ത്ര്യത്തിന്റെ നഗ്നമായ നിഷേധമാണ് മതം മാറുന്നവനെ കൊല്ലുക എന്നത് - ഈ അനീതിക്കതിരെ എല്ലാ പിന്തുണയും കെ.ഇ.എൻ. കുഞ്ഞഹമ്മദ് തന്റെ പ്രസംഗത്തിൽ വാഗ്ദാനം ചെയ്തു. ഇസ്ലാം ശാന്തിയുടെ മതമാണെന്നും മനുഷ്യസ്വാതന്ത്ര്യത്തിന്റെ വക്താക്കളായി ചമയുന്ന അമേരിക്കയെപ്പോലെയുള്ള രാജ്യങ്ങളിലാണ് ഏറ്റവും വമ്പിച്ച മനുഷ്യാവകാശ പീഡനങ്ങൾ നടക്കുന്നതെന്നും അവരാണ് അക്രമങ്ങൾക്ക് നേതൃത്വം നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു. സെമിനാറിൽ കെ.വി. ഈസക്കോയ സാഹിബ് സ്വാഗതവും കെ.വി. ഹസ്സൻ കോയ സാഹിബ് നന്ദിയും പറഞ്ഞു. ടി. അഹ്മദ് സഊദ് സാഹിബ് ഖുർആൻ തിലാവത്ത് നിർവ്വഹിക്കുകയും എം.കെ. അശ്റഫ് സാഹിബ് മൈത്രീഗാനം ആലപിക്കുകയും ചെയ്തു. ●

---

*(37 -ാം പേജിൽ നിന്ന് തുടർച്ച)*

തോടെ അവർക്കുമേൽ സമ്മർദ്ദങ്ങളുണ്ടായി. വിശ്വാസപരമായ പരീക്ഷണങ്ങളാൽ കുടുംബത്തിൽ നിന്ന് ബഹിഷ്കൃതനായ മുഹമ്മദ് മാസ്റ്റർക്ക് അലനെല്ലൂരിലെ പരേതനായ സി. മുഹമ്മദ് സാഹിബ് അഭയം നൽകുകയും, സ്വന്തം മകളെ വിവാഹം ചെയ്തുകൊടുക്കുകയും ചെയ്തു.

അലനെല്ലൂരിൽ താമസമാക്കിയ മുഹമ്മദ് മാസ്റ്റർ സമീപത്തുള്ള എടത്തനാട്ടുകര കൊടിയൻ കുന്നിലെ യു.പി. സ്കൂളിന്റെ സ്ഥാപനവും നടത്തിപ്പ് ചുമതലയും ഏറ്റെടുത്തു. വീടുകൾ തോറും കയറിയിറങ്ങി കുട്ടികളെ സംഘടിപ്പിച്ചുകൊണ്ട് സ്കൂളിന് ശക്തമായ അടിത്തറ പാകി. ഹെഡ്മാസ്റ്ററായിരുന്ന അദ്ദേഹത്തെ ഒരു മാതൃകാ അദ്ധ്യാപകനായിട്ടാണ് ആ നാട്ടുകാർ ബഹുമാനിച്ചിരുന്നത്.

ഹെഡ്മാസ്റ്ററായി റിട്ടയർ ചെയ്ത് വർഷങ്ങൾ പിന്നിട്ടപ്പോൾ കൊടിയൻകുന്ന് യു.പി. സ്കൂൾ ഹൈസ്കൂളായി മാറുകയും, ഉദ്ഘാടന ദിവസം അതിന്റെ സ്ഥാപകസാരഥിയായിരുന്ന മുഹമ്മദ് മാസ്റ്ററെ സ്കൂൾ അധികൃതരും നാട്ടുകാരും ക്ഷണിച്ചുവരുത്തുകയും ബഹുമാനാദരങ്ങൾ അർക്കുകയും ചെയ്തു. ●



*മജ്‌ലിസ് അൻസാറുല്ലാഹ് കോഴിക്കോട് മേഖലയുടെ ആഭിമുഖ്യത്തിൽ കല്പറ്റ ഗവ. ഹോസ്പിറ്റലിൽ തിരുവോണ നാളിൽ ഫ്രൂട്ട് കിറ്റിന്റെ വിതരണം വയനാട് ജില്ലാ ഡി.എം.ഒ. ഡോ. സുജാത നിർവ്വഹിക്കുന്നു. കല്പറ്റ ജമാഅത്ത് പ്രസിഡണ്ട് നസീർ അഹ്‌മദ് സാഹിബ്, എ.എം. മുഹമ്മദ് സലീം സാഹിബ്, അബ്ദുറഹ്‌മാൻ സാഹിബ്, സുലൈമാൻ സാഹിബ് എന്നിവർ സമീപം*

*(30 -ാം പേജിൽ നിന്ന് തുടർച്ച)*

ജനങ്ങൾ തങ്ങളുടെ വാളുകളാൽ വെട്ടിനുറുക്കി. അവരെ ഗളച്ഛേദം ചെയ്തു. അനാഥരായ ബാലകരും അബലകളും അഗതികളുമായ സ്ത്രീകളും തെരുവുകളിൽ ബലിയാടുകളാക്കപ്പെട്ടു. ഈ അവസരങ്ങളിലും അല്ലാഹുവിൽ നിന്നുള്ള താക്കീതായ കല്പന ഈ തിന്മകളെ ഒരിക്കലും എതിർക്കരുത് എന്നായിരുന്നു. ഈ മഹാത്മാക്കൾ പ്രസ്തുത ദൈവകല്പന അക്ഷരംപ്രതി അനുസരിച്ചു കൊണ്ടിരുന്നു. അവരുടെ രക്തത്താൽ തെരുവുകൾ ചുവപ്പുനിറം കൊണ്ടുവെങ്കിലും അവർ പ്രതികരിച്ചില്ല. അവർ ബലിമൃഗങ്ങളെപ്പോലെ അറുക്കപ്പെട്ടിട്ടും അവർ അയ്യോ എന്നു കൂടി പറഞ്ഞില്ല. പരിശുദ്ധാത്മാവായ അല്ലാഹുവിന്റെ സത്യപ്രവാചകന്റെ (സ.അ) മേൽ ഭൂമിയിലും ഉപരി ലോകത്തും ഒരു പാടു സംരക്ഷണം (സലാമത്ത്) ഉണ്ടാകുമാറാകട്ടെ - അദ്ദേഹത്തെ പല പ്രാവശ്യവും കല്ലെറിഞ്ഞു രക്തമയമാക്കുകയുണ്ടായി. എന്നാൽ സത്യതയുടെയും സ്ഥിര ചിത്തതയുടെയും ആ സുശക്ത പർവ്വതം എല്ലാ ദുഃഖങ്ങളെയും വിശാല ഹൃദയത്തോടും സ്നേഹഭാവത്തോടും കൂടി സഹിച്ചുകൊണ്ടിരുന്നു. സഹനശക്തിയും വിനയവും നിറഞ്ഞ ഈ നിലപാടു കാരണം ശത്രുക്കളുടെ എതിർപ്പുകൾ ദൈനം ദിനം അധികരിച്ചുകൊണ്ടേയിരുന്നു. അവർ ഈ പരിശുദ്ധ ജമാഅത്തിനെ തങ്ങളുടെ വേട്ടമൃഗമായി കരുതിക്കൊണ്ടിരുന്നു. അപ്പോൾ ഭൂമിയിൽ അതിക്രൂരവും നിർദ്ദയവും ആയ അതിക്രമങ്ങൾ അധികരിക്കരുതെന്നു കരുതിയ അല്ലാഹു ഈ മർദ്ദിതരും ദ്രോഹിതരുമായ തന്റെ ദാസന്മാരെ ഓർമ്മിച്ചു. അവന്റെ കോപാഗ്നി ഈ അക്രമകാരികൾക്കെതിരിൽ കത്തി ജ്വലിച്ചു. അവൻ തന്റെ പരിശുദ്ധ കലാം ആയ ഖുർആൻ മുഖേന ഇപ്രകാരം അറിയിച്ചു: നിങ്ങളോടു ചെയ്യപ്പെടുന്ന അതിക്രമങ്ങൾ എല്ലാം തന്നെ ഞാൻ കാണുന്നു. ഞാൻ ഇന്നു മുതൽ നിങ്ങൾക്ക് അവരെ പ്രതിരോധിക്കുവാനുള്ള അനുവാദം തന്നിരിക്കുന്നു. സർവ്വശക്തനായ ഞാൻ ഈ അക്രമികളെ ശിക്ഷ നൽകാതെ വിട്ടുകളയുന്നതല്ല. ഈ കല്പനയാണ് മറ്റുവാക്കിൽ ജിഹാദ് എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നത് ഈ കല്പനയുടെ യഥാർത്ഥ വചനങ്ങൾ വിശുദ്ധ ഖുർആനിൽ ഇന്നും നിലകൊള്ളുന്നു.

അതായത്, വധിക്കപ്പെടുകയും തങ്ങളുടെ നാട്ടിൽ നിന്നും ഒരു കാരണവുമില്ലാതെ നിഷ്ക്കാസനം ചെയ്യപ്പെടുകയും ചെയ്യുന്നവരുടെ പരാതി കേട്ടു. അതനുസരിച്ച് അവർക്ക് പ്രതിരോധിക്കുവാനുള്ള അനുവാദം നൽകപ്പെട്ടിരിക്കുന്നു. മർദ്ദിതരായ ജനങ്ങളെ സഹായിക്കുവാൻ അല്ലാഹു ശക്തിയുള്ളവനാകുന്നു. (22:40)

(തുടരും)

---

നേരത്തേ നിര്യാതയായ അദ്ദേഹത്തിന്റെ ഭാര്യ ഖദീജ എന്റെ മൂത്ത സഹോദരിയാണ്.

മക്കൾ : സാഹിറ, റഷീദ, ഹസീന, നുസ്‌റത്ത്, റസീന, സാജിദ, അൻവർ അഹ്‌മദ്, മൻസൂർ അഹ്‌മദ്, മുനീർ അഹ്‌മദ്, മരുമക്കൾ: ഹനീഫ് അഹ്‌മദ് (കൂട്ടാളി) മുഹമ്മദ് ഇസ്മയിൽ (മുറിയക്കണ്ണി) കെ. ബശീർ അഹ്‌മദ് (മുറിയക്കണ്ണി) നാസിർ അഹ്‌മദ് (കൊച്ചി) ഇംതിയാസ് (കൊച്ചി) അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**സി.എം. ഹസ്സൻ, പ്രസിഡണ്ട്**
**ജമാഅത്ത് അഹ്‌മദിയ്യാ, കൂടാളി**

*All Kind of ready - mades and Ladies wears*





# AL - MALABIS

R E A D Y W E A R S

M.A. Road, Opp. Railway Station, Kannur- 670 001.
Ph 0497 3253349, Mob : 9447954660

Prop. : Abdurahman



# Thahir Stores

(Footwear Dealers)

Kalpetta, Waynad Dt., Ph : 04936 324664